KOTTAYAM PUBLIC LIBRARY

Call No MF9 Acc. No 9605

Author ശ്രീരഞ്ജനൻ കിളിമാനൂർ

Title ശബ്ദിക്കുന്ന കണ്ണുകൾ

Kottayam Public Library
KOTTAYAM.
KERALA

# ശബ്ദിക്കുന്ന കണ്ണുകൾ

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

പ്രസാധകർ:
പ്രഭാതം പ്രിൻറിംഗ് & പബ്ളിഷിംഗ് കമ്പനി
(പ്രൈവററ്) ലിമിററഡ്.

# ശബ്ദിക്കുന്ന കണ്ണുകൾ

(ചെറുകഥകൾ)

കിളിമാനൂർ ശ്രീരഞ്ജനൻ

പ്രഭാത് ബുക്ക്ഹൗസ്, എറണാകുളം

1956

ഒന്നാം പതിപ്പ് .... .... സെപ്തംബർ 1956

പകർപ്പവകാശം ഗ്രന്ഥകാരന്

MF9

വില—1 ക.

അച്ചടി: പരിഷണ്മുദ്രണാലയം, എറണാകുളം. കോപ്പി 1000

# കഥകൾ


തേനില്ലാത്ത തുമ്പികൾ

ഞങ്ങളൊന്നാണ്

സുഷമ

പ്രേമവും താലിയും

പോലീസ് ഇൻസ്പെക്ടറുടെ ഭാര്യ

ബേബിയക്കൻ ജയിക്കട്ടെ!

ശബ്ദിക്കുന്ന കണ്ണുകൾ

# തേനില്ലാത്ത തുമ്പികൾ

ആശകളുടെയും പ്രതീക്ഷകളുടെയും ഇഴകളോരോന്നും പൊട്ടിവീണു. മകനെ പഠിപ്പിക്കാൻവേണ്ടി കെട്ടുതാലിയും ആരോഗ്യവും പണയപ്പെടുത്തിയ അമ്മ കിടപ്പിലായി. ചേട്ടന്റെ ഉയർച്ചയിൽ സ്വന്തം ജീവിതം അർപ്പിച്ചുകൊണ്ട്, ഭാവിയിൽ പൊൻകിനാവുകൾ വിരിയുന്ന നേരവും കാത്ത് കുഞ്ഞിക്കൈയ്കൾകൊണ്ട് യന്ത്രവേഗതയിൽ പണിയെടുത്ത കൊച്ചനിയത്തി പൊട്ടിക്കരഞ്ഞു. തകർന്നുവീണ മനോരാജ്യങ്ങളുടെ കഷണങ്ങൾ, ഹൃദയം പിഴിഞ്ഞൊഴുകുന്ന വേദനയുടെ കണ്ണുനീരിൽ അലിഞ്ഞുചേർന്നു.

പഠിത്തം കഴിഞ്ഞു ഞാൻ വീട്ടിലെത്തിയപ്പോൾ അമ്മയും സഹോദരിയും തങ്ങളാൽ കഴിയുന്നവിധം വണ്ണപ്പകിട്ടോടെ ആശാസൗധങ്ങൾ പണിതുയർത്തിയിരുന്നു. ലോകത്ത് അവർക്കു കൊള്ളാമെന്നു തോന്നിയ ഉദ്യോഗങ്ങൾക്കെല്ലാം എന്തു യോഗ്യത വേണമെന്നന്വേഷിച്ച്—അതിൽ ഏതു ഉദ്യോഗത്തിൽ ഞാൻ പോകണമെന്നുവരെ തീർച്ചപ്പെടുത്തിയിരുന്നു. വില തന്നു മേടിച്ചുപോയ കാരണംകൊണ്ടു് താമസിക്കുന്ന വീട്ടിലും പുരയിടത്തിലും വന്ന് ആവശ്യമില്ലാത്ത അധികാരവും ധിക്കാരവും കാണിക്കുന്ന ഉടമസ്ഥനെ നിലയ്ക്കു നിർത്താൻ ചേട്ടൻ പൊലീസ് ഇൻ

സ്പെക്ടർതന്നെ ആവണമെന്നാണ് കൊച്ചനുജത്തിയുടെ നിർബ്ബന്ധം. ഉദ്യോഗലോകത്തെപ്പററി വിവരമില്ലാത്ത ആ പൊട്ടിപ്പെണ്ണിനെ തല്ക്കാലം നിരാശപ്പെടുത്താതിരിക്കാൻ വേണ്ടി, പൊലീസ് ഇൻസ്പെക്ടർ ഉദ്യോഗത്തിൻെറ പോരായ്മകളെപ്പററി ഞാനൊരു പ്രസംഗംതന്നെ നടത്തി. ആരും കിടുകിട വിറച്ചുപോവുന്ന ആ ഉദ്യോഗത്തെ ഞാൻ വെറുക്കുന്നതു് ആ കുരുന്നു ഹൃദയത്തിനു സഹിച്ചില്ല. ദേഷ്യവും സങ്കടവും മൂത്തപ്പോൾ ആ നിർബ്ബന്ധക്കാരി ഉപവാസം തുടങ്ങി. അതിനു മറെറാരു കാരണവും കൂടെയുണ്ടു്. അവൾ ചില അടുത്ത കൂട്ടുകാരോടു പറഞ്ഞുപോയത്രെ— ഒരു കൊല്ലംകൂടെ കഴിയുമ്പോൾ സ്ഥലത്തെ ഇൻസ്പെക്ടർ ചേട്ടനാവുമെന്നു്. ഒടുവിൽ അവളുടെ ഉപവാസം അവസാനിപ്പിക്കാൻവേണ്ടി എനിക്കവളുടെ മുമ്പിൽ ഒരു പൊലീസ് ഇൻസ്പെക്ടർതന്നെ ആകേണ്ടിവന്നു.

ഒരു ഉദ്യോഗവും കിട്ടുക എളുപ്പമുള്ള കാര്യമല്ലെന്നെനിക്കറിയാം. കൈയ്ക്കൂലിയിലും ശുപാർശയിലും എനിക്കു മററാരേയും ജയിക്കാനാവില്ല. വീട്ടിൽ എനിക്കു മാത്രമറിയാവുന്ന ഇക്കാര്യം ഒരു വലിയ രഹസ്യമായി സൂക്ഷിച്ചിട്ടു് ഞാൻ ഉദ്യോഗത്തിനപേക്ഷകളയച്ചു. കിട്ടുകയില്ലെന്നറിയാമെങ്കിൽക്കൂടി, അപേക്ഷകളയയ്ക്കുക തൊഴിലിന്നു വേണ്ടി ദാഹിക്കുന്നവർക്കൊരു സുഖമാണു്. സക്കാരിന്നും മററു നാടൻ തൊഴിൽശാലകൾക്കും എൻെറ ഹരജികൾ പലതും ചെന്നു. എൻെറ ഹരജി കിട്ടിയിട്ടുണ്ടെന്നറിയിക്കുന്ന സാമാന്യമര്യാദപോലും ആരും ചെയ്തതായോർമ്മയില്ല. ഒഴിവുണ്ടാവുന്നിടത്തൊക്കെ തന്നതാൾക്കാരെ നിശ്ചയിച്ചുകൊണ്ടു് അപേക്ഷകൾ വിളിക്കുന്ന സക്കാരിൻെറ ഏർപ്പാ

ടിൽ എനിക്കു നേരമ്പോക്കും സഹതാപവുമല്ലാതെ മററൊന്നും തോന്നിയില്ല. എനിക്കു വേദന തോന്നിയതു്, അനിയത്തി കരളുകലക്കെ വേലയെടുക്കുന്നതിൻെറ ഫലം ഞാനിങ്ങനെ അപേക്ഷകളയക്കാൻകൂടെ കളഞ്ഞതിലാണു്.

ഞാൻ അടങ്ങിയില്ല. തൊഴിൽശാലകളിലെല്ലാം കയറിയിറങ്ങിയാൽ അതും ഒരു പരീക്ഷണമാണല്ലൊ. എനിക്കെത്താൻ കഴിയുന്ന വൃത്തത്തിനകത്തു് ഒരു കമ്പനിയും ഒഴിച്ചില്ല. എനിക്കുവേണ്ടി ഒരു വാതിലും തുറന്നില്ലെന്നു മാത്രമല്ല, എല്ലാം മുറുകെ അടഞ്ഞു.

പരീക്ഷണങ്ങളെല്ലാം കഴിഞ്ഞു. എന്തുമാത്രം ആശിച്ചെന്നും എത്രയധികം നിരാശപ്പെട്ടെന്നും അമ്മയ്ക്കും അനിയത്തിക്കും മാത്രമറിയാം. കഫം തൊണ്ടയിൽ കുരുങ്ങി അമ്മ ചുമയ്ക്കുന്നതു കേട്ടാൽ, അവരുടെ ആരോഗ്യത്തിനുത്തരം പറയേണ്ട എനിക്കു് പ്രതിക്കൂട്ടിൽ നില്ക്കുന്ന കൊലക്കുററക്കാരനെപ്പോലെ ഒരു സഹികേടുണ്ടു്. എൻെറ തങ്കക്കുട്ടിയുടെ കുരുന്നു കൈയ്കൾ ഉലക്കപിടിച്ചു ജീവിതസമരം നടത്തുമ്പോൾ, എൻെറ കരളിനു അസഹ്യമായ കഴപ്പുണ്ടു്. പൗരുഷം മുഖത്തു കാർക്കിച്ചു തുപ്പുമെങ്കിലും ആ അദ്ധ്വാനത്തിൻെറ നല്ലൊരംശം ഞാനാണു പററിത്തീർക്കുക! പട്ടുപാവാടയും പവൻമാലയും ഒന്നും എൻറനിയത്തി ആശിച്ചില്ല. അവൾക്കു ചേട്ടൻെറ മനസ്സിന്നിണങ്ങിയ ഒരു ചിരി മാത്രം മതി.

വെളിയിൽ എനിക്കു ധാരാളം കൂട്ടുകാരും പരിചയക്കാരുമുണ്ടു്. എനിക്കർഹതയില്ലാത്ത സുഖസൗകര്യങ്ങളിൽ പെട്ടു ഞാൻ വീർപ്പു മുട്ടിയിട്ടുള്ള നിമിഷങ്ങളുണ്ടു്.

പക്ഷെ, എൻെറ ഉള്ളിൽ എരിയുന്ന വേദനയുടെ ചൂട റിയാൻ ശേഷിയുള്ള ഒരു മുഖവും എനിക്കു കാണാൻ ക ഴിഞ്ഞിട്ടില്ല. കടുത്ത വിരോധാഭാസമായി തോന്നിയിട്ടുണ്ട് ഇതു പലപ്പോഴും.

ജീവിതം എൻെറ നേർക്കെറിഞ്ഞിരിക്കുന്ന ഈ ക ഠിനമായ പ്രശ്നം എങ്ങനെ നേരിടണമെന്നാലോചിച്ചു വശംകെട്ടിരിക്കുമ്പൊഴാണ് ഒരു കാർഡു കിട്ടുന്നതു്—ആ ഫീസിൽ ഉണ്ടെന്നറിഞ്ഞ ഒരൊഴിവിന് ഞാനയച്ച അപേ ക്ഷയെ പരിഗണിച്ച് എന്നെ ഒരു കൂടിക്കാഴ്ചയ്ക്കു ക്ഷ ണിച്ചിരിക്കുന്ന കാർഡ്. ഞാൻ കുറച്ചൊന്നാഹ്ളാദിച്ചെ ന്നതു സത്യമാണ്. ഇൻററർവ്യൂവിനു പോകേണ്ട ആ പട്ടണ ത്തിൽ എനിക്കു മററും ആവശ്യമുണ്ട്. ഞാൻ പതിവാ യെഴുതുന്ന ഒരു പത്രം അവിടെയാണ്, എന്തെങ്കിലും കി ട്ടാതെ വരില്ല. പിന്നെ, അഡ്വാൻസ് തന്ന് ഒരു പുസ്തകം അച്ചടിക്കാൻ മേടിച്ച പ്രസിദ്ധീകരണക്കാരെയും കാണേണ്ട തുണ്ട്.

നിശ്ചിതദിവസം ഞാൻ നേരത്തെ പുറപ്പെട്ടു. റയിൽ വേസ്റ്റേഷനിൽ ഒരു ബുൾബുൾക്കാരനെ പൊതിഞ്ഞുനില്ക്കു ന്ന ഒരു വലിയ ജനക്കൂട്ടം. അടുത്തപ്പോൾ, വേദനകൊണ്ടു സഹികെട്ട എൻെറ ഹൃദയത്തിലും ആ ബുൾബുൾതരംഗ ത്തിൻെറ അലകൾ ചലനമുണ്ടാക്കി. അയാൾ പാടുന്നില്ല. പക്ഷെ, മറെറാരു സംഗീതോപകരണത്തിനും ജയിക്കാൻ കഴിയാത്തവണ്ണം ആ ശബ്ദം മേളിക്കുകയാണ്. ബുൾബുൾ വായനയിൽ അസാമാന്യമായ കഴിവു കാണിക്കുന്ന ആ മനുഷ്യനെ ജനക്കൂട്ടത്തെ തള്ളിമാററി ഞാനൊന്നു നോക്കു

കണ്ടു. ഒരു പയ്യനാണ്—എനിക്കറിയാവുന്ന ഒരു പയ്യൻ. എൻെറ സ്നേഹിതൻ ഒരു കഥാപ്രസംഗക്കാരനുണ്ട്. അദ്ദേഹത്തിൻെറ പാർട്ടിയുടെ ഒരംശമാണത്. പാർട്ടി നടക്കുമ്പോഴ് അയാൾക്കു കിട്ടിയിട്ടുള്ള പൂമാലകൾക്കു കണക്കില്ല. കഥാപ്രസംഗത്തിൻെറ കാലമല്ലാത്തതുകൊണ്ട് അയാൾ തെണ്ടുകയാണ്. ആ മുമ്പിൽ കിടക്കുന്ന തുണിയിൽ നാലഞ്ചു കാലണത്തുട്ടുകളുണ്ട്. എനിക്കു ട്രയിൻ വന്നു. അയാൾ കാണാതെതന്നെ ഞാൻ വണ്ടി കയറി.

ട്രയിൻ പുറപ്പെടാഞ്ഞിട്ടിരുന്ന ഒരു പാട്ടുയരാൻ. ശബ്ദം കേട്ടപ്പോൾതന്നെ എനിക്കാ പാർട്ടിയെ മനസ്സിലായി. ഇരട്ടപെററെന്നു തോന്നുന്ന രണ്ടു കണ്ണുപൊട്ടിയ സഹോദരന്മാരും, അവരെ പിടിച്ചു നടത്തുന്ന ഒരു കൊച്ചു സഹോദരിയും. അവർ പതിവായി ട്രെയിനിൽ തെണ്ടുന്നവരാണ്.

"വിശന്ന ജീവിതം നമുക്കു പലനാൾ
മുഷിഞ്ഞ കേരളം വല്ലാതെ........"

എന്നു തുടങ്ങുന്ന പാട്ട്, സുഖിച്ച സ്ത്രീകളും കുട്ടികളും ആഹാരത്തിനുവേണ്ടി നിലവിളിക്കുന്നെന്നും കരിഞ്ചന്തയിലെ മുതലുകൊണ്ട് മുതലാളി ഭീമമായ ഒരു മാളികയും മററു സുഖസൗകര്യങ്ങളുമുണ്ടാക്കി സുഖിക്കുന്നെന്നും മററുമുള്ള സമൂഹത്തിലെ ക്രമക്കേടുകൾ വിവരിച്ചിട്ട് ഒരു വിപ്ലവത്തിലേയ്ക്കു ജനങ്ങളെ ആഹ്വാനം ചെയ്തവസാനിക്കുകയാണ്. ക്രമക്കേടുകളുടെ പട്ടിക പൂർണ്ണമല്ലെന്നും ഇനിയും പലതും അതിൽ വേണ്ടിയിരുന്നെന്നും എനിക്കു തോന്നി. പാട്ട് അവസാനിക്കാറായപ്പോഴേയ്ക്കു് എല്ലാ യാത്രക്കാരുടെയും

മുമ്പിൽ ആ പാവാടക്കാരിയുടെ കുഞ്ഞിക്കൈകൾ നീണ്ടു. എൻെറ മുമ്പിലും അവളുടെ കൈകൾ വന്നു. വളരെ അസുഖത്തോടെയാണെങ്കിലും എനിക്കു കൈമലർത്താനേ കഴിഞ്ഞുള്ളു. അവളെന്നെ സൂക്ഷിച്ചുനോക്കി—കാലണവീതം കൊടുത്ത രണ്ടോ മൂന്നോ പേർ കഴിച്ചാൽ, ആ മുറിയിലെ ബഹുഭൂരിപക്ഷം കൈമലർത്തികളേയും നോക്കാത്ത ഒരു നോട്ടം. കൊടുക്കാൻ കഴിവുള്ള ഞാൻ മനഃപൂർവ്വം കൊടുക്കാതിരുന്നതാണെന്നാണ് ആ പെണ്ണിൻെറ ധാരണ. ഞാൻ എൻറനിയത്തിയുടെ കൈയ്ക്കുപിടിച്ച് തെണ്ടാനിറങ്ങിയില്ലെന്നേയുള്ളു എന്ന് ആ പെണ്ണിനറിയില്ല. അവർ മറഞ്ഞപ്പോൾ ഞാനാ പെൺകുട്ടിയെപ്പററി ചിന്തിച്ചു. കൗമാരത്തിൻെറയും യൗവ്വനത്തിൻെറയും ഇടയ്ക്കു നില്ക്കുന്ന അവളുടെ വസൂരിക്കുത്തുള്ള മുഖത്ത് സൗന്ദര്യം പൊട്ടിപ്പൊട്ടി വിടരുകയാണ്. മനുഷ്യമാംസം തീനികളെക്കൊണ്ടു മുടിഞ്ഞ ഈ നാട്ടിൽ അവളെങ്ങിനെ ആ കഴുകന്മാരുടെ കൈയ്ക്കു സുരക്ഷിതമായിരിക്കുമെന്നതിനെക്കുറിച്ചാണു ഞാൻ ചിന്തിച്ചുപോയതു്. എനിക്കിറങ്ങേണ്ട സ്റ്റേഷനിൽ വണ്ടിനിന്നു—ഞാനിറങ്ങി.

ആഫീസിൽ എത്തേണ്ട സമയമായതുകൊണ്ട് ഞാൻ മററൊന്നിനും നിന്നില്ല. അവിടെ ആഫീസിൽ പത്തിരുന്നൂറാളുകൾ—സ്ത്രീകളും പുരുഷന്മാരും—സർട്ടിഫിക്കററുകളുമായി ഇൻറർവ്യൂസമയം കാത്തു കിടക്കുന്നു. ഒരൊഴിവിനുവേണ്ടി അത്രയും ആളുകളെ നിസ്സാരമായി വിളിച്ചുകൂട്ടിയവരോടും ഒരൊഴിവുണ്ടെന്നു കേട്ടപ്പോൾ അത്രയുംപേർ ഓടിക്കൂടാനുണ്ടായ പരിതസ്ഥിതിയോടും എനിക്കു കടുത്ത അമർഷം തോന്നി.

കൃത്യസമയത്തിന്ന ഇൻററർവ്യൂ ആരംഭിച്ചു. എന്തായാലും ആ പ്രഹസനം കണ്ടിട്ടുതന്നെ മടങ്ങാമെന്നു കരുതി നിന്നു. ദിവസവും വായിക്കുന്ന പത്രം, അതു് അച്ചടിക്കുന്ന പ്രസ്സ്, കൊച്ചിയിൽനിന്നു ചാലക്കുടിക്കുള്ള ദൂരം തുടങ്ങി ഉദ്യോഗാർത്ഥികളോടു ചോദിക്കുന്ന ചോദ്യങ്ങൾകൂടെ കേട്ടപ്പോൾ എനിക്കു തോന്നി ഉദ്യോഗം കൊടുക്കാതിരിക്കുന്നതിനു പുറമെ വിളിച്ചു വരുത്തി അപമാനിക്കുകകൂടിയാണെന്ന്. കൂട്ടത്തിൽ ഞാനും ഇൻറർവ്യൂവിന്ന വിളിക്കപ്പെട്ടു. ഇതൊരവസരമാക്കിക്കൊണ്ടു് എനിക്കൊരു ജോലി കിട്ടേണ്ട അത്യാവശ്യത്തെപ്പററിയും മററും വിസ്തരിച്ചുപറഞ്ഞു് ഞാനൊരു കടന്നാക്രമണംതന്നെ നടത്തി. എൻെറ ദുസ്ഥിതികളെപ്പററി ശരിക്കും മാനേജരെ കേൾപ്പിച്ചു. അദ്ദേഹം എന്നോടലിഞ്ഞുചേരുന്നതുപോലെ തോന്നി. പക്ഷെ, പെട്ടെന്നദ്ദേഹം എന്തോ ഓർത്തിട്ടെന്നപോലെ എന്നോടു തോന്നിയ അലിവുകളെല്ലാം വററിച്ചിട്ടു്, ഇങ്ങനെ പറഞ്ഞു:

“ഞാനെന്തു ചെയ്യാൻ മിസ്റ്റർ. യാതൊരു നിവൃത്തിയുമില്ല...ഇല്ല...”

അർഹതയുടേയും യോഗ്യതയുടേയും നേരെ അങ്ങനെയൊരു നിവൃത്തികേടു വന്നപ്പോൾ എൻെറ ധമനികളിലെങ്ങും ചോര ഊക്കോടെ വന്നിടിക്കുകയായിരുന്നു. എല്ലാം അടക്കി ഞാൻ പുറത്തിറങ്ങി—കാത്തിരിക്കാതെ ഫലംകൂടെ അറിഞ്ഞതിലുള്ള ലേശം തൃപ്തിയോടെ.

ഞാൻ പ്രസിദ്ധീകരണശാലക്കാരെ കാണാൻ പോയി. രൂപ തന്നു തീർക്കുവെന്നും പുസ്തകം വിററു തീർന്നിട്ടില്ലത്രെ. ഞാൻ നിർബ്ബന്ധിച്ചടിപ്പിച്ചതാണ്. വിററു തീ

ന്നിട്ടും ബാക്കി തരില്ലെന്നു പറഞ്ഞാൽ ഞാൻ കേൾക്കേണ്ടതാണു്. ഇത്രയുമായപ്പോൾ പത്രംആഫീസിൽ കയറണ്ടെന്നു തന്നെ വച്ചു. മുമ്പൊരു പത്രാധിപരെ കണ്ട രംഗം പെട്ടെന്നെനിക്കോർമ്മവന്നു. അദ്ദേഹം ഫയലുകൾ നിവർത്തി കാണിച്ചിട്ട പറഞ്ഞിതിങ്ങനെയാണു്:

"നോക്കണം സർ, നല്ല ഒന്നാന്തരം കലാസൃഷ്ടികൾ; പ്രസിദ്ധീകരിച്ചു കാണാൻ ആഗ്രഹിച്ചുകൊണ്ടുമാത്രം അയയ്ക്കുന്നതാണിതെല്ലാം...."

സ്വന്തം കഴിവുകളെപ്പററി ബോധ്യമില്ലാത്ത സഹപ്രവർത്തകരെപ്പററി ഇനിയും അങ്ങനെ കേൾക്കുക എനിക്കസഹ്യമാണു്. മാത്രവുമല്ല, എനിക്കൊരു ദൂഷ്യമുണ്ടു്: നിമിഷങ്ങളിടവിട്ടു്, പരാജയമുണ്ടായാൽ അസഹ്യമായൊരു ക്ഷീണം തോന്നും. ആ ക്ഷീണം, എന്നെ ജീവിതവുമായി ബന്ധപ്പെടുത്തുന്ന ഇഴകളെ ദുർബ്ബലമാക്കുമെന്നും എനിക്കു ഭയമുണ്ടു്. ഞാൻ റയിൽവേസ്റ്റേഷനിലേയ്ക്കുതന്നെ മടങ്ങി. അവിടെ ഒരു പുസ്തകക്കച്ചവടക്കാരൻ പയ്യൻ ഉറക്കെ വിളിച്ചു നടക്കുന്നു:

"ചെറുകഥകൾ, 'കാട്ടുരാജാവു്' വെറും രണ്ടണ സർ, രണ്ടണ." ഞാനയാളുടെ പക്കൽനിന്നൊരു പുസ്തകം തുറന്നുനോക്കി. നൂററിപ്പത്തു പേജിൽ അഞ്ചു ചെറുകഥകളുടെ സമാഹാരം. നല്ല പുറംകവർ. ഒരു കൊല്ലമെ പഴക്കമുള്ളു. പന്ത്രണ്ടണ വിലയിട്ടിരിക്കുന്നു. സാമാന്യം നല്ല പേരെടുത്തിട്ടുള്ള ഒരു ഗ്രന്ഥകാരൻ. എന്നിട്ടും പഴയ പേപ്പർ തൂക്കിവില്ക്കുന്ന വിലയ്ക്കു് അതു വില്ക്കേണ്ടിവരുന്ന സാഹചര്യത്തെക്കുറിച്ചു ഞാനാലോചിച്ചുപോയി. കുറെ അധി

കം പുസ്തകം അവനെ ഒരാൾ ഏല്പിച്ചിരിക്കയാണെന്നും ഏല്പിച്ചിട്ട വളരെ ദിവസമായെന്നും ഒരെണ്ണംപോലും വി ല്ക്കാൻ കഴിഞ്ഞില്ലെന്നും ഞാൻ ചോദിച്ചറിഞ്ഞു. ജീവിത ത്തിൽ കാണുന്ന വൈവിദ്ധ്യങ്ങളേയും വൈരുദ്ധ്യങ്ങളേയും നിർവികാരമായിമാത്രം കാണാൻ ശീലിച്ചുവരുന്ന ഞാൻ നിർവികാരനായിത്തന്നെ നിന്നു. എനിക്കതിൻെറ നേര മ്പോക്കു മനസ്സിലായില്ല. എന്തായാലും ഒരു കാര്യം തീ ച്ച്. സാഹിത്യവും സാഹിത്യകാരനും, കലയും കലാകാരനും ഇത്രയും ആദായവിലയ്ക്കു കിട്ടുന്ന ഒരു രാജ്യം ഈ ദുനി യാവിൽ വേറെ കാണില്ല. ഞാനൊരു പുസ്തകം മേടിച്ചതു് ആ പയ്യൻ വിററ ആദ്യത്തെ പുസ്തകമാണ് — പ്രതീക്ഷ അ വസാനത്തേതുമായിരിക്കും.

ട്രയിനിൽ കയറി. എണ്ണമററ വേദനകളെ മറക്കാൻ ശ്രമിച്ചുകൊണ്ടു് ഞാനാപുസ്തകത്തിൽ നോക്കിയിരുന്നു. എ ത്രയോ സ്റ്റേഷൻ കടന്നപ്പോൾ ആ പതിവു പാട്ടുകാരുടെ തൊണ്ടയിൽ നിന്നു മറെറാരു ഗാനമുയന്നതു് എന്നെ കുലു ക്കി ഉണത്തി. ഉണത്തുപാട്ടുകൾ! ഞാൻ തരിച്ചിരുന്നുപോ യി. അറിയപ്പെടാത്ത ഗാനരചയിതാക്കളും ഗായകരും! ജനങ്ങൾക്കെതിരായി, പുതിയ സക്കാരിൻെറ ചെയ്തികളും മററു ദുരിതങ്ങളും എണ്ണിയെണ്ണി പറഞ്ഞിട്ട് ഒരു വെല്ലു വിളിയോടെ ആ പാട്ടവസാനിച്ചു. ഉശിരൻ തൊണ്ടയിൽ നിന്നിറങ്ങുന്ന ഉശിരൻ ഗാനങ്ങൾ. എന്നെ തൊട്ടിരിക്കു ന്ന മററാളുകളോടൊക്കെ ചോദിച്ചിട്ടും ഇത്തവണ ആ പെ ണ്ണിൻെറ കൈകൾ എൻെറ നേക്കുമാത്രം നീണ്ടില്ല. എന്തെ ല്ലാമോ സഹിച്ചടക്കുന്ന വീത്തുമുഖവുമായി അവൾ കടന്നു

പോയി—എനിക്ക് എറംക്കേണ്ടി വന്നിട്ടുള്ളതിൽവെച്ച് ഏററവും ശക്തിയായ പ്രഹരം!

ഞാൻ ട്രയിനിൽനിന്നിറങ്ങിനടന്നു. മരുന്നു വില്പനക്കാരൻ "ഒരു വായാടി മജീദിൻെറ" പ്രസംഗവും അവിടെ കൂടികിടക്കുന്ന ആളുകളേയും മറികടന്നു ഞാൻ നടന്നു. കുറെചെന്നപ്പോൾ ഒരു മുത്തച്ഛൻ ഓടക്കുഴലിലൂടെ ചൂളം കുത്തുന്നു. ഒരു പെൺകുട്ടി അതിൻെറ താളത്തിനൊത്തു മനോഹരമായി നൃത്തം വയ്ക്കുന്നു. ഒരു നിമിഷം ഞാനതു നോക്കിനിന്നുപോയി. യാതൊരു ശിക്ഷണവും നിയന്ത്രിച്ചിട്ടില്ലെന്നു തോന്നുന്ന ആ ചുവടുകൾ എത്ര ഹൃദ്യമാംവണ്ണം നീങ്ങുന്നു. എന്നെ കണ്ടയുടനെ അവളുടെ വളയിട്ട കൈയ്കൾ ആദ്യം എൻെറ നേക്ക് കൂപ്പി; രണ്ടാമതു നീട്ടി. വ്യസനിക്കുന്നു എന്ന ഭാവത്തിൽ ഞാൻ മുമ്പോട്ടു നടന്നു. അവൾ പാഞ്ഞു മുമ്പേ കയറി, എനിക്കഭിമുഖമായി നിന്ന് എൻെറ മുഖത്ത് ദൃഷ്ടിയുറപ്പിച്ച് തമിഴിൽ 'പേശി'യതിൻെറ ഉള്ളടക്കമിതാണ്:

സാറെ, സാറിനെപ്പോലെ കണ്ണടയും ബുഷ്ഷർട്ടുമൊക്കെ ധരിച്ചു നടക്കുന്ന 'പെരിയ' ആളുകൾ ഇങ്ങനെയായാൽ ഞങ്ങളെപ്പോലുള്ളവരൊക്കെ എന്തു ചെയ്യും സാർ? എങ്ങനെ ജീവിക്കണം?

ചോദ്യമായിരുന്നു അത്, മനുഷ്യത്വത്തെ തൊട്ടുകളിക്കുന്ന ചോദ്യം—ഉത്തരം പറയാതെ കടന്നുപോവാൻ വയ്യാത്ത ചോദ്യം. പക്ഷെ, എൻെറ സമാധാനത്തിനുപോലും കാത്തുനില്ക്കാതെ ആ തൻേറടക്കാരി തീക്ഷ്ണമാ

യ ഒരു നോട്ടവും നോക്കി തിരിഞ്ഞു നടക്കുകയാണുണ്ടായ ത്. ട്രയിനിൽവച്ചേററ നോട്ടത്തിനോടൊപ്പമോ ക്രൂരതലോ കൂട്ടുണ്ടായിരുന്ന അതിന്. ഇതുകൊണ്ടൊന്നും ക്ഷീണിക്കു ന്നവനല്ല ഞാനെന്ന ഭാവത്തിൽ ചുററും നിന്നവരെ നോ ക്കി ഒരു പച്ചച്ചിരിയും ചിരിച്ച് ഞാൻ നടന്നുതുടങ്ങി.

വീട്ടിലേയ്ക്കാണു പോകുന്നതെന്നോർത്തപ്പോൾ ഞാനാ കെ പരവശനായിരുന്നു. എൻെറ യാത്രയുടെ ഫലം എ ങ്ങനെയായി എന്നറിയാൻ കാത്തിരിക്കുന്ന അമ്മ. ചേട്ട ൻെറ മുഖത്ത് ചിരിയുണ്ടോ വേദനയുണ്ടോ എന്നറിയാൻ മാത്രം ഉററുനോക്കിക്കൊണ്ടിരിക്കുന്ന അനിയത്തി. എൻെറ കരിഞ്ഞ മുഖം കണ്ടാൽ അവിടെ എന്തൊക്കെയുണ്ടാവുക യില്ല. കരളിൽ പലപ്പോഴായിപ്പററിയ മുറിവുകളിൽനി ന്നെല്ലാം ചോരയും വേദനയും പൊടിയുന്നു. തലക്കുള്ളിൽ ഒരു സ്വസ്ഥതയോ സ്ഥിരതയോ കിട്ടാതെ ചിന്തകൾ ഇള കിമറിയുന്നു. അങ്ങനെ വേച്ചു വേച്ചു നടന്നപ്പോഴാണ് ത പാൽ ശിപായിയെ കണ്ടത്. എനിക്കുള്ള കത്തുകൾ ക യ്യിൽതന്നെ ഏൽപ്പിക്കണമെന്നാണ് ഏർപ്പാട്. ആ മറു പടി കവർ ഉണ്ടായിരുന്നു—വളരെ ദിവസങ്ങളായി ഞാൻ കാത്തിരിക്കുന്ന കവറ്. മററു വഴികളെല്ലാം അടഞ്ഞുപോ യപ്പോൾ വിവരങ്ങൾ ചുരുക്കി അറിയിച്ചുകൊണ്ട് കേരള ത്തിലെ ഏററവും വലിയ സാംസ്കാരിക നേതാക്കളിൽ ഒരാളെ, എൻെറ പാകമാകാത്ത ജീവിതം ഏൾപ്പിച്ചി ട്ട് ഞാൻ മറുപടി കാത്തിരിക്കുകയായിരുന്നു. ആ മനുഷ്യ സ്നേഹിയുടെ വലിയ ഹൃദയത്തിൻെറ പകർപ്പാണ് എനി ക്കു കിട്ടിയത്. വായിച്ചു തീർന്നപ്പോൾ എൻെറ തലയിൽ

പുകയില്ല; കരളിൽ ചോരയും വേദനയുമില്ല. ഹൃദയത്തിലെ സന്തോഷത്തിളപ്പ് ചുണ്ടിലേയ്ക്കു ഊളിയിട്ടുയന്നപ്പോൾ കണ്ണിൽ ജലവും പെരുകി. ആ കത്ത് ആ സമയത്ത് കിട്ടിയിരുന്നില്ലെങ്കിൽ, ഞാൻ വീട്ടിലേയ്ക്കുതന്നെ പോവുമായിരുന്നെന്നോ, വീട്ടിൽ എന്തൊക്കെയുണ്ടാവുമായിരുന്നെന്നോ എനിക്കു നിശ്ചയിക്കാൻ വയ്യ. അമ്മയെയും അനിയത്തിയെയും കത്തു വായിച്ചു കേൾപ്പിച്ചു കൊടുക്കേണ്ട ധൃതിയിൽ ഞാൻ വീട്ടിലേയ്ക്കുതന്നെ നടന്നു. നടത്തത്തിൽതന്നെ രണ്ടാമത്തും മൂന്നാമത്തും ആ കത്ത് ആവത്തിച്ചാവത്തിച്ചു വായിച്ചുകൊണ്ടിരുന്നു. ഇതാണാകത്ത്:

പ്രിയപ്പെട്ട സ്നേഹിതാ,

കത്തു കിട്ടി. കത്തിലെ വാക്യങ്ങൾ എന്നെ ഉലച്ചു. ഒരു മനുഷ്യസ്നേഹിയായ എനിക്കതു വായിക്കാൻ വിഷമമുണ്ടായിരുന്നു. സത്യസന്ധതയോടും ആത്മാത്ഥതയോടും സ്നേഹിതൻ എഴുതിയിരിക്കുന്നു. തൊഴിലില്ലായ്മ എത്ര ആഴത്തിലാണു് ഈ നാടിൻെറ ധാമ്മികസത്തയെ ഉലയ്ക്കുന്നതെന്നെനിക്കറിയാം. ഇത്തരം വ്യക്തിപരമായ കാര്യങ്ങളിൽ കൈ മലത്താനല്ലാതെ എനിക്കു കഴിഞ്ഞിട്ടില്ല. എന്നാൽ സ്നേഹിതൻെറ കാര്യത്തിൽ ഞാൻ ഉദാസീനനല്ല. എനിക്കൊരു മൂന്നു മാസത്തെ അവധി തരിക. ഇന്നേയ്ക്കു തൊണ്ണൂറുദിവസത്തിനുള്ളിൽ സ്നേഹിതൻെറ കാര്യത്തിൽ ഞാനെന്തെങ്കിലും പോംവഴി കണ്ടുപിടിക്കും. എന്നെ വിശ്വസിക്കുക. സ്നേഹിതൻ അനുഭവിക്കേണ്ടിവരുന്ന മാനസിക ദുരിതങ്ങൾ മനസ്സിലാക്കാൻ എനിക്കു കഴിവുണ്ടു്. ഞാനതു മനസ്സിലാക്കുന്നു. എൻെറ ആത്മാത്ഥതയുടെ ഏററവും

നല്ല കൈകൊണ്ടു് ആത്മവ്യാപകമായിനീരുന്ന സ്നേഹിത
ൻെറ മുറിവുകളിൽ തലോടികൊള്ളുന്നു.

ഉടലെടുത്തുയരുന്ന പുതിയ ജനതതിയിൽ ഞാനും സ്നേഹിതനും അധികപ്പറ്റുകളല്ല. ജീവിതത്തെ ധൈര്യമായി നേരിടുക. ഈ പ്രതിബന്ധങ്ങളെ എല്ലാം എതൃത്തു മുമ്പോട്ടുപോവുന്ന സാമത്ഥ്യത്തെയാണു് നാം മനുഷ്യനിൽ വിലവയ്ക്കുന്നതു്.

അമ്മയെയും സഹോദരിയെയും ആശ്വസിപ്പിക്കുക. അവരുടെ കാണപ്പെട്ട സ്നേഹദീപമാണു് സുഹൃത്തു്. അവരിൽനിന്നുണ്ടായേക്കാവുന്ന ക്ലേശങ്ങളും പരിഭവങ്ങളും സ്വാഭാവികമാണു്. ഒരിക്കലും അതിൻെറ മുമ്പിൽ ക്ഷമകേടു കാണിക്കരുതു്.

സ്നേഹപൂർവ്വം..............(ഒപ്പു്)

★

## "ഞങ്ങളൊന്നാണ്"

അയാൾ ആ തെരുവിലൂടെ ചിന്താമഗ്നനായി തല കുനിച്ചു നടന്നുപോവുകയാണ്. അയാളുടെ തലച്ചോറിലെ ഓരോ അണുക്കളും അടുത്ത ദിവസത്തെ പൊതുപണിമുടക്കവുമായി ഇഴുകിപ്പിടിച്ചിരുന്നു.

ആ പണിമുടക്കു വിജയിക്കേണ്ടതു് അയാളുടെയും മററുള്ളവരുടെയും ആവശ്യമാണ്. പക്ഷെ, അയാൾ പണിയെടുക്കുന്ന ഫാക്ടറിയിൽ പണിമുടക്കം വിജയിക്കുമോ? അവിടെ ബഹുഭൂരിപക്ഷവും അസംഘടിതരാണ്. സംഘടനയുടെയും സമരത്തിൻെറയും മഹത്തായ പ്രയോജനങ്ങൾ അവർക്കിനിയും മനസ്സിലായിട്ടില്ല. എങ്കിൽത്തന്നെയും പണിമുടക്കു വിജയിച്ചേ പററൂ. ആ വ്യവസായത്തിൽ ഉൾപ്പെടുന്ന മറെറല്ലാ ഫാക്ടറികളിലും പണിമുടക്കു വിജയിക്കുമെന്നതു തീർച്ചയാണ്. അപ്പോൾ താൻ പണിയെടുക്കുന്നിടത്തുമാത്രം തോററുപോയാലോ? വർഗ്ഗബോധമുള്ള ആ തൊഴിലാളിയുടെ ചിന്തയെ വല്ലാതെ ചൂടുപിടിപ്പിച്ചു.

അവിടത്തെ സമരത്തിൻെറ വിജയത്തിനുവേണ്ടി പ്രവർത്തിക്കേണ്ട മുഴുവൻ കടമയും അയാൾക്കാണെന്നു തോന്നി. അതിനു നേതൃത്വം കൊടുക്കാൻ അവിടെ മററാരുമില്ല.

എതിരേവരുന്ന വാഹനങ്ങളോ, ആളുകളോ ശ്രീധരന്റെ ശ്രദ്ധയിൽ പെട്ടില്ല. ഇരുവശങ്ങളിലുമുള്ള കടകളിലെ ബോർഡുകളോ, സൗന്ദര്യം കാണാനും കാണിക്കാനും ഉല്ലാസയാത്ര ചെയ്യുന്ന സ്ത്രീകളോ അയാളെ ആകർഷിച്ചില്ല. കുടലു കടിച്ചുപറിക്കുന്ന വിശപ്പുപോലും അയാൾ മറന്നു. അഴുക്കും വിയർപ്പുംകൊണ്ടു കുതിർന്ന ശരീരത്തിൽ മുഷിഞ്ഞ തുണി പററിപ്പിടിച്ചുകിടക്കുന്നു. പൊടികയറി എണ്ണമയം വററിയ തലമുടി കാററിൽ ഇളകി പറക്കുന്നു. ഒരു പുതിയ കാർ അയാളുടെ പിറകിൽ പെട്ടെന്നു നിന്നു. പിറകുസീററിലിരുന്ന ഒരു ജോഡി 'പ്രേമം' കുലുങ്ങിച്ചിരിച്ചു. ഡ്രൈവർ ചിറികോട്ടി പരിഹസിച്ചു. ശ്രീധരൻ കുററസമ്മതത്തോടെ റോഡരുകിലേക്കു നീങ്ങി. ഒരു നീണ്ട 'ഹാൺ' ശബ്ദത്തോടെ കാർ ഇരച്ചുപോയി.

ടൗണിന്റെ ഉള്ളിലേയ്ക്കു തിരിയുന്ന ഇടവഴിയിലൂടെ അയാൾ തിരിഞ്ഞുനടന്നു. ആ ഭാഗത്തു തൊഴിലാളികൾ കൂട്ടമായി താമസിക്കുന്നുണ്ട്. അവരെയൊക്കെ കണ്ടു സംസാരിക്കാൻ അയാൾ ആഗ്രഹിച്ചു. ആ തൊട്ടടുത്തു നാണുവിന്റെ വീടാണ്.

അയാളെക്കാൾ വളരെമുമ്പേ നാണു ആ ഫാക്ടറിയിൽ പണിയെടുക്കുന്നയാളാണ്. തൊഴിലാളികൾക്കിടയിൽ നാണുവിനു കുറെയൊക്കെ സ്വാധീനമുണ്ട്.

അന്ന്, യൂണിയനെന്നോ സമരമെന്നോ ഒക്കെ കേട്ടിട്ടില്ലാത്ത അവസരങ്ങളിൽ, മിക്കവാറും അയാളും നാണുവും ഒരുമിച്ചാണ് ഫാക്ടറിയിലേയ്ക്കു പോവുകയും വരികയും. പിന്നെ യൂണിയനെപ്പററിയൊക്കെ അറിഞ്ഞുതുടങ്ങി.

പക്ഷെ, അന്നും നാണുവിനതിൽ വലിയ വിശ്വാസം വന്നില്ല. അയാളുടെ ദൃഷ്ടിയിൽ നാണു ഒരു 'നമ്പർ ഒൺ' കരിങ്കാലിയാണ്. ഒരു കരിങ്കാലിയുടെ കൂടെ നടക്കാൻ— ഒരു കരിങ്കാലിയെ സ്നേഹിക്കാൻ—ശ്രീധരനു കഴിഞ്ഞില്ല. നാണുവിന് അയാളെ പുച്ഛമാണ്. പരിഹാസത്തോടെ നാണു വിളിക്കും "നേതാവ്" എന്ന്. അങ്ങനെ അവർ തമ്മിലകന്നു. പക്ഷെ, ആ അകൽച്ച തെററായിപ്പോയി. നാണുവിനെ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കേണ്ടതായിരുന്നെന്ന് ഇപ്പോൾ അയാൾക്കു തോന്നുന്നുണ്ട്.

എങ്കിലും ഇത്തവണ നാണുവിനോടു പണിമുടക്കത്തെപ്പററി ഒന്നു സംസാരിച്ചുനോക്കുന്നതിൽ തെററില്ലെന്നയാൾക്കു തോന്നി. അയാൾ നാണുവിൻെറ വീട്ടുമുററത്തു ചെന്നുനിന്നു വിളിച്ചു. അവിടെയാളില്ല. ഈറൻമുണ്ടുമുടുത്തു, നഗ്നമായ മാറിൽ നനഞ്ഞ തോർത്തും ഉടുപ്പും ചേർത്തു പിടിച്ച് നാണുവിൻെറ മകൾ ഗോമതി അകലെനിന്നും കുളികഴിഞ്ഞുവരികയാണ്. ഉമ്മറത്ത് ആരോ നില്ക്കുന്നതു കണ്ടു് ഗോമതി തിരക്കുവെച്ചു നടന്നു. അവൾ അകത്തുകയറി.

"അച്ഛനെന്തിയേ?"

അവൾ നടന്ന വേഗതയിൽത്തന്നെ പുറത്തുനിന്നും ഈ ചോദ്യവും അകത്തുകടന്നു. പിന്നെ അവൾ വൈകിയില്ല. ആ മധുരപതിനേഴുകാരിയായ കൊച്ചുസുന്ദരി വാതലിൻെറ മറവിലെങ്ങും ഒതുങ്ങിയില്ല. അവൾ ഈറനൊക്കെ മാററി പെട്ടെന്നു പുറത്തുവന്നു. ആ ചുവന്ന ചുണ്ടിൽനിന്നടർന്നുവീണ മുല്ലപ്പൂക്കൾ കൊണ്ടതിഥിക്കു സ്വാഗതം

പറഞ്ഞു. നാണംകുണുങ്ങി കാലിന്റെ പെരുവിരൽകൊണ്ട് തറയിൽ ഒരു കൊച്ചുവരപോലുമിടാതെ ആ പുതിയ സംസ്കാരത്തിന്റെ പുതിയ തന്റേടം തീരെ ആയാസപ്പെടാതെ ചോദിച്ചു:

"എന്തിനാണു ശ്രീധരൻചേട്ടൻ അച്ഛനെ അന്വേഷിക്കുന്നെ?"

ആയാൾ പറഞ്ഞു:

"എനിക്കു നിന്റെയച്ഛനെ ഒന്നു കാണേണ്ട കാര്യമുണ്ട്. എവിടെപ്പോയി?"

"അച്ഛൻ മുതലാളിയുടെ വീട്ടിൽ പോയിരിക്കയാണ്. ഉടനെ വരും. ചേട്ടൻ കയറി ഇരിക്ക്." അവൾ ബെഞ്ചു തുടച്ചു വൃത്തിയാക്കി.

ശ്രീധരന്റെ മനസ്സിലൂടെ ഒരു മിന്നൽപ്പിണരു പാഞ്ഞുപോയി. പണിമുടക്കു പൊളിക്കാൻ മുതലാളി ഉററു ശ്രമിക്കുന്നുണ്ട്. അല്ലെങ്കിലെന്തിനാണ് നാണു മുതലാളിയുടെ വീട്ടിൽ പോയതു്. ഗോമതി, ശ്രീധരന്റെ മുഖഭാവം ശ്രദ്ധിച്ചു. ആ കറുത്ത മുഖം വികാരം കട്ടപിടിച്ചു കൂടുതൽ ഇരുളുകയാണ്. ഒരു നിശ്ശബ്ദത അവിടെ പററിക്കൂടി. അവർക്കിടയിലെ ആ ശബ്ദമില്ലായ്മ അവളെ ഭയപ്പെട്ടു. ഗോമതി ചോദിച്ചു:

"എന്താണു ശ്രീധരൻ ചേട്ടൻ മിണ്ടാതെ നില്ക്കുന്നതു്?"

"എന്തിനാണു നിന്റെയച്ഛൻ മുതലാളിയുടെ വീട്ടിൽ പ്പോയതു്?"

"മുതലാളി ആളയച്ചു. നാളെ ഫാക്ടറിയിൽ സമരമുണ്ടു്. അതുകൊണ്ടു് അച്ഛൻ ഉടനെ അങ്ങോട്ടു ചെല്ലണമെന്നാണു വന്നയാൾ പറഞ്ഞതു്."

ശ്രീധരനു സംശയം തീൻ്നു. അയാൾ വീണ്ടും മൂകനായി. ഗോമതി ചോദിച്ചു:

"നേരാണോ, നാളെ സമരമുണ്ടോ ചേട്ടാ?"

"പണിമുടക്കുണ്ടു്:"

"ജയിക്കുമോ ചേട്ടാ?"

"ജയിക്കണം. ഗോമതി പണിമുടക്കുമോ?"

അവൾ ഉത്തരം പറയാൻ മടിച്ചു. അവളുടെ അച്ഛൻ അതിനെതിരാണു്. പിന്നെ എങ്ങനെയാണു് അവൾ അതിനുത്തരം പറയുക. പണിമുടക്കുമെന്നും, പണിമുടക്കാൻ പ്രേരിപ്പിക്കുമെന്നും, ശ്രീധരൻെറ മുമ്പിൽ പ്രഖ്യാപിക്കാൻ കഴിയാതെവന്നപ്പോൾ ഗോമതി വാടിപ്പോയി.

നാണു മുതലാളിയുടെ വീട്ടിൽനിന്നു തിരിച്ചെത്തി. അയാൾ ശ്രീധരനോടു ചോദിച്ചു:

"ഉം. പിന്നെന്താ പതിവില്ലാതെ ഇങ്ങോട്ടൊക്കെ?"

"നാണുയേട്ടനോടു് എനിക്കൊരു കാര്യം പറയാനുണ്ടു്."

"ശരി. എന്നാലിരിക്കു......"

"ഇരിക്കണമെന്നില്ല. നാളെ എല്ലാ ഫാക്ടറികളിലും പണിമുടക്കുണ്ടു്. നമ്മുടെ ഫാക്ടറിയിലും......"

"ആയൊരു കാര്യം എന്നോടു പറയണ്ട"

ശ്രീധരൻ ഒന്നുകൂടെ സൗമ്യമായ സ്വരത്തിൽ ചോദിച്ചു:

"എന്താണു ചേട്ടൻ അങ്ങനെ പറഞ്ഞതു്?"

"പണിമുടക്കു തെററാണെന്നു തോന്നിയിട്ടുതന്നെ. ആട്ടെ, ഞാൻ ചോദിക്കട്ടെ—എന്തിനാണു പണിമുടക്കു ന്നതു്?" നാണുവിന്ന് ഒരു ജേതാവിൻെറ മട്ടുണ്ടായിരുന്നു.

ശ്രീധരൻ ശാന്തനായി പറഞ്ഞു:

"ബോണസ്സിനും, കൂലിക്കൂട്ടതലിനും, ജോലിസമയം കുറയ്ക്കുന്നതിനും......"

"ഓ, പിന്നെ." തികഞ്ഞ പരിഹാസത്തിൽ നാണു തുടൎന്നു: "നാളെ പണിമുടക്കിയാൽ ഇങ്ങു കിട്ടാൻ പോവുക യാണു് എല്ലാംകൂടെ. ന്യായമായുള്ളതെല്ലാം മുതലാളി തരുന്നില്ലേ? പിന്നെ ശരിക്കു ജോലിചെയ്യാതെ എന്തു ചോദിക്കുന്നോ, അതെല്ലാം തരണം അല്ലേ. പണിമുടക്കാ ത്ത കുഴപ്പമേയുള്ളൂ!" നാണുവിൻെറ സംസാരത്തിൽ ശ്രീധ രനു സഹതാപം തോന്നി. വികാരം അടക്കി അയാൾ പ റഞ്ഞു:

"മുതലാളി നമുക്കു ന്യായമായി തരേണ്ടതൊന്നും തരു ന്നില്ല. നമ്മുടെ അദ്ധ്വാനഫലത്തിൻെറ ഒരംശംപോലും തരുന്നില്ല ചേട്ടാ." ശ്രീധരൻെറ സ്വരത്തിൽ കൂട്ടതൽ തെളിവും പ്രസരിപ്പും കലൎന്നിരുന്നു. അയാൾ തുടൎന്നു: "ചേട്ടൻ ആലോചിക്കു്, ന്യായമായി കിട്ടേണ്ട ബോണസ്സ നമുക്കു് തരുന്നുണ്ടോ? പത്തുശതമാനം ബോണസ്സ ത്രികക്ഷി സമ്മേളനത്തിൽ അംഗീകരിച്ചതാണു്! പക്ഷെ, നാലു ശതമാനം തികച്ചയാൾ തരുന്നോ?"

കുറേ നേരത്തേയ്ക്കു നാണു സംസാരിച്ചില്ല. ശ്രീധര ൻെറ വാക്കുകളിൽ യുക്തിയുണ്ടെന്നയാൾക്കു തോന്നി. എ

ങ്കിലും മുതലാളിക്കെതിരായി ശബ്ദിക്കാൻ അയാഠ ഇഷ്ടപ്പെട്ടില്ല. നാണു ഒരു പുതിയ വാദമുയത്തി:

"മുതലാളിയുടെ സ്വത്തെല്ലാം വീതിച്ചുതരണമെന്നാണോ നിങ്ങളീ പറയുന്നതിൻെറ അത്ഥം?"

"തീച്ചയായുമല്ല. മുതലാളിയുടെ സ്വത്തു വീതിച്ചുതരണമെന്നാരും പറയുന്നില്ല. നമുക്കതാവശ്യവുമില്ല. പക്ഷേ, അതെങ്ങനെയുണ്ടായതാണെന്നു ചേട്ടൻ ആലോചിക്കാതിരിക്കരുതു്."

ശ്രീധരൻെറ വാക്കുകഠ ഗോമതി ശ്രദ്ധിച്ചുകോഠക്കുകയാണു്. അവഠക്കതു മുഴുവനും മനസ്സിലായി. നാണു സംസാരിക്കുമ്പോഠ അവളുടെ മുഖം ഇരുളുകയും, ശ്രീധരൻ സംസാരിക്കുമ്പോഠ തെളിയുകയും ചെയ്യുന്നതു വ്യക്തമായി കാണാം. പിന്നെയും പിന്നെയും അച്ഛൻ കാര്യമില്ലാതെ എതിരുപറയുന്നതിൽ അവഠക്കീഷ്യതോന്നി. അവഠ പറഞ്ഞു:

"എല്ലാവരും പണിമുടക്കുന്നെങ്കിൽ അച്ഛനെന്തിനാണെതിർക്കുന്നതു്?"

തികഞ്ഞ നിരാശയും തെളിഞ്ഞ അമഷവും ആ സ്വരങ്ങളിൽ ഒളിച്ചുനിന്നു. നാണുവിനു ശുണ്ഠിവന്നു. അയാഠ പറഞ്ഞു:

"ചോറിട്ട കൈയ്ക്കു കടിക്കാൻ ഞാൻ പഠിച്ചിട്ടില്ലെടീ. അതു കമ്മ്യൂണിസ്റ്റുകാക്കേ കഴിയൂ."

ശ്രീധരൻ അതിനു പെട്ടെന്നു മറുപടി പറഞ്ഞു:

"ചേട്ടൻ പറയുന്നതു കേട്ടാൽ തോന്നും മുതലാളിയുടെ സ്നേഹംകൊണ്ടാണു നമുക്കു ജോലിതരുന്നതെന്നും, മുതലാളിയുടെ ദയകൊണ്ടാണു നമുക്കു കൂലി തരുന്നതെന്നും. ചേട്ടൻെറയും ചേട്ടൻെറ വർഗ്ഗത്തിൻെറയും ശക്തിയിലും കഴിവിലും ചേട്ടനു വിശ്വാസമില്ല."

നാണു തലകുനിച്ചിരുന്നു. അതിനുത്തരം പറയാൻ അയാൾക്കു കഴിഞ്ഞില്ല. ശ്രീധരൻ പറഞ്ഞു:

"നാളത്തെ പണിമുടക്കിനു ചേട്ടൻ തന്നെ നേതൃത്വം കൊടുക്കണമെന്നാണു ഞങ്ങളുടെ അഭിപ്രായം."

പെട്ടെന്നെന്തോ ഓർത്തിട്ടെന്നപോലെ നാണു പറഞ്ഞു: "ഞാൻ പണിമുടക്കിനെതിരാണ്. എല്ലാരെയും പണി ചെയ്യാൻ ഞാൻ നിർബ്ബന്ധിക്കും."

"പക്ഷെ, ചേട്ടൻ ഉപദ്രവിക്കാതെയെങ്കിലും ഇരിക്കണം." പരുഷമായിട്ടാണ് ശ്രീധരൻ പറഞ്ഞത്.

ഗോമതി ശ്രീധരനെ നോക്കിയിട്ടു പറഞ്ഞു:

"അച്ഛനെന്തിനാ വെറുതെ കരിങ്കാലിയാവുന്നത്. ആളുകൾ കൂവുമച്ഛാ."

ആ വാചകങ്ങൾ ശ്രീധരനു വളരെ ഏറെ ഇഷ്ടപ്പെട്ടു. പിതാവിൻെറ മുമ്പിലും, തെററു തെററാണെന്നു പറയാനുള്ള ആ തൻേറടത്തെ ശ്രീധരൻ ബഹുമാനിച്ചു.

"അപ്പോൾ ഞാനിറങ്ങട്ടെ ചേട്ടാ, എല്ലാം ചേട്ടൻെറ ഇഷ്ടംപോലെ......"

ഗോമതിയുടെ നിശ്ചലമായ നീലക്കണ്ണുകളിൽനിന്നു കിട്ടിയ നിശ്ശബ്ദമായ സഹായവാഗ്ദാനവുമായി ശ്രീധരൻ

തിരിഞ്ഞുനടന്നു. നാണു ഒരു നെടുവീർപ്പോടെ ദൂരത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു. ശ്രീധരൻ മറയുംവരെ ഗോമതിയും നോക്കിനിന്നു.

പതിവുപോലെ അടുത്തദിവസവും രാവിലെ ഫാക്ടറിയിൽനിന്നു കുഴൽവിളി മുഴങ്ങി. മുതലാളിയുടെ പ്രതിനിധിയായി നിന്നുകൊണ്ട് ആ കുഴൽ, പണിക്കാരെ ജോലിക്കുവിളിക്കയാണ്. പക്ഷെ, ജോലിക്കാരെല്ലാം വളരെ വിമുഖതയോടെയാണ് അന്നത്തെ കുഴൽവിളി കേട്ടതു്.

അന്ന് വളരെ നേരത്തേതന്നെ നാണു ഫാക്ടറിയിലേയ്ക്കു നടന്നു. പണിമുടക്കു പൊളിക്കാൻതന്നെ അയാൾ തീർച്ചപ്പെടുത്തി. മുതലാളി അത്രത്തോളം സ്നേഹപൂർവ്വമായാണ് തലേദിവസം അയാളോടു പെരുമാറിയതു്. മുതലാളിയുടെ ഓരോ വാക്കും അയാളുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. പക്ഷെ,.....ശ്രീധരന്റെ മുഖത്തുനോക്കി എങ്ങനെയാണു പണിമുടക്കു പൊളിക്കാൻ ശ്രമിക്കുക. അയാൾ പറഞ്ഞതു മുഴുവൻ ശരിയല്ലേ? താൻ കരിങ്കാലിയാണെന്നു പറഞ്ഞു് ആളുകൾ കൂവുമെന്ന് ഗോമതി പറഞ്ഞതു് ശരിയാണ്. പക്ഷെ,.....പക്ഷെ, എന്താ ചെയ്യുക? നടക്കുന്നതിനിടയിൽ വിവിധവികാരങ്ങളിൽപെട്ടു നാണുവിന്റെ ഹൃദയം ഞെരുങ്ങി അമർന്നു.

നാണു ഫാക്ടറിയെ സമീപിക്കുന്തോറും ഫാക്ടറിക്കു മുന്നിൽനിന്നും മുദ്രാവാക്യങ്ങൾ ഉച്ചത്തിൽ മുഴങ്ങുന്നതു കേട്ടു. ആ ശബ്ദം നാണുവിന്റെ ഹൃദയത്തെ ചലിപ്പിച്ചു. വളരെ വേഗം അയാൾ നടന്നടുത്തു.

ഫാക്ടറിക്കുമുമ്പിൽ ഒരു ചുവന്ന കൊടി നാട്ടിയിരിക്കുന്നു. കുറേ ആളുകൾ അവിടെ കൂടിനില്ക്കുന്നു. കൊടിയുടെ പിന്നിൽനിന്നു ശ്രീധരൻ പ്രസംഗിക്കുന്നു—ചൂടേറിയ പ്രസംഗം.

ചുററും കൂടിനില്ക്കുന്നവർ ഇടതടവില്ലാതെ കൂവുന്നുണ്ട്. ശ്രീധരൻ ഓരോ വാചകം പറയുമ്പൊഴും അതിനെക്കാൾ ഉച്ചത്തിൽ കൂകിവിളി മുഴങ്ങുന്നു. അവിടത്തെ തൊഴിലാളികളല്ലാത്ത പലരും അതിനിടയിൽ കൂടിനില്ക്കുന്നു. കൂവുന്നതിൽ മുൻകൈ എടുക്കുന്നതവരാണ്. നാണു അവരെ ശ്രദ്ധിച്ചുനോക്കി. മുഖപരിചയം പോലുമില്ല. കൂകിവിളിയെയും അതിജീവിച്ചുകൊണ്ട് ശ്രീധരൻെറ ശബ്ദം മുഴങ്ങി:

"......ആരും കൂവുന്നതിൽ എനിക്കു പരാതിയില്ല. നമ്മളൊന്നായിനില്ക്കണമെന്നു മാത്രമാണു ഞാനാഗ്രഹിക്കുന്നത്. ശത്രുവിനെയും, മിത്രങ്ങളെയും തിരിച്ചറിയാൻ എൻെറ സഖാക്കൾക്കു കഴിയണം. നമ്മുടെ അദ്ധ്വാനശക്തിയെ കൊള്ളയടിക്കുന്ന മുതലാളിക്കെതിരായി നമ്മളൊററക്കെട്ടായി നിന്നെങ്കിൽ മാത്രമേ—ഒററയണിയായി നിന്നെങ്കിൽ മാത്രമേ—നമ്മുടെ അവകാശങ്ങൾ നേടാൻ സാധിക്കുകയുള്ളുവെന്ന് എൻെറ സഖാക്കൾ മനസ്സിലാക്കണം......"

പ്രസംഗം ശ്രദ്ധിച്ചുകൊണ്ടു നില്ക്കുന്ന നാണുവിൻെറ മുഖത്തു ശ്രീധരൻെറ കണ്ണുപതിഞ്ഞു. നാണുവിൻെറ അപ്പുറത്തായി ഗോമതിയും ഇമവെട്ടാതെ നോക്കിനില്ക്കുന്നു. നാണുവും ഗോമതിയും മററെല്ലാരും നോക്കിനില്ക്കെ, ശ്രീധ

രന്റെ നെററിയുടെ വലത്തുവശത്ത് ഒരു കരിങ്കൽകഷണം ഊക്കോടെ വന്നുവീണു. എല്ലാരും ഞെട്ടിപ്പോയി. ഗോമതി മുഖംപൊത്തിക്കരഞ്ഞു. നെററി പൊട്ടി ചോര ഒഴുകി. ശ്രീധരൻ നിലച്ചു. അപ്പോഴും ആ വാചകങ്ങൾ കൂടുതൽ ശക്തിയോടെ വായുവിലേയ്ക്കു പ്രവഹിക്കുകയാണ്—കൂടെ രക്തവും.

"......സഖാക്കളെ, എനിക്കിതിലും വിരോധമില്ല. കാരണം, നമ്മുടെ ഐക്യത്തിന് എത്ര വിലകൊടുത്താലും അത് അധികമാവില്ലെന്നു ഞാൻ കരുതുന്നു. നാം തമ്മിൽ പിണങ്ങിയാൽ—തമ്മിൽതല്ലിയാൽ അതുകൊണ്ടു മുതലാളിക്കാണു പ്രയോജനം. നമ്മളെ തല്ലുകൂട്ടി അതിൽനിന്നു മുതലെടുക്കാൻ അയാൾ ഇതു കരുതിക്കൂട്ടി ചെയ്യിക്കുകയാണെന്നു വ്യക്തമാണ്. ആ കെണിയിൽ നാം വീണുപോവരുത്."

ചോര കവിളിലൂടെ കീഴോട്ടൊഴുകി. വലതുകൈകൊണ്ട് അതു വടിച്ചെറിഞ്ഞിട്ട് തീ പാറുന്ന ഭാഷയിൽ തുടർന്നു:

"ഇവിടത്തെ തൊഴിലാളിവർഗ്ഗത്തിനു മഹത്തായ ചരിത്രമുണ്ട്. ഇന്നും ഇന്നലെയുമല്ല തൊഴിലാളികൾ സമരം ചെയ്തിട്ടുള്ളത്. ഒരിക്കലും നമ്മുടെ സമരം പരാജയപ്പെട്ടതായി ചരിത്രമില്ല. ബഹുനാളായി നേടിവച്ചിരിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ മാനം കാക്കാൻ എന്റെ സഖാക്കൾ തയ്യാറാവുക."

കൂടുതൽ ആവേശത്തോടെ ശ്രീധരൻ തുടർന്നു:

"സഖാക്കളെ, നിങ്ങൾക്കാർക്കെങ്കിലും ബോണസ്സ് വേണ്ടാതുണ്ടോ? ആർക്കെങ്കിലും കൂലികൂടുതൽ വേണ്ടാതെയു

ണ്ടോ? ഇതെല്ലാം വേണമെങ്കിൽ നമ്മളൊന്നിച്ചുതന്നെ നില്ക്കണം. നമ്മളൊററക്കെട്ടായിനിന്നാൽ മുതലാളിമാരുടെ ആക്രമണം കടക്കാത്ത ഉരുക്കുപോലുറച്ച ഒരു കോട്ടയായിരിക്കുമതു്. നമുക്കിനിയെങ്കിലും ഭിന്നിക്കാതിരിക്കുക. നമ്മളൊന്നിക്കുക. നമ്മുടെ ശത്രുക്കളോടൊരേ ശബ്ദത്തിൽ നമുക്കു വിളിച്ചുപറയുക—ഞങ്ങളൊന്നാണു്."

ഗോമതി അതേററുവിളിച്ചുപോയി. നാണുവിനും അതേററുവിളിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഗോമതിയും മററെല്ലാവരുമൊത്തു് നാണുവും വിളിച്ചു:

"ഞങ്ങളൊന്നാണു്."

ശ്രീധരൻെറ ഉടുപ്പു ചോരകൊണ്ടു കുതിർന്നിരുന്നു. കട്ടപിടിച്ച ചോര വിയർപ്പുമായി ചേർന്നു പടർന്നൊഴുകി. അയാൾ കൊടി കൈയ്യിലെടുത്തു് മുതലാളിയുടെ മേടയുടെ മുന്നിലേയ്ക്കു മുദ്രാവാക്യംമുഴക്കി നടന്നു. ഒരൊററയാളും ബാക്കിയില്ലാതെ എല്ലാവരും അതേററുവിളിച്ചുകൊണ്ടയാളെ അനുഗമിച്ചു. സ്ത്രീ തൊഴിലാളികളുടെ മുമ്പിൽ ഗോമതിയുടെ കൈ ഉയർന്നിരുന്നു. എന്താണു സംഭവിക്കുന്നതെന്നു ശ്രദ്ധിച്ചു് മട്ടുപ്പാവിനുമുകളിൽ ക്ഷമകെട്ടുനിന്നിരുന്ന മുതലാളിയുടെ കാതുകളിൽ ആ ശബ്ദം ചെന്നലച്ചു.

"ഞങ്ങളൊന്നാണു്."

മുതലാളി സൂക്ഷിച്ചുനോക്കി. ആ ഫാക്ടറിയിലെ മുഴുവൻ തൊഴിലാളികളും അവകാശബോധത്തിൻെറ ചുരുട്ടിയ മുഷ്ടികളുമുയർത്തി അയാളുടെ മുമ്പിലേയ്ക്കു് ഇരച്ചുകയറുക

യാണ്. മുമ്പേ, കൊടിപിടിച്ച ശ്രീധരൻ, തൊട്ടടുത്ത് നാണു. മുതലാളി തളർന്നിരുന്നുപോയി. അതൊരിക്കലും മുതലാളി പ്രതീക്ഷിച്ചതല്ല. അതാ, അയാം കണ്ടു— നേരിൽകണ്ടു. അയാളുടെ വിശ്വസ്തനായ നാണു ശ്രീധരനോടു ചേർന്നുനിന്ന് അതേ ഒച്ചയിൽ തന്റെ മുഖത്തു നോക്കി വിളിക്കയാണ്:

"ഞങ്ങളൊന്നാണ്."

★

# സുഷമ

ആ സ്കൂൾ വർഷം പകുതിയായപ്പോഴാണ് സുഷമ പുതുതായി ഞങ്ങളുടെ ക്ലാസിൽ വന്നുചേരുന്നത്. അവളുടെ അച്ഛൻ ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിനു സ്ഥലംമാററമായപ്പോൾ കുടുംബസഹിതം പോന്നതാണ്. പുതിയ വേഷവിധാനങ്ങളോടെ സാധാരണയല്ലാത്ത സമയത്ത് എല്ലാം പുതിയതായ രീതിയിൽ വന്നു ചേർന്ന ആ കുട്ടി ഞങ്ങളെയാകെ അമ്പരപ്പിച്ചു. ഒരു സർക്കാർ ഉദ്യോഗസ്ഥൻെറ മകൾതന്നെ ഞങ്ങൾക്കു പുതുമയാണന്ന്. പോരെങ്കിൽ അവൾ ഏതോ വലിയ പട്ടണവുമായി പഴകി ഞങ്ങളുടെ നാട്ടിൻപുറത്തു വന്നിരിക്കുന്നു. അവൾ എന്തു കാണിച്ചാലും എങ്ങനെ പെരുമാറിയാലും അതെല്ലാം ഒരു 'സർക്കാർ മാന്യത'യായോ, പട്ടണപ്പരിഷ്കാരമായോ ഞങ്ങൾ വകവെച്ചു. ഒരുപക്ഷേ, അവളൊരു സർക്കാർ ഉദ്യോഗസ്ഥൻെറ മകളായി, പട്ടണത്തിൽനിന്നു വന്നതുകൊണ്ടായിരിക്കും അവളെസ്സംബന്ധിക്കുന്ന എല്ലാററിലും അസാധാരണമായ ഒരു ഗൗരവം ഞങ്ങൾക്കു തോന്നിയതു്. ആ സ്കൂളിലെ കുട്ടികൾക്കെല്ലാംതന്നെ അവളൊരു കാഴ്ചവസ്തുവായിരുന്നു. അവളുടെ പരിചയവും സ്നേഹവും സമ്പാദിക്കാൻ എന്തു യാതനയ്ക്കും കുട്ടികൾ തയ്യാറായിരുന്നു.

ഞങ്ങൾ ആ സ്കൂളിലെ മുതിൎന്ന കുട്ടികളായിരുന്നു. അവിടെ ഹൈസ്കൂൾ അനുവദിച്ച് ആദ്യത്തെ ക്ലാസ്സ് ആരംഭിച്ച വൎഷമാണ്. ഞങ്ങൾക്കുവേണ്ടി ഓരോ കൊല്ലവും ഓരോ ക്ലാസ്സ് ഏൎപ്പെടുത്തുകയായിരുന്നു. ഞങ്ങൾ പല പ്രായക്കാരുണ്ടായിരുന്നു—കൗമാരം വാടാറായവർ, കൌമാരത്തിനും യൗവ്വനത്തിനുമിടക്കുകിടന്ന് ശ്വാസംമുട്ടുന്നവർ, യൗവ്വനത്തിലേയ്ക്കു കടന്നവർ. ഒടുവിൽ പറഞ്ഞ രണ്ടുതരക്കാരും അന്നു മലയാളവും സംസ്കൃതവും പഠിക്കാൻ പോയി പാടുപെട്ടുവന്ന 'പണ്ഡിറ്റു'മാരും 'ശാസ്ത്രി'മാരുമാണ്. സൗന്ദൎയ്യം എന്തെന്നറിയാത്തവർ, അറിയുന്നവർ, സൗന്ദൎയ്യം ആസ്വദിക്കാൻ കഴിയുന്നവർ. അങ്ങനെ എല്ലാ തരക്കാരും അവരവൎക്കുചേൎന്ന വിധത്തിൽ സുഷമയെ ശ്രദ്ധിച്ചിരുന്നു. പലൎക്കും അഭിപ്രായവ്യത്യാസമുണ്ടായിരുന്ന കാൎയ്യമാണ് സുഷമയുടെ സൗന്ദൎയ്യം. സുഷമ സുന്ദരിയാണെന്നു വാദിച്ചവരുടെ കൂട്ടത്തിലാണു ഞാനും. അവൾ വിരൂപയാണെന്നു പറയാൻ ആൎക്കും ധൈൎയ്യമുണ്ടായിരുന്നില്ലെങ്കിലും അത്ര സുന്ദരിയെന്നു സമ്മതിക്കാൻ പലൎക്കും മനസ്സില്ലായിരുന്നു. അവരുടെ സൗന്ദൎയ്യബോധത്തെപ്പററി എനിക്കാക്ഷേപമുണ്ടായിരുന്നു. സുഷമ സുന്ദരിയാണെന്നു മററാരെയുംകാൾ ഉച്ചവച്ചു ഞാൻ വാദിച്ചതിൻെറയൎത്ഥം എനിക്കവളെ നന്നേ ഇഷ്ടപ്പെട്ടിരുന്നു എന്നാണ്.

സുഷമയ്ക്കു്, വിശകലനസാദ്ധ്യമല്ലാത്ത വളരെ വിചിത്രമായ ഒരു ദൃഷ്ടിലീലമുണ്ടായിരുന്നു. അവളുടെ കടക്കണ്ണിൻെറ കുത്ത് തീക്ഷ്ണമായി ഏററു മൂൎഛിക്കുകയോ, നൊമ്പരപ്പെടുകയോ ചെയ്യാത്ത ഒരു വിദ്യാൎത്ഥിയും ആ സ്കൂളിലുണ്ടായിരുന്നില്ല. ആരേയും വെറുതെവിടാൻ അവൾ

ക്കു വിമ്മിഷ്ടമായിരുന്നു. പക്ഷെ, അങ്ങോട്ടാരും നോക്കാൻ പാടില്ലെന്നും അവരം കശ്ശനമായി കരുതിയിരുന്നു. ഇതിനെതിരായി പ്രവത്തിച്ചവക്ക് അദ്ധ്യാപകൻെറ കഠുത്ത ശിക്ഷയ്ക്കു വിധേയരാകേണ്ടിവന്നിട്ടുണ്ട്. അവൻ നോക്കിയതു് നീ എങ്ങനെ കണ്ടു എന്നു ചോദിച്ച് അവളെ തോല്പിക്കാൻ അന്ന് ഒരദ്ധ്യാപകനും മുതിന്നതായറിയില്ല. "ഇല്ല, കുട്ടി എന്നെ നോക്കി" എന്ന് അവരം പരാതിപ്പെട്ടാൽ മതി, പള്ളിക്കൂടത്തിലെ നിയമപാലകന്മാർ ശിക്ഷ ആരംഭിക്കുകയായി. രക്ഷകത്താക്കളെ വരുത്തുകയോ, ക്ലാസിനു പുറത്തുനിത്തുകയോ ഒന്നുമായിരുന്നില്ല, അന്നത്തെ ശിക്ഷ. കനത്ത ചൂരൽകൊണ്ടുള്ള പോത്തൻ അടികരം! (ചൂരൽ ക്ലാസുകളിൽ അന്നു നിരോധിച്ചിരുന്നില്ല.) അടി ഭയന്ന്, പെൺകുട്ടികരം ഇരിക്കുന്ന ഭാഗത്തേയ്ക്കു നോക്കാൻ പോലും എല്ലാരും ഭയന്നുവിറച്ചു. പക്ഷെ, എത്ര ഭയന്നാലും തടയുന്നതു ചെയ്യാനാണല്ലോ വാസന. അതുകൊണ്ട് 'സൈററടി'ക്കുററത്തിനു ചൂരൽ കയറാത്ത വിദ്യാത്ഥികരം നന്നെ ചുരുക്കമായിരുന്നു—ഞങ്ങളുടെ ക്ലാസ്സിൽ. കടക്കണ്ണുകൊണ്ടു നോക്കാൻ പ്രേരിപ്പിക്കുന്നതു സുഷമയാണ്. പക്ഷെ, നോക്കിക്കഴിഞ്ഞാൽ അവരം പരാതിപ്പെടുകയായി, അദ്ധ്യാപകരെക്കൊണ്ടു തല്ലിപ്പിക്കുകയായി. അവരം സൂത്രത്തിൽ നല്ല കുട്ടിയും ആവും. അവളുടെ ഈ 'ആളാകൽ പ്രസ്ഥാനം' വളന്നുപോന്നു. പലക്കും അവളോടുള്ള അമഷവും വളന്നുകൊണ്ടിരുന്നു.

ക്ലാസ്സുകളിൽ 'മാണിട്ടർ' ഉദ്യോഗം നിലവിലിരിക്കുന്ന കാലമാണ്. ക്ലാസിലെ പ്രധാന അദ്ധ്യാപകനു് ഇഷ്ടപ്പെടുന്ന വിദ്യാത്ഥിയെ മാണിട്ടർ സ്ഥാനത്തു നിയമിക്കും,

ആ വർഷം മാണിട്ടറായിരിക്കാൻ എനിക്കു സാധിച്ചു. മാണിട്ടർ, അദ്ധ്യാപകൻെറ വലം കയ്യാണ്. മററു വിദ്യാർത്ഥികളുടെ പേക്കു കേസ്സോ വഴക്കോ വന്നാൽ, ഒരു 'അസ്സസ്സറു'ടെ സ്ഥാനമുണ്ട് മാണിട്ടർക്ക്. അദ്ധ്യാപകൻ സമയത്തു ഹാജരല്ലെങ്കിൽ വരുന്നതുവരെ ക്ലാസ്സു നിയന്ത്രിക്കാൻ മാണിട്ടക്കു ചട്ടമുണ്ട്.

എൻെറ മാന്യമായ മാണിട്ടർ ഉദ്യോഗത്തിനു കളങ്കം ചേന്ന ആ സംഭവമുണ്ടായി. അതുവരെയും എൻെറ ഉദ്യോഗത്തിൻെറ അന്തസ്സിനുതന്നെ ഞാൻ പെരുമാറിപ്പോന്നു. എത്ര ശ്രമിച്ചിട്ടും എന്നെ തല്ലിക്കാൻ സുഷമയ്ക്കു കഴിഞ്ഞില്ല. എന്നുവെച്ചാൽ എൻെറ നോട്ടം കുററകരമാകാവുന്നവിധം കണ്ടുപിടിക്കാൻ അവൾ പരാജയപ്പെട്ടുവെന്നാണ്. അന്ന് സാറ് ക്ലാസ്സിൽവരാൻ താമസിച്ചു. എല്ലാരും പല വിഷയങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. സുഷമ എന്തോ ധൃതിപ്പെട്ടെഴുതിത്തീക്കുകയായിരുന്നു. ഇടയ്ക്കിടെ വല്ലവരെയും ചൂണ്ടാൻ വഴിയുണ്ടോ എന്നും ശ്രദ്ധിച്ചിരുന്നു. എൻെറ കയ്യിലൊരു റോസാപ്പൂവുണ്ട്. ഞാൻ നിശ്ശബ്ദനായിരുന്ന് അവളുടെ ചലനങ്ങൾ ഒളിച്ചൊളിച്ച് ശ്രദ്ധിച്ചു. നേരിയ കാററുതട്ടി അവളുടെ കവിൾത്തട്ടുകളിൽ അലസമായൊഴുകുകയും ഉമ്മ വയ്ക്കുകയും ചെയ്യുന്ന അളകങ്ങളും നോക്കി അങ്ങനെ ഇരുന്നപ്പോൾ എനിക്കു വെറുതെ തോന്നി, റോസപ്പൂവ് തട്ടിത്തെറിപ്പിച്ചാൽ അവളുടെ കവിളിൽ ചെന്നു വീഴുമല്ലൊ എന്ന്. ഇതു വിചാരിക്കുന്നതിനിടയിൽതന്നെ റോസാപ്പൂവ് കയ്യിൽനിന്നു തെറിച്ചുപോയി. പൂവ് തെറിച്ചപ്പോൾ തന്നെ ഞാൻ ഞെട്ടിവിളിച്ചുപോയി. ചെകുത്താൻ കൂടിയാൽ മനുഷ്യനെക്കൊണ്ടെന്തൊക്കെ ചെ

യ്യിക്കുകയില്ല! പുഷ്പം സുഷമയുടെ മുഖത്തുതട്ടി ഡസ്കിലെ പുസ്തകത്തിനു മുകളിൽ വീണു. ഒരു ഊററപ്പുലിയുടെ ഗൗരവത്തോടെ ചാടി എണീററ് എന്നെത്തന്നെ അവൾ ചൂണ്ടി. ക്ലാസ്സിലാകെ ബഹളമായി. മാണിട്ടർ സുഷമയെ എറിഞ്ഞു എന്ന് പതിഞ്ഞും തെളിഞ്ഞുമുള്ള ശബ്ദങ്ങൾ! എന്നെ തള്ളിമറിച്ച് മാണിട്ടർ സ്ഥാനം ആക്രമിക്കാൻ കാത്തിരുന്നവർ അതിനു തെളിവും മിഴിവും കൊടുത്തു. എൻെറ അതിദയനീയമായ നോട്ടം പുല്ലുപോലെ തള്ളിയിട്ട്, വിശന്നുവലയുന്ന പുലിക്ക് നല്ലൊരു ശാപ്പാട് കിട്ടിയാലുണ്ടാവുന്ന 'ഗമ'യോടെ സുഷമ ആഫീസ് മുറിയിലേക്കു പാഞ്ഞു. ഹെഡ്മാസ്റ്റർ, കനത്ത ചൂരൽ, അതിനെക്കാൾ കനത്ത അടികൾ, ക്ലാസിലുള്ള എൻെറ മാന്യത, മാന്യമായ എൻെറ ഉദ്യോഗം, എതിരാളികളുടെ ആർപ്പുവിളി എല്ലാം എല്ലാം എൻെറ മനസ്സിലൂടെ പാഞ്ഞപ്പോൾ ഞാൻ നന്നെ പരിക്ഷീണനായിരുന്നു.

കുററം ശരിക്കു ബോധിപ്പിക്കാനുള്ള സമയമെടുത്തില്ല —അതിനുമുമ്പ് ഹെഡ്മാസ്റ്റർ അദ്ദേഹത്തിൻെറ സ്വന്തമായ ചൂരലും അതുപയോഗിക്കാനുള്ള കരുത്തുമായി മുമ്പിലും, ജാൻസിറാണി യുദ്ധത്തിൽ ജയിച്ചിരുന്നെങ്കിലുണ്ടായേക്കാവുന്ന ജയഭേരിയോടെ സുഷമ പിറകിലുമായി നടന്നു ക്ലാസിൽ വന്നു. മററു ഗത്യന്തരമില്ലാതെവന്നപ്പോൾ എന്തു ശിക്ഷയായാലും അനുഭവിക്കുകതന്നെ, എന്നു പുതിയൊരു ധൈര്യവും തീരുമാനവുമെടുത്തുകൊണ്ട് കുററസമ്മതത്തോടെ ഞാൻ എണീററുനിന്നു. മററു ചോദ്യമോ അന്വേഷണമോ ഹെഡ്മാസ്റ്റർക്കു വേണ്ടിയിരുന്നില്ല. അദ്ദേഹം എൻെറ കൈ പിടിച്ചു സുഷമയുടെ മുമ്പിലേയ്ക്കു നീട്ടിനിർത്തി.

കഴുത്തിൽ ചുററിയിരുന്ന നേരിയത്ത് ഒന്നുകൂടെ വളച്ചു പിറകിലേയ്ക്കെറിഞ്ഞു. ചൂരലിന്റെ രണ്ടററത്തും പിടിച്ച് മദ്ധ്യം വളച്ചു ശരിപ്പെടുത്തി. ഞാൻ സുഷമയുടെ മുഖത്തു നോക്കി. എല്ലാററിലും അതീതമാണവൾ എന്ന ആ ഭാവം! അതാണെനിക്കസഹ്യമായി തോന്നിയത്. ക്ലാസ്സു മുഴുവൻ അക്ഷമരായിരിക്കുമ്പോൾ, ആദ്യത്തെ അടി വീണു. അത്രയും ഒച്ചയുള്ള അടി ആദ്യമായി കേട്ടതുകൊണ്ടായിരിക്കും, പെരുമഴ തോർന്നതുപോലെ പള്ളിക്കൂടമാകെ നിശ്ശബ്ദമായി. ഞാൻ സുഷമയെ നോക്കി. അവളുടെ മുഖത്തു വലിയ മാററമൊന്നുമില്ല. അവളുടെ മുഖത്തു കാര്യമായ മാററമുണ്ടാവുന്നതുവരെ അടി തുടരണമെന്നാണ് ഞാനാശിച്ചത്. ഒട്ടും ഭാരം കുറയാത്ത രണ്ടാമത്തെ അടിയും വീണു. പെൻസിൽ പിടിച്ചിട്ടുള്ളതല്ലാതെ തുണിപോലും നനച്ചിട്ടില്ലാത്ത എന്റെ കൈ ചെമ്പരത്തിപ്പൂവുപോലെ ചുവന്നുപോയി. ഞാൻ സുഷമയുടെ മുഖത്തു നോക്കി. തല്ലിയത്തു മതിയെന്നൊരു ഭാവം അവളുടെ മുഖത്തുള്ളതായെനിക്കു തോന്നി. മൂന്നാമത്തെ അടിയും വീണു. കൈവെള്ള പൊട്ടി ചോരവന്നു. ഞാൻ സുഷമയുടെ മുഖത്തു നോക്കി. ഉൽക്കടമായ വേദനയുടേയും തീവ്രമായ നൈരാശ്യത്തിന്റേയും ഒരു കരിമ്പടം സുഷമയുടെ മുഖത്തു നീണ്ടുനിവന്നു കിടക്കുന്നതു ഞാൻ കണ്ടു. അവൾക്കും ഒരു ഹൃദയമുണ്ട്. അത്രയും ഗൗരവതരമായ ഒരു തെററ്, തന്റെ അധികാരവലയത്തിൽ അതുവരെ പരിചയമില്ലാത്ത ഹെഡ്മാസ്റ്റർ എല്ലാം മറന്ന് നാലാമത്തെ അടിയും കഴിച്ചപ്പോൾ ക്ലാസ്സാകെ നടുങ്ങിപ്പോകത്തക്ക ഒച്ചയിൽ "സാർ" എന്നു വിളിച്ചുപോയത് ഞാനല്ല, സുഷമയാണ്. എന്റെ കൈ

യ്യിൽനിന്നു ചോര തെറിച്ചുപോയതിനെക്കാരം വേഗതയി ലാണു സുഷമ വിളിച്ചത്. അഞ്ചാമത്തെ അടിക്ക് ഉയ ർത്തിയ ചൂരലിൽ അവരം കടന്നുപിടിച്ചുകളഞ്ഞു. ഹെഡ് മാസ്റ്റർ സ്തംഭിച്ചുപോയി. അദ്ദേഹത്തിനു സ്വന്തമായ ബോധം തിരിച്ചുകിട്ടി. എല്ലാ വേദനകളേയും അതിജീ വിച്ചുകൊണ്ട് എൻെറ മുഖം വിടരുകയാണെന്നെനിക്കു തോന്നി.

രംഗം ശാന്തമായി. വിശേഷിച്ചൊന്നും സംഭവിക്കാ ത്തമട്ടിൽ ആ ദിവസവും കടന്നുപോയി. ഞാൻ മാണിട്ടർ ആയിത്തന്നെ തുടന്നു. അതുമുതൽ സുഷമയ്ക്കെന്നോടു വ ലിയ കാര്യമായിരുന്നു. ഞാൻ നോക്കാതിരിക്കുന്നതിലേ അവരംക്കു പരാതിയുള്ളു. എനിക്കവളോടും പൂർവ്വാധികം ഇ ഷ്ടംതോന്നി. എന്താണിതിൻെറ മനഃശാസ്ത്രമെന്ന് ഇതു വരെ എനിക്കു മനസ്സിലായിട്ടില്ല. ഞങ്ങരം പ്രണയബദ്ധ രാണെന്നൊരു പ്രചരണം സ്കൂളിലും പുറത്തും ശക്തിയായി നടന്നു. എല്ലാ വിദ്യാത്ഥികരംക്കും എന്നോടസൂയ തോ ന്നിയിരുന്നു. ആ വഷം അവസാനിച്ചു. അതിനടുത്ത വ ഷവും ഞങ്ങളിങ്ങനെ കഴിഞ്ഞു. പക്ഷെ, ഭാഗ്യം വളരെ നാരം അനുകൂലമായിരിക്കയില്ലല്ലോ. ആ വഷാവസാനം അവരെല്ലാം അവിടുന്നു മാറിപ്പോയി. എവിടേയ്ക്കാണെന്ന് ഞാനന്വേഷിക്കുകയോ എന്നെ അറിയിക്കുകയോ ഉണ്ടാ യില്ല. എന്നുവച്ചാൽ, അത്തരം ഒരന്വേഷിക്കലിൻെറയോ അറിയിക്കലിൻെറയോ ആവശ്യംവരെ ഞങ്ങളെത്തിയില്ല. മാസങ്ങരം കഴിഞ്ഞതോടെ സുഷമ എൻെറ ചിന്താമണ്ഡ ലത്തിൽനിന്നു നിശ്ശേഷം നീങ്ങിയിരുന്നു.

അതുകഴിഞ്ഞു്, ജീവിതസമരത്തിൻെറ ഏററവും ദുർഘടഘട്ടവും എന്നെസംബന്ധിച്ചേടത്തോളം പരാജയവുമായിരുന്ന എട്ടുവർഷങ്ങൾ കടന്നുപോയി. ഇക്കഴിഞ്ഞ ഏപ്രിൽ ആദ്യവാരം, കേരള പുരോഗമനസാഹിത്യസംഘടനയുടെ ഒരു പ്രതിനിധിസമ്മേളനത്തിനു് ഞാൻ കോട്ടയംവരെ പോവുകയുണ്ടായി. കാര്യങ്ങളൊക്കെ കഴിഞ്ഞപ്പോൾ നേരം സന്ധ്യകഴിഞ്ഞു. എന്താ വേണ്ടതെന്നാലോചിച്ചു നിന്നപ്പോൾ അറിഞ്ഞു,—കോട്ടയത്തുനിന്നും രാത്രി എട്ടുമണിക്കു തിരിക്കുന്ന ഒരു ബോട്ടു്, രാവിലെ എട്ടുമണിക്കാണു് കൊല്ലത്തു എത്തിച്ചേരുന്നതെന്നു്. ഉറക്കവും യാത്രയും ഒരുമിച്ചു കഴിക്കാമെന്നുള്ളതുകൊണ്ടു് ഞാൻ ജട്ടിയിലേയ്ക്കുതന്നെ നടന്നു. ബോട്ടു തിരിക്കാൻ കാലമായി. യാത്രക്കാരുടെ തിരക്കും ബഹളങ്ങളും കൂടിക്കൂടിവന്നു. ബോട്ടിൻെറ എൻജിൻ പ്രവത്തിച്ചുടങ്ങി. ഞാനും ബോട്ടിനകത്തു് ഇരുപ്പുപിടിച്ചു. സ്ത്രീകൾക്കായുള്ള പ്രത്യേകമുറിയുടെ വാതിലിനടുത്താണു് എനിക്കു സ്ഥലമുണ്ടായതു്. ഭയങ്കരമായ ശബ്ദത്തോടെ വെള്ളം അടിച്ചു തെറിപ്പിച്ചുകൊണ്ടു് ബോട്ടു് മുമ്പോട്ടു നീങ്ങി. രാത്രിയിലെ ബോട്ടിൽ മനുഷ്യമാംസം വില്ക്കുന്ന 'ഷോപ്പു'കൾ സഞ്ചരിക്കാറുണ്ടെന്നു് ഞാൻ കേട്ടിട്ടുണ്ടു്. ഞാൻ സ്ത്രീകളുടെ മുറിയിലേയ്ക്കു കണ്ണോടിച്ചു. പ്രതീക്ഷിച്ചതുപോലൊന്നും അതിനകത്തു കണ്ടില്ല. രണ്ടു മുത്തശ്ശികൾ വത്തമാനംപറഞ്ഞു രസിക്കുന്നു. ഒരു ചെറുപ്പക്കാരി, ബഡ്ഷീററു് വിരിച്ചു്, സൂട്ട്കേസിൽ തലയുംവച്ചു് ഉറങ്ങുകയോ ഉറക്കം അഭിനയിക്കുകയോ ആണു്. ഞാൻ സമയം കഴിക്കാൻവേണ്ടി എൻെറ കയ്യിലിരുന്ന പുസ്തകം തുറന്നു നോക്കാൻ തുടങ്ങിയപ്പോഴുണ്ടു്, ആ

സ്ത്രീയുടെ മിന്നമിന്നത്ത കണ്ണുകൾ എൻെറ മുഖത്തു പതി ഞ്ഞിരിക്കുന്നു. ബോട്ടിലെ റാന്തൽവിളക്കിൻെറ വളരെ നേൎത്ത പ്രകാശത്തിൽ യാതൊന്നും വ്യക്തമല്ല. എങ്കിലും ആ ചുണ്ടിൽ കടിച്ചമൎത്തിയ പുഞ്ചിരിയിലും കണ്ണുകളിൽ ഒളിച്ചുകളിച്ച പ്രകാശത്തിലും എന്തോ രഹസ്യമുണ്ടെന്നെ നിക്കു തോന്നി. ഒന്നും മനസ്സിലാകാത്തമട്ടിൽ ഞാൻ അ ലസമായി പുസ്തകത്തിൽത്തന്നെ നോക്കിയിരുന്നു.

രണ്ടുമൂന്നു ജട്ടികൾ കഴിഞ്ഞപ്പോൾ യാത്രക്കാർ മിക്ക വാറും ഇറങ്ങിക്കഴിഞ്ഞിരുന്നു. മുത്തശ്ശിമാർ രണ്ടും ഇറങ്ങി യപ്പോഴാണു് ആ സ്ത്രീ ഒററയ്ക്കുള്ള യാത്രക്കാരിയാണെന്നെ നിക്കു തീച്ചവന്നതു്. എങ്കിലും അവരെന്താണെന്നു് എ നിക്കു ശരിക്കു മനസ്സിലായില്ല. ബോട്ടിൻെറ അസഹ്യമായ ശബ്ദം നിമിത്തം ഒന്നു മയങ്ങാനുള്ള എൻെറ ശ്രമവും പ രാജയപ്പെടുകയാണുണ്ടായതു്. ഒരു ചോദ്യവുമായി ആ സ്ത്രീ പെട്ടെന്നെൻെറ മുമ്പിൽ നിവന്നിരുന്നതു് എനിക്കു തിക ച്ചും അപ്രതീക്ഷിതമായിരുന്നു.

"കൊല്ലത്തിനാണോ?"

"അതെ." ഞാൻ പെട്ടെന്നു മറുപടിയും പറഞ്ഞു. പിന്നെ നിശ്ശബ്ദതയാണു്. എൻെറ എന്തെങ്കിലും ചോ ദ്യമോ വൎത്തമാനമോ അവർ പ്രതീക്ഷിക്കുകയാണെന്നെ നിക്കു തോന്നി. ഞാൻ ചോദിച്ചു:

"കൊല്ലത്തിനായിരിക്കുമോ?"

വളരെ താമസിച്ചാണു് അവരിങ്ങനെ പറഞ്ഞതു്.

"ഉ്ഉം. ടിക്കററു കൊല്ലത്തിനുവരെയുണ്ടു്."

ആ സ്ത്രീ ഉദ്ദേശിച്ചതുതന്നെ ഞാൻ മനസ്സിലാക്കി. എനിക്കതിശയമൊന്നും തോന്നിയില്ലെങ്കിലും ആ മുഖത്തു നോക്കിയാൽ അതൊരു മാംസവില്പനക്കാരിയുടെ മുഖമാണെന്നു വിശ്വസിക്കാൻ എനിക്കു ഞെരുക്കംതോന്നി. ജന്മസിദ്ധമായ വാസന ആ മുഖത്തില്ല—ശ്രമപ്പെട്ടു് അഭ്യസിച്ചതിൻെറ പാടുകളുണ്ടു്. പകുതി തമാശയും പകുതി കാര്യവുമായി ഞാൻ ചോദിച്ചു:

"ഇതു് നിരോധിച്ചിരിക്കയല്ലെ?"

"നിരോധിക്കുന്നതാണു് കൂടുതൽ വളരുന്നതെന്നറിയില്ലെ? മറെറാരു വഴി പറയാനില്ലാത്തവരുടെ നിരോധനം!"

ഞാൻ തെറിച്ചുപോയി. അത്രയും പരിഹാസവും മൂച്ചയുമുള്ള ഉത്തരം ഞാൻ പ്രതീക്ഷിച്ചതല്ല. എൻെറ ചോദ്യംപോലെതന്നെ അതിലും കാര്യവും തമാശയുമുണ്ടു്.

"കോട്ടയമാണോ സ്ഥലം?" ഞാനവരെ പരിചയപ്പെടാൻ ശ്രമിച്ചു.

"സാഹിത്യകാരനാണോ?" മന്ദഹസിച്ചുകൊണ്ടവർ ചോദിച്ചു. ഞാൻ അമ്പരന്നുപോയി. എന്താണതിൻെറ മനഃശാസ്ത്രമെന്നെനിക്കു മനസ്സിലായില്ല. ഞാനന്വേഷിച്ചു:

"എന്തെ അങ്ങനെ ചോദിച്ചു?"

"ചോദിച്ചെന്നേയുള്ളു. ഒരാൾ ഇടപെടുന്നതിൻെറ സ്വഭാവം വച്ചു് അയാളേതു തരക്കാരനെന്നു് ഏറെക്കുറെ മനസ്സിലാക്കാൻ ഞങ്ങൾക്കിപ്പോൾ കഴിയും. ഞങ്ങളുടെ ഊരും പേരും നാളുമൊക്കെ അന്വേഷിക്കുക ഈ സാഹിത്യകാരന്മാരുടെ പതിവാണു്. വിശേഷങ്ങളറിയുകയല്ലാതെ

മററൊന്നും അവക്ക് വേണ്ടാതാനും. എവിടെയും എപ്പോഴും ഇക്കൂട്ടരെ കാണാം. ഗവണ്മെൻറിനേയും പോലീസുകാരേയും ഞങ്ങൾക്കു ഭയമില്ല; ഇവററകളെ പേടിയാണ്. സംസാരിച്ചുപോയെങ്കിൽ പിറെറന്നത്തെ വർത്തമാനക്കടലാസിലെ മുഖ്യഭാഗം ഞങ്ങളായിരിക്കും. ഒരു കഥയിലോ കവിതയിലോ ഞങ്ങളെ കയററിയില്ലെങ്കിൽ അവക്കൊരു സുഖമല്ല.”

അവൾ തൻേറടമായി സംസാരിക്കുന്നു. ഒററക്കല്ല—അവളുടെ വർഗ്ഗത്തെ പ്രതിനിധീകരിച്ചു സംസാരിക്കുന്നു. അതിന്നുള്ള അഹന്ത സ്വയം ഏറെറടുത്തിരിക്കുന്നു. താറുമാറായിക്കിടന്ന എൻെറ ചിന്തകളെ ക്രമപ്പെടുത്തുന്നതിന്നിടയിൽ അവൾ തുടന്നു ചോദിച്ചു:

“എൻെറ ഊഹം ശരിയായിരുന്നോ?”

“അല്ല. ഞാൻ സാഹിത്യകാരനല്ല.” ഞാൻ സത്യം പറഞ്ഞു.

“അല്ലാത്തോരാൾ വില പറയുകയല്ലാതെ മററൊന്നുമന്വേഷിക്കാറില്ല—ഇതാദ്യമാണ്.”

ഞാൻ പൊട്ടിച്ചിരിച്ചുപോയി. ഒരു വേശ്യയെ സംബന്ധിച്ചിടത്തോളം ഒരു സാഹിത്യകാരൻെറ ലക്ഷണം! എത്ര എളുപ്പമായിട്ടൊരാളിനു് അവളുടെ മുമ്പിൽ സാഹിത്യകാരനാവാം.

എത്രയോ സമയവും ജെട്ടികളും കടന്നുപോയി. അസഹ്യമായ ശബ്ദത്തോടെ ബോട്ട് നീങ്ങുന്നു. യാത്രക്കാർ നന്നെ ചുരുങ്ങി. ഉള്ളവരെല്ലാം മയക്കമാണ്. കായലിന്നു പെട്ടനീലത്തിലൊരു വെള്ളി അരഞ്ഞാണവും തെങ്ങോല

കാംക്ക് തുമ്പത്തോരു വെള്ളിയലുക്കും സമ്മാനിച്ചിട്ട്, ചന്ദ്രൻ ഭൂമിയുടെ തുറന്ന വായിലേയ്ക്ക് പാലു പകൎന്നുകൊടുക്കുകയാണ്. തണുപ്പൻകാററ് ശക്തിയോടെ വീശുന്നു. രോമകൂപങ്ങളിലൂടെ തണുപ്പ് അരിച്ചരിച്ചു കയറുന്നു.

യുക്തിപൂർവ്വം ഭംഗിയായി സംസാരിക്കാൻ കഴിയുന്നൊരു സ്ത്രീ നന്നേ ചെറിയ പ്രായത്തിലെ തികഞ്ഞൊരഭിസാരികയായി അഭിനയിക്കുകയോ ജീവിക്കുകയോ ചെയ്യുന്നതിൻെറ പൊരുളിനെക്കുറിച്ച് ഞാൻ ഉറക്കെ ചിന്തിച്ചുപോയി. തൊഴിലില്ലായ്മയും മററു ക്ലേശങ്ങളും ഭൂമിയിൽ നരകം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇതുകളെക്കുറിച്ച് അത്രയൊന്നും ചിന്തിക്കാനില്ലെങ്കിലും എനിക്കതു പോരായിരുന്നു. മലക്കെ കണ്ണു രണ്ടും തുറന്ന് ഉണൎന്നിരിക്കുന്ന എന്നോടവൾ ചോദിച്ചു:

"ഉറങ്ങുകയാണോ?"

"ഇല്ല."

അവർ പെട്ടെന്ന് സൂട്ട്കേസ്സ് തുറന്ന് കുറെ ചോക്കുയിററ് എടുത്ത് പകുതി എനിക്കുതന്നു. എന്നിട്ടു ചോദിച്ചു:

"എന്നെപ്പററി ഇത്രയധികം ആലോചിക്കാനെന്തിരിക്കുന്നു?"

"ഞാനാലോചിക്കുന്നില്ലല്ലോ." ഞാൻ വെറുതെ പറഞ്ഞു.

ജീവിതത്തിനോടൊരു പകവച്ചു പെരുമാറുന്നതുപോലെ തോന്നി, അവരുടെ സംസാരവും രീതികളുമെല്ലാം കണ്ടിട്ട്. അല്ലെങ്കിൽ പിന്നെ, നികൃഷ്ടമായ തൊഴിലിനേ

യും ജീവിതരീതിയെയും പററി അവരെന്തു തുറന്നു സംസാരിക്കുന്നു. അതോ ഇക്കൂട്ടരെല്ലാമിങ്ങനെയാണോ. ഞാൻ ചോദിച്ചു:

"എത്ര കാലമായി ഇങ്ങനെ ഒരു ജീവിതമാരംഭിച്ചിട്ട്?"

"രണ്ടു കൊല്ലത്തിലധികമാവും. സഞ്ചരിക്കാൻ തുടങ്ങിയിട്ട് അത്രയായില്ല."

"അതിനു മുമ്പ്?"

"ഓ, അതിനുമുമ്പ് വളരെ പ്രൗഢിയിലും പ്രതാപത്തിലും കഴിഞ്ഞ ഒരു കാലമുണ്ടായിരുന്നു." അ നല്ലകാലത്തെക്കുറിച്ച് അവൾക്കു പുച്ഛമാണെന്ന് തോന്നുന്നതെന്ന് ആ സ്വരത്തിൽ തോന്നി.

"എന്നിട്ട്?" എനിക്കതറിയാൻ തിടുക്കമായിരുന്നു.

"തുറന്നിട്ട ഒരു ലഘുഗ്രന്ഥംപോലെ എൻെറ ജീവിതം പരസ്യമാണ് സുഹൃത്തെ." തികച്ചും നിർവികാരയായി അവൾ തുടൻു:

"അച്ഛൻ പെട്ടെന്നു മരിക്കുകയാണുണ്ടായതു. വളരെ ഉയൻ നിലയിലാണ് അതുവരെ ജീവിച്ചതു്. അച്ഛനുവേണ്ടി വളരെ പണം ചിലവായി. അഞ്ചുകൊല്ലത്തിന്നു മുമ്പാണതു്. അച്ഛനെക്കുറിച്ചുള്ള വേദന ആറുംമുമ്പുതന്നെ അമ്മ രണ്ടാമതൊരാളെ വിവാഹം കഴിച്ചു. ഇളയച്ഛൻ എനിക്കൊരു ഭത്താവിനെ നേടിത്തന്നു് എന്നെ ഒഴിച്ചെടുത്തു. ചരിത്രം സൃഷ്ടിച്ച ഒരു ഭത്താവാണദ്ദേഹം. എനിക്കു കുറച്ചൊക്കെയുണ്ടായിരുന്നതു് അദ്ദേഹം വിററുകുടിച്ചു. കുടിയും ചീട്ടുകളിയും! എല്ലാം നശിച്ചിട്ടും ഞാൻ വീടു സുഭി

ക്ഷമാകണമെന്നദ്ദേഹത്തിന്ന നിർബന്ധമായിരുന്നു. ഇല്ലെങ്കിൽ ദയവില്ലാതെ എന്നെ ഉപദ്രവിക്കും. അയൽപക്കത്തുനിന്നു കടംമേടിക്കാൻ അദ്ദേഹം നിർബന്ധിച്ചു. ചെറുപ്പക്കാരോട്ട മേടിക്കുന്നതും അദ്ദേഹത്തിന്ന സമ്മതമായിരുന്നു. പണം എവിടുന്നെന്നന്വേഷിച്ചില്ല. ആവശ്യങ്ങൾക്കെല്ലാം ആതുണ്ടായിരിക്കണമെന്നുമാത്രം. അതിൻെറ ക്രമാനുഗതമായ വളച്ചയാണ് എൻെറ ഈ സഞ്ചാരം. ഇടയ്ക്കൊന്നുപറഞ്ഞില്ല, അമ്മയും ഇളയപ്പനും പിന്നീട് എനിക്കന്യരായിരുന്നു. മരണംകൊണ്ട് ഈ ജീവിതം ഒതുക്കാൻ ഞാനിഷ്ടപ്പെടുന്നില്ല, അതിങ്ങനെ അലഞ്ഞലഞ്ഞു പൊയ്ക്കൊള്ളട്ടെ."

അവൾ എൻെറ മുഖത്തു നോക്കിയിരുന്നു. അസാധാരണമായ ആ ജീവിതം ഒരു ഭർത്താവിനോടും ഈ ലോകത്തോടുമുള്ള തീക്ഷ്ണമായ വെല്ലുവിളിയും പകപോക്കലുമായിരുന്നു. എന്നോടു പറഞ്ഞ ജീവിതകഥ മുമ്പു പലപ്പോഴും അവൾ പറഞ്ഞു പരിചയിച്ചതായിരിക്കും. ആററിക്കുറുക്കിയ വാചകങ്ങൾ അങ്ങനെ തോന്നിപ്പിച്ചു. അതു പറഞ്ഞപ്പോൾ അവൾക്കെങ്ങനെ അത്രയും നിർവ്വികാരത പാലിക്കാൻ കഴിഞ്ഞു എന്നത് എനിക്കതിശയമായിതോന്നി. അവൾ പറഞ്ഞത് ഞാനോർത്തു—ചരിത്രം സൃഷ്ടിച്ച ഭർത്താവ്! എത്ര കണിശമായിട്ടവൾ കാര്യങ്ങൾ കാണുന്നു. ഒരു ഭർത്താവിന്ന വേണ്ടാത്ത അഭിമാനം താനെന്തിന്ന സൂക്ഷിക്കണം എന്നവൾ പറയാൻ മറന്നുപോയതായിരിക്കുമോ? എനിക്കവളുടെ മുഖത്തുനോക്കി മിഴിച്ചിരിക്കാനല്ലാതെ യാതൊന്നും പറയാൻ കഴിഞ്ഞില്ല. അവൾ പറഞ്ഞതു മുഴുവൻ സത്യമാണെന്നതിന് ആ രൂപവും ഭാവവും എങ്ങനെ സാക്ഷിയായിരിക്കുന്നു.

ബോട്ടിനകത്തു ക്രൿംവലി കഠഠക്കുന്നു. നേരം പുലച്ച്യെല്ലാരുങ്ങുകയാണ്. പകൽ വെളിച്ചവും ചന്ദ്രികയുമായുള്ള സമരമാരംഭിച്ചപ്പോഠ, അവഠ പെട്ടെന്നെന്തോ ഓത്തിട്ടെന്നപോലെ സ്യൂട്ടുസ്സ്കേമായി ബോട്ടിലെ കക്കൂസ്സുമുറിയിൽ കയറി. ഞാൻ എന്റെ മുഖവും, മുഖത്തിരുന്ന കണ്ണാടിയുമൊക്കെ തുടച്ചു വൃത്തിയാക്കി. അവഠ പുറത്തുവന്നപ്പോഠ ചന്ദ്രികയെ ബാക്കിയില്ലാതെ തോല്പിച്ചോടിച്ച പകൽവെളിച്ചം ശക്തിയായി പ്രകാശിച്ചിരുന്നു. പുതിയ വേഷവിധാനങ്ങളോടെ പ്രത്യക്ഷപ്പെട്ട ആ സ്ത്രീയെ പകൽ വെളിച്ചത്തുകണ്ടപ്പോഴുള്ള വ്യത്യാസം എന്നെ അത്ഭുതപ്പെടുത്തി. എന്റെ മുമ്പിൽ നേരത്തെ ഇരുന്ന സ്ത്രീയാണ് അവളെന്ന് ഞാനെങ്ങനെ വിശ്വസിക്കാൻ! ഞാൻ ആ മുഖം ശ്രദ്ധിച്ചു. പിന്നെയും പിന്നെയും ശ്രദ്ധിച്ചു. എന്റെ ഞരമ്പുകളിലെങ്ങും ഓടിക്കൊണ്ടിരുന്ന ദ്രാവകം തിളച്ചു മറിയുന്നു. അതൊന്നിച്ചു തലച്ചോറിലേയ്ക്കു നരകത്തി പായുകയാണ്. എന്റെ ഹൃദയം നിന്നുപോയതല്ല, ശക്തിയായി മിടിക്കുന്നു. എട്ടുകൊല്ലത്തിനുമുമ്പുള്ള സുഷമയെ എന്റെ കണ്ണുകളും ഹൃദയവും കണ്ടുപിടിച്ചിരിക്കുന്നു. ഇല്ല, എനിക്കു തെററിയതല്ല—എല്ലാം അതുതന്നെ. ഇടത്തെ കവിളിൽ ചെവിയോടുചേൻറുള്ള ആ കറുത്ത വലിയ പുള്ളി അത്രയും യോജിച്ചുകിടക്കുന്നതു സുഷമയ്ക്കു മാത്രമാണ്. കൈ രണ്ടും മുറുക്കി അമത്തി വികാരം ഒതുക്കിയിട്ടു ഞാൻ ചോദിച്ചു:

"പേരെന്താ?"

"സുഷമ."

വികാരവായ്പോടെ നീങ്ങുന്ന ദുഃഖപര്യവസായിയായ ഒരു നാടകത്തിലെ ഏററവും വികാരവിജൃംഭിതമായ ഒരു രംഗം ആരുമാരുമറിയാതെ എൻെറ ഹൃദയംമാത്രം പണി പ്പെട്ടൊതുക്കി. തണുപ്പിൽനിന്നു രക്ഷകിട്ടാൻ മററെല്ലരും തുണി പലവിധത്തിലുപയോഗിച്ചപ്പോൾ, ലേശം കാററു കടക്കാൻവേണ്ടി ഞാൻമാത്രം ഉടുപ്പിൻെറ ബട്ടൺ അഴി ച്ചിട്ടു. എന്നെ അവൾ മനസ്സിലാക്കാതെ കഴിഞ്ഞെങ്കിൽ! പിന്നീടതുമാത്രമേ ഞാനാശിച്ചുള്ളു.

ബോട്ട് കൊല്ലം ജെട്ടിയിലടുത്തു. ജട്ടിയിൽ നിന്നിരു ന്ന പലരും അവളെ ഉന്നംവെച്ചു. ഞാൻ പെട്ടെന്നു യാത്ര ചോദിച്ചു. ഞാനങ്ങനെ കടന്നുകളയുമെന്നവൾക്കു വിചാ രമില്ലായിരുന്നു. ഒരു രാത്രി നഷ്ടപ്പെട്ട വേദന മനഃപൂർവ്വം മറച്ചിട്ട്, ഒരത്ഭുതമനുഷ്യനോടെന്നപോലെ അവൾ എ ൻെറനേക്ക് കൈകൂപ്പി. ഞാനതു സ്വീകരിച്ചിട്ട് വേഗം തന്നെ തിരിഞ്ഞുനടന്നെങ്കിലും, ആ ഉലഞ്ഞ കണ്ണുകളിൽ പററിനിന്ന ചോരയുടെ നാനവും, ആ വരണ്ട ചുണ്ടിൽ പററിയ വാടിയ പുഞ്ചിരിയും എനിക്കു കാണാതിരിക്കാൻ കഴിഞ്ഞില്ല. അടങ്ങാത്ത ദാഹത്തോടെ ഇത്തിരി ശുദ്ധ വായുവിനുവേണ്ടി ഞാൻ വലിഞ്ഞുനടന്നു!

★

# പ്രേമവും താലിയും

മഹൂത്തമടുക്കുന്തോറും വിവാഹവീട്ടിലെ ആരവം വർദ്ധിച്ചുകൊണ്ടിരുന്നു. വന്നുചേർന്നവരെല്ലാം പന്തലിന്നു പുറത്തും അകത്തും കൂടിയിരുന്ന് അവരവർക്കുചേർന്ന കാര്യങ്ങൾ ഒരപൂർവ്വാവസരംപോലെ പറഞ്ഞുതീർക്കുകയാണ്. എല്ലാശബ്ദങ്ങളെയും ഭേദിച്ചുകൊണ്ട് റെക്കാർഡു സംഗീതം ഉച്ചഭാഷിണിയിലൂടെ ശക്തിയായൊഴുകുന്നു. റെക്കാർഡുവയ്ക്കുന്ന മനുഷ്യന് ഹൃദയമുണ്ട്. അയാൾ തിരിഞ്ഞുവയ്ക്കുന്നതെല്ലാം കേൾക്കാനാഗ്രഹിച്ചിരുന്നതുപോലെ തോന്നും. വസന്തമാരംഭിച്ചിട്ടും ഹൃദയവാടിയിലെ പൂക്കളെന്തെ വികസിക്കുന്നില്ലാ, എന്നർത്ഥംവരുന്ന ഒരു ഹിന്ദിഗാനം കഴിഞ്ഞപ്പോൾ വെള്ളാരംകുന്നിലെ പൊൻമുളംകാട്ടിലെ പുല്ലാംകുഴലൂത്തുകാരനായ കാററിനെ വിളിക്കുന്ന മനോഹരമായ മലയാളഗാനമുയൻു. സംസാരിക്കാൻ കൂട്ടില്ലാത്തവരും അത്യാവശ്യമായിട്ടൊന്നും സംസാരിച്ചുതീർക്കാനില്ലാത്തവരും പാട്ടിൽ ലയിച്ചിരിക്കുന്നു.

വിവാഹവീടുമായി ബന്ധപ്പെട്ടവർക്കെല്ലാം തെരക്കുപിടിച്ച പണിയാണ്. എങ്ങും സമയം തികയാത്തതുപോലൊരു ധൃതിപ്പെടല്. പാചകപ്പുരയിലെ വാപ്പുകളിൽ തിളച്ചുമറിയുന്ന പലജാതി കറികളുടെ ചേർന്നുള്ളൊരു ഗന്ധം, ഘ്രാണശക്തി ജാസ്തിയായുള്ള മൂക്കുകളിൽ ശക്തി

യോടെ കുത്തിക്കൊണ്ടിരുന്നു. സ്ത്രീകൾ കൂടിക്കിടക്കുന്ന വളപ്പിനകത്തു ലോഹ്യം പറച്ചിലും കുശലം ചോദിപ്പും പൊട്ടിച്ചിരിയും വളകിലുക്കവും, കുഞ്ഞുങ്ങളുടെ കരച്ചിലും താരാട്ടുപാട്ടും എല്ലാം ചേർന്ന് യാതൊന്നും തിരിച്ചറിയാൻ വയ്യാത്തൊരു ബഹളംമാത്രം. പുരുഷന്മാർക്കെതിരായിട്ടവർ വിജയക്കൊടി നാട്ടിയിരിക്കുന്നു—വെറും ഒച്ചയുണ്ടാക്കലിന്നുമാത്രം!

പെട്ടെന്നു ഗെയിററിനു വെളിയിൽ അഞ്ചു പുതിയ കാറുകൾ നിരന്നുനിന്നു. രണ്ടുനിമിഷം നിശ്ശബ്ദമായി. വരനും കൂട്ടരും വന്നതാണ്. യഥായോഗ്യം സ്വീകരിച്ചു പന്തലിലേയ്ക്കാനയിച്ചു. പുറത്തുകൂടിയിരുന്നവരെല്ലാം അകത്തേയ്ക്കുവലിഞ്ഞു. ഒഴിഞ്ഞുകിടന്നിരുന്ന പന്തൽ ഞെരുങ്ങിനിറഞ്ഞു. രണ്ടു കുടുംബങ്ങളും രണ്ടു നാട്ടുകാരും ഒന്നിക്കുന്നു. വിഭിന്നപ്രകൃതികളായ രണ്ടു പദാർത്ഥങ്ങളെ ലയിപ്പിച്ചു ചേർക്കുന്ന രാസത്വരകത്തിൽനിന്നുയരുന്ന ഗന്ധംപോലെ സാമ്പ്രാണിയുടെയും സിഗററിന്റെയും പുകചേർന്നൊഴുകുന്ന വാസന. പൂക്കളുടെയും മററു സുഗന്ധദ്രവ്യങ്ങളുടെയും സുഖമുള്ള മണം അന്തരീക്ഷത്തിൽ തങ്ങിനിന്നു. അടിച്ചുകയറുന്ന ആഹ്ലാദത്തിന്റെ തിരമാലകൾക്കുമുകളിൽ വലിഞ്ഞുകൂടുന്ന വെളുത്ത പതപോലെ എല്ലാ മുഖങ്ങളും പ്രകാശിക്കുന്നു. ജീവിതത്തിന്റെ പരുപരുപ്പുകളും വേദനകളും പ്രയാസങ്ങളുമെല്ലാം മറന്നുപോവുന്ന ചുരുക്കം നിമിഷങ്ങൾ. പുറമേ കാണുന്ന മുഖങ്ങളെല്ലാം ആനന്ദത്തിന്റെയും ഉന്മേഷത്തിന്റെയും പെരുമ്പറയടിക്കുന്നു.

സമയം പോയതാരുമറിഞ്ഞില്ല. വിവാഹത്തിനുള്ള മുഹൂർത്തമായി. പിന്നെയും നിശ്ശബ്ദത. ഏതോ പ്രമാണി

വിവാഹത്തിനു സദസ്സിൻെറ അനുമതി ചോദിച്ചു. സദസ്സ് മൗനമായിരുന്നതു് എല്ലാരും അനുവദിച്ചതാണെന്ന ദ്ദേഹം പാസ്സാക്കി. വധുവിൻെറ പുറപ്പാടായി. ആളിക്കത്തുന്ന ഒരു ദീപവും കയ്യിലേന്തി പുറപ്പെട്ട വധുവിനെ, വരൻെറ സഹോദരി പിറകിൽനിന്നു തള്ളിക്കടത്തി. ഒരായിരം കണ്ണുകഠം പുതുപ്പെണ്ണിൻെറ മുടിമുതൽ പാദംവരെ കരുതലോടെ കുത്തിമുറിപ്പെടുത്തി. അലക്കിയ വെള്ളവിരിച്ച രണ്ടു കസേരകളിൽ മുട്ടുത്ത നിമിഷത്തിലെ ദമ്പതികഠം ഇരുപ്പുപിടിച്ചു. സമയക്കുറിപ്പിൽ ജ്യോത്സ്യൻ പറഞ്ഞ കൃത്യ'രാശി'ക്കുതന്നെ താലികെട്ടു നടന്നു. വധു പൂമാല ഇട്ടതു കണ്ടവക്കാക്കും പിടിച്ചില്ല. അകലെനിന്നു വലിച്ചെറിഞ്ഞ മാല ആരുടെയോ നേരുകൊണ്ടു തറയിൽ വീഴാഞ്ഞതാണെന്നു് ആ 'അഹങ്കാരി'പ്പെണ്ണിനെ നോക്കി എല്ലാരും പിറുപിറുത്തു. മൈക്കിൽക്കൂടെ നാദസാരം പ്രവഹിച്ചുകൊണ്ടിരുന്നു. ആശംസകളും പാരിതോഷികങ്ങളും നവദമ്പതികഠംക്കു് അതിഥികഠം ചൊരിഞ്ഞു—ആയുരാരോഗ്യസമ്പൽസമൃദ്ധിയോടെ ദീർഘകാലം ജീവിക്കാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ, എന്നു് പൊതുവിൽ അത്ഥം വരുന്ന ഗദ്യത്തിലും പദ്യത്തിലുമുള്ള ആശംസകളും വിലപിടിപ്പുള്ള ധാരാളം പാരിതോഷികങ്ങളും. ഏറെക്കുറെ നിശബ്ദമായിരുന്ന അന്തരീക്ഷം മംഗളപത്രം പറത്തിയും, നാരങ്ങകൊട്ടുത്തും പനിനീരുകുടഞ്ഞും, ചന്ദനം വിളമ്പിയും പിന്നെയും കലപിലമറിച്ചു.

പന്തലിൽ ഊണിനുള്ള വട്ടമായി. ഏകദേശം പകുതിയാളുകഠം ഊണു കഴിഞ്ഞപ്പോഴാണു് ദമ്പതികഠംക്കു പുറപ്പെടാനുള്ള 'രാശി' വന്നതു്. യാത്ര അയപ്പു കഴിഞ്ഞി

ട്ടുമതി ബാക്കി ഊണുകൊട്ടക്കലെന്നു കാരണവന്മാർ വിധി ച്ചു. പന്തലു തൂത്തുവെടിപ്പാക്കി പെണ്ണിനെ ഇറക്കി. ആരും പ്രതീക്ഷിച്ചതുപോലൊന്നും സംഭവിച്ചില്ല. പെണ്ണ് ആരോടും യാത്രപോലും ചോദിച്ചില്ല. അവളുടെ മുഖത്തു തീക്ഷ്ണമായ വികാരം കട്ടപിടിച്ചിരുന്നു. ഏററവുപോയ മുഷിപ്പൻജോലി ചെയ്തുതീർക്കുന്ന ഭാവത്തിൽ അവൾ വര ൻെറ ആൾക്കാരെ അനുഗമിച്ച് 'ഗമ'യിൽത്തന്നെ നടന്നു കാറിനകത്തുകൂടി. കാറുകൾ ഒന്നൊന്നായി ഇരച്ചുനീങ്ങി. കാറിനകത്തുവച്ചുപോലും അവൾ ആരോടും ഒരക്ഷരം ഉരി യാടിയില്ല. എന്തു തണ്ടുകാരിപ്പെണ്ണ്—എല്ലാക്കുമങ്ങ നെ തോന്നി.

ഭർത്താവിൻെറ വീട്ടിനുമുമ്പിൽ കാറുകൾ നിന്നു. എ രിയുന്ന കൈവിളക്കുമായിട്ടൊരു മുത്തശ്ശിവന്നു പെണ്ണിനെ സ്വീകരിച്ചു. വിളക്കു കൊടുത്തിട്ടവർ പറഞ്ഞു—വലതു കാൽ ചവിട്ടി കയറാൻ. അതു കേൾക്കാൻ വയ്യാത്തവണ്ണം അവളുടെ മനസ്സ് അസ്വസ്ഥമായിരുന്നു. വിളക്കു മേടിച്ച് തോന്നിയകാൽ ചവിട്ടികയറിയപ്പൊഴെയ്ക്കു് ദീപം കെട്ടു പോയി! പലരും മൂക്കേൽ വിരൽവച്ചു.

അയലത്തെ പെണ്ണുങ്ങളെല്ലാം 'പൊറുതി'യെ കാ ണാൻ കൂടിയിട്ടുണ്ട്. അവരെല്ലാം അവളോടു കുശലം പറ യുകയും ചോദിക്കുകയും ചെയ്തു. ഒന്നും ശ്രദ്ധിക്കാതെ അ വൾ വിദൂരതയിലെങ്ങോ നോക്കി നിശ്ചലയായി നിന്നതേ യുള്ളു. അവളുടെ ഹൃദയത്തിൽ വികാരം നീറിപ്പിടിക്കുക യായിരുന്നു. 'വക്ത്തില്ലാത്ത ഒരു മിണ്ടാപ്പൂച്ച' കൂടിയ പെണ്ണുങ്ങളെല്ലാം അവജ്ഞയോടെ അഭിപ്രായം പാസ്സാ

ക്കി. ആരെല്ലാമോ അവളെ ഉണ്ണാനും, കാപ്പി കുടിക്കാനു മൊക്കെ ക്ഷണിച്ചു. രണ്ടാമതൊന്നു നിർബ്ബന്ധിക്കാൻ പോലും ഇടകൊടുക്കാത്തത്ര മയമില്ലാത്ത സ്വരത്തിലവൾ പറഞ്ഞു:

"വേണ്ട."

ബന്ധുക്കളിൽ ആരോ ഒരു സ്ത്രീ പറഞ്ഞു:

"ലജ്ജകൊണ്ടാണ്."

"പിന്നെ. വേറെ വല്ലവരും പൊറുക്കാൻ പോയിട്ടു ണ്ടോ?" ലജ്ജകൊണ്ടല്ല, ധിക്കാരം കൊണ്ടാണെന്ന ധ്വ നിയിൽ പൊറുത്തുപഴക്കമുള്ള ഒരു സ്ത്രീ അതു നിഷേധിച്ചു.

"എന്നാലും, ഇങ്ങനെ ഒരു കണ്ടാമൃഗമുണ്ടോ?" മറെറാരു സ്ത്രീ അതു പിന്താങ്ങി.

അഭിപ്രായങ്ങളും നിരൂപണങ്ങളുമൊക്കെ കഴിഞ്ഞു് അതിഥികളെല്ലാം പോയിത്തീർന്നു. വെള്ളത്തിൽ ലേശം മഷിവീണാലെന്നപോലെ അന്തരീക്ഷത്തിൽ ഇരുട്ടുവച്ചു തുടങ്ങി.

"ചോറു വിളമ്പിക്കൊട്ട്" ഭർത്താവിനു ചോറുവിള മ്പിക്കൊടുക്കാൻ ആരോ അവളെ നിർബ്ബന്ധിച്ചു. അ വൾ കൂട്ടാക്കിയില്ല. ഭാര്യ ഉണ്ണാഞ്ഞിട്ടാണോ വിളമ്പാ ഞ്ഞിട്ടാണോ ആ ഭർത്താവും അന്നു് അത്താഴമുപേക്ഷിച്ചു.

"പോയി കിടക്കവിരിച്ചുകൊട്ട്." മുറി ചൂണ്ടിക്കാ ണിച്ചിട്ട്, ഭർത്താവിനെ പോയി ഉറക്കാൻ ആരോ ശുപാർശ നടത്തിയതാണ്. അവൾ അനങ്ങിയില്ല. അവളുടെ ഹൃദ യത്തിൽ കൊടുങ്കാററുവീശിക്കൊണ്ടിരുന്നു—വേദനയുടെ ഉഗ്ര മായ കൊടുങ്കാററു്.

ഭർത്താവു കിടക്കമുറിയിൽ ക്ഷമയററു കാത്തിരിക്കയൊ ണ്. കാത്തിരുന്നു മുഷിഞ്ഞു. മാംസം പിച്ചിപ്പറിച്ചെടുക്കുന്ന മഞ്ഞിൻെറ തണുപ്പു വകവയ്ക്കാതെ ചന്ദ്രികതട്ടി വെളുത്തു പരന്നുകിടക്കുന്ന മുററത്തിറങ്ങി അയാൾ ഉലാത്തി. അമ്പിളിമുത്തച്ഛൻ, നക്ഷത്രക്കൊച്ചുങ്ങളെ പിച്ചനടത്തിക്കുന്ന നീലാകാശം തെളിഞ്ഞുകിടക്കുന്നു. രാത്രിയുടെ നിശബ്ദതയിൽ മഞ്ഞലിഞ്ഞു വിറങ്ങലിച്ചുനിന്ന വായുവിലൂടെ അകലെനിന്നു് ഹൃദയഹാരിയായ ഒരു പ്രേമഗാനത്തിൻെറ ഈരടികൾ നീന്തിനീന്തിവന്ന് അയാളുടെ ചെവികളെ തഴുകിക്കൊണ്ടിരുന്നു. ഇക്കിളികൂട്ടുന്ന ആ അന്തരീക്ഷത്തിൽ, വികാരം പൊന്തിയുകയരുന്ന ഹൃദയം മധുവിധുവിൻെറ സ്വപ്നങ്ങൾ നെയ്യുകയാണ്. വായ്തോരാതെ ചിലച്ചുകൊണ്ട് കരയെ എത്തിപ്പിടിക്കാൻ നീന്തിവരുന്ന കുഞ്ഞലകളുടെ ചുണ്ടിൽനിന്നൊപ്പിയെടുത്ത ഉപ്പുരസവുമായി ഒരു കൊച്ചു കാററ് ആ ശരീരത്തു നൃത്തം വച്ചപ്പോൾ അയാളുടെ വികാരം തടഞ്ഞുനിത്തിയിരുന്ന അണകെട്ടു ദുർബ്ബലമായിപ്പോയി.

അയാൾ വീട്ടിനുള്ളിലേയ്ക്കു നോക്കി. ഇരുട്ടും നിശബ്ദതയും. അയാളുടെ കിടക്കമുറിമാത്രം നിറയെ പ്രതീക്ഷകളുമായി പ്രകാശത്തോടെ തുറന്നു കിടക്കുന്നു. പെട്ടെന്നൊരു സ്ത്രീ, പിടിച്ചുവിട്ട അസ്ത്രത്തിൻെറ വേഗതയിൽ അയാളുടെ മുറിയിലേയ്ക്കു കടന്നു. അയാൾ സൂക്ഷിച്ചു: ഭാര്യയാണ്. ആഹ്ലാദത്തിൻെറ അലകൾ അയാളുടെ ഹൃദയത്തിൽ ശക്തിയായലച്ചു. അയാൾ മുറിക്കുള്ളിലേയ്ക്കു കുതിച്ചു. ചെന്നപാടെ, പൂക്കൾ വിരിച്ച സോഫയിൽ ഇരുന്ന് അയാൾ പറഞ്ഞു:

"ഞാൻ കരുതി ഇന്നെന്നെ പററിച്ചുകളയുമെന്ന്."

അവഠം പെട്ടെന്നു പറഞ്ഞു:

"ഇന്നെന്നല്ല, എന്നും പററിക്കാനാണു ഞാൻ പോന്നതു്."

വലിച്ചുകെട്ടിയിരിക്കുന്ന നേത്ത കമ്പി വലിച്ചുവിട്ടാലെന്നപോലെ അവളുടെ ശബ്ദം മുഴങ്ങി. അയാഠംക്ക മനസ്സിലായില്ല. അവളുടെ മുഖം സൂക്ഷിച്ചുനോക്കി. അസുഖകരമായ കടുപ്പം. അഴകു മുററിനിന്ന ആ മുഖം എങ്ങനെ വികൃതമായിരിക്കുന്നു. ഒരു ഊററപ്പുലിയുടെ ഇരട്ടി ഗൗരവം പണിപ്പെട്ടടക്കിയിട്ട് അവഠം തുടന്നു:

"ഞാൻ അങ്ങയുടെ അധീനതയിലാണിപ്പോഠം. നിയമദൃഷ്ടിയിൽ അങ്ങയുടെ ഭാര്യയുമാണ്. എന്നെ എന്തു ചെയ്യാനും അങ്ങയ്ക്കിപ്പോഠം അധികാരവുമുണ്ട്. ചോദിക്കാനും പരാതിപ്പെടാനും ആരുമില്ലെന്നുള്ളതും ശരിയാണ്. പക്ഷെ, ദയവുചെയ്ത്—മനുഷ്യത്വത്തെ മുൻനിത്തി—വെറും കായികമായ ബലംകൊണ്ട് എന്നെ കീഴ്പ്പെടുത്തിക്കളയരുതെന്ന് ഞാനപേക്ഷിക്കുന്നു."

അവഠം വല്ലാതെ കിതക്കുന്നുണ്ടായിരുന്നു. വികാരം ഏറി ഇറങ്ങുന്ന അവളുടെ മുഖത്തു്, ആഴമറിയാൻ കഴിയാത്ത രണ്ടു നീലജലാശയങ്ങഠംപോലെ തോന്നി, കണ്ണുകഠം! അതിൽ കാൽതെററി വീണ് ശ്വാസംമുട്ടുന്ന ആ ഭത്താവ് യാതൊന്നും മനസ്സിലാകാതെ മിഴിച്ചിരുന്നുപോയി. ഒരു നിമിഷത്തെ നിശ്ശബ്ദതയും സ്തംഭനവും. നിസ്സഹായനായ ആ ഭത്താവ് ഹൃദയവേദനയോടെ പറഞ്ഞു:

"എന്തെ, ശാരദ. എനിക്കൊന്നും മനസ്സിലാവുന്നില്ല."

"ഇല്ലെന്നെനിക്കുമറിയാം. മനസ്സിലായെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കുമായിരുന്നില്ലല്ലോ. എല്ലാം മനസ്സിലാക്കിത്തരാനാണു ഞാൻ പോന്നത്. ഈ ബന്ധം എനിക്കു സമ്മതമായതല്ല." അവൾ വെട്ടിത്തുറന്നു പറഞ്ഞു.

അയാൾ ഞെട്ടിത്തെറിച്ചുപോയി.

വളരെ പണിപ്പെട്ടിട്ടും അവളുടെ സ്വരം ഇടറിത്തന്നെ ഇരുന്നു. കണ്ണു ചുവന്നു നനഞ്ഞുപോയി. കണ്ണുനീരിൻെറ കെട്ട് തൊണ്ടയിൽ ഇറുകിയിരുന്നതുകൊണ്ടാണ്—പിന്നീടെന്തോ പറയാൻ ശ്രമിച്ചത് പുറത്തുവന്നില്ല.

അയാൾ ശ്വാസമടക്കി ചോദിച്ചു:

"ശാരദ അറിഞ്ഞില്ലെ?"

"അറിഞ്ഞു. ഫലമില്ലാതെപോയി. അച്ഛൻ ഒരു സ്നേഹമില്ലാത്തയാളാണെന്നു പറയേണ്ടിവരുന്നതിൽ വ്യസനമുണ്ട്. എൻെറ പ്രതിഷേധത്തിനുനേരെ അദ്ദേഹം കാണിച്ചത് ഒരു പുതിയ കത്തിയാണ്—എന്നെ കഷണമാക്കാനുള്ള കത്തി. ഞാനെന്തുചെയ്യാനാണ്. ജീവിക്കാനുള്ള കൊതികൊണ്ടുമാത്രം ഞാനിതൊക്കെ ചെയ്തുതീർത്തതാണ്. അങ്ങ് ഹൃദയമുള്ള ഒരു മനുഷ്യനായിരിക്കുമെന്നും, എൻെറ സങ്കടം പറഞ്ഞു നിവൃത്തിയുണ്ടാക്കാമെന്നും ഒടുവിൽ, ഏററവും ഒടുവിൽ ഞാനാശിച്ചു."

അയാൾ ഒരു പ്രതിമപോലെ നിശ്ചലനായിരുന്നു. അവളുടെ മുഖമാകെ ചുവന്നു തടിച്ചിരുന്നു. സൗമ്യമായിട്ടവൾ തുടർന്നു:

"അങ്ങയെപ്പോലുള്ളവരെങ്കിലും കൂടെത്താമസിക്കാൻ തെരഞ്ഞെടുക്കുന്നവരുടെ സമ്മതം പ്രധാനമായന്വേഷിക്കേണ്ടതല്ലേ. എപ്പോഴെങ്കിലും ഒരവസരം കിട്ടിയെങ്കിൽ ഞാൻ നേരിട്ടുതന്നെ അറിയിച്ചേനെ. അതുണ്ടായില്ല. എല്ലാ വഴികളും ബുദ്ധിപൂർവ്വം അടച്ചിരിക്കയായിരുന്നു. ഞാൻ തടങ്കലിലായിരുന്നു."

"ഞാൻ ലജ്ജിക്കുന്നു." വ്യക്തമാവാത്ത സ്വരത്തിൽ അത്രയും അയാളുടെ തൊണ്ടയിൽനിന്നു പുറത്തു ചാടിപ്പോയി. മരവിച്ചുപോയ തൻെറ ഹൃദയത്തിൽ വേദനയുടെ കൂരമ്പുകൾ തറയ്ക്കുന്നതയാളറിഞ്ഞില്ല. അവൾ തുടൎന്നു:

"ഞാൻ വിചാരിച്ചതിലുമധികം മനുഷ്യനാണങ്ങ്. ഞാൻ തുറന്നുപറയട്ടെ. ഈ ശരീരം മററാരാളിനു കൊടുത്തുകഴിഞ്ഞതാണ്. എൻെറ ഒരമ്മാവൻെറ മകൻ മലയായിലുണ്ട്. പോവുംവരെ ഞങ്ങൾ ഒരു ശരീരവും ഹൃദയവുമായിരുന്നു. മുണ്ടുടുക്കാൻ പഠിക്കുംമുമ്പേയുള്ള കളിത്തോഴനായിരുന്നു. എനിക്കുവേണ്ടിയാണ് അദ്ദേഹം മലയായ്ക്കുപോയത്. താമസിയാതെ വന്നു വിവാഹം നടത്താമെന്ന ഉറപ്പിലാണ് അദ്ദേഹം പോവുന്നതും. അച്ഛനും മററെല്ലാക്കും അതു സമ്മതമായിരുന്നു. പക്ഷെ, ഈയിടെ അച്ഛൻ അറിഞ്ഞു, അദ്ദേഹത്തിനവിടെ ഭാൎയ്യയും മക്കളുമൊക്കെ ആയെന്ന്. അതാണ് ഇങ്ങനെ നടത്താൻ അച്ഛൻ വാശിവച്ചതു്. ഞാനതു വിശ്വസിക്കുന്നില്ല. വിശ്വസിക്കാമെങ്കിൽത്തന്നെ എനിക്കു പരാതിയില്ല. ആ ഹൃദയത്തിലും ജീവിതത്തിലും നല്ലൊരു സ്ഥാനം എനിക്കായിട്ടെന്നും തുറന്നുകിടക്കുമെന്നെനിക്കുറപ്പുണ്ട്. എത്രകാലവും അതിന്നായി ഞാൻ കാത്തിരിക്കും. മററാരാളിനു കൊടു

ത്തുകഴിഞ്ഞ ഈ ഹൃദയവും ശരീരവും ഇനി ആൎക്കും കിട്ടുകയില്ല. അങ്ങെന്നോടു ക്ഷമിക്കണം."

അവളുടെ കലങ്ങിയ കൺപീലികളിൽ തടഞ്ഞുനിന്ന രണ്ടു വെൺമുത്തുകൾ ആ കവിൾത്തടത്തിലൂടെ ഉരുണ്ടു താഴെവീണു ചിതറിപ്പോയി. ഉൽക്കടമായ വിഷാദത്തിൻെറയും തീവ്രമായ നൈരാശ്യത്തിൻെറയും അസഹ്യമായ വേദനയുടെയും തിരത്തള്ളലിൽപെട്ട് അയാളുടെ ഹൃദയം ചതഞ്ഞു തകൎന്നുപോയി അയാൾ പറഞ്ഞു:

"ശാരദയുടെ ധൈൎയ്യത്തെയും ഹൃദയത്തെയും ഞാൻ ബഹുമാനിക്കുന്നു. ശാരദയ്ക്കുവേണ്ടി എന്തുചെയ്യാനും ഞാനൊരുക്കമാണ്. എനിക്കു മാപ്പുതരിക. എന്നിട്ടു പറയൂ, ഞാനെന്തുവേണമെന്നു പറയൂ."

അവളുടെ മുഖം പ്രകാശിച്ചു. അവൾ പറഞ്ഞു:

"അങ്ങെന്നെ ഉപേക്ഷിക്കണം. വെളുപ്പിനു വീട്ടിലാക്കിത്തരണം."

"അച്ഛൻ?" അയാളറിയാതെ ചോദിച്ചുപോയി.

"അങ്ങെന്നെ ഉപേക്ഷിച്ചാലും അച്ഛനെന്നെ കൊല്ലുമോ? ഇല്ല, ഒരിക്കലുമില്ല." ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അവൾ തുള്ളിച്ചാടിപ്പോയി.

"ചെയ്യാം. അതിനപ്പുറവും ചെയ്യാം." അയാൾ സമ്മതിച്ചു. അന്തരീക്ഷത്തിൽ മഞ്ഞുറഞ്ഞുകിടന്നിട്ടും അയാൾ കുളിച്ചതുപോലെ വിയൎത്തുപോയി. ദാഹം! തൊണ്ടയിൽ ഒരിററു നനവില്ല.

"അങ്ങയുടെ മഹാമനസ്കതയുടെയും മനുഷ്യത്വത്തിൻെറയും മുമ്പിൽ ഈയുള്ളവൾ തലകുനിക്കട്ടെ."

അയാൾ പ്രതിമപോലിരുന്നു. അന്നു പകൽ തന്റെ കഴുത്തിൽ കെട്ടിയ താലിയിൽ പിടിച്ചുകൊണ്ടവൾ ചോദിച്ചു:

"ഇതറുക്കട്ടെ?"

അയാൾ സമ്മതഭാവത്തിൽ തലകുലുക്കി. അവൾ താലി വലിച്ചറുത്തു.

"ഈശ്വരൻ ക്ഷമിക്കട്ടെ."

പൊട്ടിച്ച താലി അവൾ നീട്ടിയതു് അയാൾ മേടിച്ചപ്പോൾപോലും ആ കൈകൾ തമ്മിൽ സ്പർശിച്ചില്ല. പക്ഷെ, രണ്ടു കൈകളും വിറയ്ക്കുന്നുണ്ടായിരുന്നു.

★

# പൊലീസ് ഇൻസ്പെക്ടറുടെ ഭാര്യ

രാത്രി പത്തുമണി കഴിഞ്ഞ നേരമേ ആയുള്ളു. പുറത്തു നോക്കിയപ്പോൾ നല്ല ഇരുട്ട്. ആകാശവും അന്തരീക്ഷവും തിരിച്ചറിയാൻവയ്യാത്തവിധം ഇരുട്ട് കനത്തുറഞ്ഞു കിടക്കുന്നു. സന്ധ്യവരെ തകർത്ത മഴ, സന്ധ്യയ്ക്കുശേഷം തോർന്നിട്ടുണ്ട്. എങ്കിലും മഴ എപ്പോഴും പ്രതീക്ഷിക്കാവുന്ന അന്തരീക്ഷം. ചീവീടിന്റെ ചെവിക്കല്ലു തുളയ്ക്കുന്ന ശബ്ദം തുടർച്ചയായി മുഴങ്ങുന്നു. അത്താഴം പങ്കുവയ്ക്കുന്ന തൊഴിലാളിക്കൂരകളിൽനിന്നു ചില കൊതിക്കുട്ടന്മാർ ഒരുത്തു നിലവിളിക്കുന്നു. പട്ടികളും ഊളന്മാരും ഇടയ്ക്കിടെ മത്സരിക്കുന്നുണ്ട്.

അന്നദ്ദേഹത്തിനു പതിവില്ലാത്ത ഒരു ഭയം. ഉടനെ അവിടം വിട്ടില്ലെങ്കിൽ അപകടം തീർച്ച. കഴിഞ്ഞ ഒരു മാസമായി അദ്ദേഹം അവിടെത്തന്നെ. ഇനിയും അതു പന്തിയല്ല. അതിനു സമീപമൊക്കെ അന്വേഷണമായിപ്പോയി. പൊലീസിന്റെ വാശിപിടിച്ച അന്വേഷണം അദ്ദേഹത്തെപ്പററി നടക്കുകയാണ്. ഏതായാലും ഉടനെ അവിടം ഉപേക്ഷിക്കാൻതന്നെ അദ്ദേഹം തീർച്ചപ്പെടുത്തി.

കഴിഞ്ഞ ആറുകൊല്ലമായി മുഴുവൻ സമയവും അദ്ദേഹം തൊഴിലാളികളുടെ തോളുരുമ്മി കഴിയുകയാണ്. : സാ

ധാരണക്കാരുടെ ജീവനായ ആ ജീവിതത്തിന്ന സ്വന്തമായ ഒരാഗ്രഹവുമില്ല. ജനശത്രുക്കളുടെ മുമ്പിൽ എപ്പോഴും ഉയൎന്നുനില്ക്കുന്ന ആ കൃശഗാത്രത്തിലെ ഉരുണ്ട തല അണുബോംബിനെക്കാളം അവൎക്ക ഭയമായിരുന്നു. അദ്ദേഹം തൊഴിലാളികളിൽ പകൎന്നിപ്പെരുക്കിയ ഉഷാറ്, ആ കുഞ്ഞുവിരൽ അനക്കുന്ന ഏതു നിമിഷത്തിലും അണപൊട്ടിച്ചു കരകുത്തി ഒഴുകാൻ അവർ തയ്യാറായിരുന്നു.

ഐതിഹാസികമായ ആ ഏററുമുട്ടലിന്നുശേഷം രണ്ടുകൊല്ലത്തിലധികമായി അദ്ദേഹം സൂൎയ്യപ്രകാശം നേരെ കണ്ടിട്ട്. ആ 'വിധ്വംസക'നെക്കൊണ്ട് അധികാരികൾ പൊറുതിമുട്ടി. ഒരു വ്യക്തിയെ പിടിക്കാൻ പോലീസുഡിപ്പാർട്ടുമെൻറുതന്നെ പരാജയപ്പെട്ടു. അവരുടെ കൊണ്ടുപിടിച്ച അന്വേഷണം കണ്ട് അദ്ദേഹത്തിന്ന സഹതാപമാണ് തോന്നുക. ആ വിശ്രമമില്ലാത്ത പ്രവൎത്തനംകൊണ്ട് വ്യത്യാസപ്പെട്ടുകൊണ്ടിരുന്ന അദ്ദേഹത്തിൻെറ ശരീരത്തിൽ ഈ രണ്ടുകൊല്ലക്കാലത്തെ—ആഹാരവും കുളിയും വേണ്ടവിധമില്ലാത്ത—അജ്ഞാതവാസം അത്ഭുതാവഹമായ മാററം വരുത്തിയിരിക്കുന്നു.

ഇപ്പോഴത്തെ താമസം ഇനി സുരക്ഷിതമാവില്ലെന്ന് അദ്ദേഹത്തിന്ന തോന്നി. എന്തോ, സന്ധ്യയ്ക്കുശേഷം ഒരു പേടി. അദ്ദേഹം പുറപ്പെടാനൊരുങ്ങി. അവിടുന്ന് ഏകദേശം രണ്ടുമൈൽ തെക്കോട്ടു നടന്നാൽ ഒരു സഖാവിൻെറ വീട്ടുണ്ട്. ബുക്കുകളും, മാസികകളും, എഴുത്തുകളും എല്ലാം ഒരു സഞ്ചിയിലാക്കി ഒരു പഴയ കൈലി വളച്ചു തലയിൽകെട്ടി. ഉറങ്ങിക്കിടന്ന ആ വീട്ടിലെ വല്യമ്മയെ

വിളിച്ചുണർത്തി യാത്രചോദിച്ചു. കണ്ണുനീരുകൊണ്ടു കൃതജ്ഞതപറഞ്ഞു. അപ്രതീക്ഷിതമായ അദ്ദേഹത്തിന്റെ യാത്ര വല്യമ്മയെ പൊട്ടിക്കരയിച്ചു. ഒരുനിമിഷം, പൊലീസുകാർ തല്ലിക്കൊന്ന അവർക്കുള്ള ഒററമകനെ ഓർമ്മിച്ചുപോയി. ആ കുഴിഞ്ഞ കണ്ണുകളിൽ നീരു തളംകെട്ടി. ആ ചുക്കിച്ചുളിഞ്ഞ കരവലയത്തിനുള്ളിൽ പെട്ടു് ഏതാനും നിമിഷം അദ്ദേഹം അമർന്നുപോയി.

"എന്റെ പൊന്നുമോൻ ഒരണുപോലും വിട്ടുവീഴ്ച്ചചെയ്യാതെ ഈ പരിഷകളോടു പകരംചോദിയ്ക്കണെ. എന്റെ മോന്ന് ഒരാപത്തും ഉണ്ടാവില്ല."

അദ്ദേഹം നിശ്ശബ്ദനായി നിന്നു. ശക്തിയായി കത്തിക്കൊണ്ടിരുന്ന ചിമ്മിനിവിളക്കിൽ അദ്ദേഹത്തിന്റെ മുഖം അമ്മ സൂക്ഷിച്ചു. ഉമിത്തീ പറക്കുന്ന ഒരു പുകച്ചിൽ! ആ കൊച്ചു ശരീരത്തിനുള്ളിൽ ഒതുങ്ങാത്ത പക നീറിപ്പിടിക്കുകയായിരുന്നു. ഒടുവിൽ പറഞ്ഞു:

"നഷ്ടപ്പെടുന്ന നമ്മുടെ ഓരോ തുള്ളി ചോരയ്ക്കും ശേഷിക്കുന്ന മക്കൾ സമാധാനം പറയിക്കും അമ്മേ. തീർച്ച. ഞാൻ താമസിയാതെ അമ്മയെ വന്നുകാണും."

അദ്ദേഹം അവരുടെ പാദങ്ങൾ തടവി. പിന്നെയും ആ അമ്മ അദ്ദേഹത്തെ കെട്ടിപ്പുണർന്നു. ധീരനായ ആ പടയാളി ഒരു കൊച്ചുകുഞ്ഞിനെപ്പോലെ വാവിട്ടു കരഞ്ഞു പോയി.

ജീവിതസർവ്വസ്വമായ ഒരേഒരു മകനെ ആ വിപ്ലവ പ്രസ്ഥാനത്തിനുവേണ്ടി കുരുതികൊടുത്ത ഒരു വീരമാതാവാ

ണവർ. ആ വിപ്ലവപ്രസ്ഥാനത്തിൻെറ ജീവനായകനെ ന്നതിൽ കവിഞ്ഞു് അദ്ദേഹത്തെ അവക്കറിഞ്ഞുകൂട. അ വിടുന്നു് എത്രയോ നാഴിക അകലെയാണു് അദ്ദേഹത്തി ൻെറ സ്ഥലംതന്നെ. എന്നിട്ടും ആ അമ്മ, അവരുടെ ജീ വൻെറ ജീവനായിരുന്നു. നഷ്ടപ്പെട്ട മകനെക്കാൾ അദ്ദേഹ ത്തെ സ്നേഹിക്കുന്നു.

അത്യന്തം ശോകാത്മകമായ ആ രംഗം നീണ്ടുനിന്നി ല്ല. അമ്മ ആശീർവ്വദിച്ചു് അദ്ദേഹത്തെ യാത്രയാക്കി. ജന സഞ്ചാരം കുറവുള്ള ഒരു ഇടുങ്ങിയ വഴിയെ അദ്ദേഹം വ ലിഞ്ഞുനടന്നു. ആ സ്ഥലം പരിചയമില്ലാത്തതാണെങ്കി ലും പോകേണ്ട വഴി നല്ല നിശ്ചയമാണു്. അനേകം തവണ അങ്ങോട്ടുമിങ്ങോട്ടും പോയിട്ടുള്ളതാണു്. തോട്ടം വയലും കടന്നു നടപ്പാതയിൽ കയറി. രണ്ടു കഷിക്കതൊ ഴിലാളികൾ ചൂട്ടുമിന്നി കടന്നുപോയി. ആ പ്രകാശം കട ന്നപ്പോൾ കൂടുതൽ ഇരുട്ടുതോന്നി. ഇനി ഒരു തടത്തിൽ കയറി ഒരു മൈലോളം നടക്കണം. എതിരിനു കുറെ അ കലെ ഒരു ടോർച്ചുലൈററു കണ്ടു. ശക്തിയുള്ള ആ പ്ര കാശം പെട്ടന്നദ്ദേഹത്തിൻെറ മുഖത്തു തറച്ചു. കണ്ണഞ്ചി ക്കുന്ന പ്രകാശം. മുമ്പോട്ടൊന്നും കാണാൻ വയ്യ. ക്ഷന്ത വ്യമല്ലാത്ത ആ തെററു് യാദൃച്ഛികമായല്ല, ആരോ കരുതി ച്ചെയ്യുകയാണു്. അദ്ദേഹം മുമ്പോട്ടുതന്നെ നീങ്ങി. സെ ക്കണ്ടുകൾ കഴിഞ്ഞു. ലൈററു മുഖത്തുനിന്നു മാറീട്ടില്ല. ഇ ടതുവശത്തു കണ്ട ഇടുങ്ങിയ വഴിയിൽ അതിലേ പോകേ ണ്ടവനെപ്പോലെ തിരിഞ്ഞു് നീണ്ടുനടന്നു. ലൈററു് അ ദ്ദേഹത്തെ അനുഗമിക്കുന്നു. ആവുന്നത്ര വേഗത്തിൽ നട ന്നു. ലൈററു് ഓടുകയാണു്. അദ്ദേഹത്തിൻെറ ഹൃദയം

വല്ലാതെ തിളച്ചു. വേലിയും മതിലും പുരയിടവും ഒക്കെ ചാടി ഇരുട്ടിനെ തുളച്ചുകീറിക്കൊണ്ടദ്ദേഹം പാഞ്ഞു. പട്ടികൾ കുരച്ചുപായുന്നു. തെങ്ങുകൾക്കിടയിലൂടെ ലൈററ് പ്രകാശിക്കുന്നു. കടന്നുപോകുന്ന വഴികളിലെ വീട്ടുകാരൊക്കെ ശബ്ദംകേട്ടുണരുന്നു. ലക്കില്ലാത്ത ആ സ്ഥലം വളരെയധികം പിന്നിട്ടു. ലൈററ് കാണാതെയായി. ലക്ഷ്യമില്ലാതെ ഓടുന്നതിൻെറ വേഗത ലക്ഷ്യം പിടിച്ചോടുന്നതിനെക്കാൾ സ്വാതന്ത്ര്യമാണല്ലോ. ലൈററു കാണാതെയായിട്ടും അദ്ദേഹം വളഞ്ഞും തിരിഞ്ഞും ഓടി. ഒരു വീട്ടിൻെറ മുമ്പിൽ നിന്നു. ആ ഒററവീട്ടിൽ മാത്രമേ വിളക്കു കാണുന്നുള്ളു. അദ്ദേഹം ഒരു തെങ്ങിൻചുവട്ടിലേയ്ക്കു നീങ്ങി. നാലുഭാഗവും ശ്രദ്ധിച്ചു. ഇല്ല, ഒരു പ്രകാശവും ഒരു ശബ്ദവുമില്ല. പക്ഷെ, പ്രകാശവും ശബ്ദവുമില്ലാതെ ആളെ കടന്നുപിടിച്ചാൽപോലും അറിയാൻ പററില്ല. അതോൎമ്മിച്ചപ്പോൾ ഭയം ഇരട്ടിച്ചു.

അദ്ദേഹം അവിടെ ഇരുപ്പുറപ്പിച്ചു. കൂടക്കൂടെ നാലുപാടും കണ്ണു വലിച്ചുതുറന്നു നോക്കി. ശരീരം മുഴുവൻ മുറിഞ്ഞും ഉരഞ്ഞും നീററൽ. വേദനയും നീററലും; വിയർപ്പും തളച്ചയും.........മുൻവശത്തു കണ്ട വീടു ശ്രദ്ധിച്ചു. അതു തൊഴിലാളികളുടെ കൂരയൊന്നുമല്ല. ചെറുതെങ്കിലും കൊള്ളാവുന്ന വീട്. അദ്ദേഹത്തിൻെറ ശത്രുക്കളുടേതല്ലെങ്കിലും മിത്രങ്ങളുടേതല്ലെന്നു തീർച്ച. രക്ഷപ്പെടാനൊരു മാൎഗ്ഗവും കണ്ടില്ല. ആ ഇരുട്ടിനെ തുളച്ചുകീറി താൻ എങ്ങിനെ അവിടെ എത്തി എന്ന് അദ്ദേഹം അത്ഭുതപ്പെട്ടു. മരവിപ്പിക്കുന്ന നിമിഷങ്ങൾ........ആ വീട്ടിനു പുറത്തൊരു വിളക്കു കാണാം. രണ്ടു സ്ത്രീകളും ഒരു കുട്ടിയും വിളക്കിനടു

ത്തുണ്ടു്. ജോലിക്കാരിയും കുട്ടിയും ഉറക്കമാണു്. ഗൃഹനായിക പുസ്തകവായനയും ഉറക്കവുമായി മല്ലിടുന്നു. അവർ ഗൃഹനാഥനെ പ്രതീക്ഷിക്കുകയാണു്. ആ വീട്ടിൽ കയറി രക്ഷനേടാനാണു് അദ്ദേഹം ആലോചിക്കുന്നതു്. ചിലപ്പോൾ അതു വലിയ ബുദ്ധിശൂന്യതയും തികഞ്ഞ പരാജയവുമാവും. പക്ഷെ, അതൊരു പരീക്ഷണത്തിനുപയോഗിക്കുകയല്ലാതെ മററു മാർഗ്ഗമില്ല. ഒരടി നീങ്ങാൻ വയ്യ. കഴകന്മാർ അടുത്തെങ്ങാനുമെത്തിയോ എന്നുതന്നെ അറിഞ്ഞില്ല. പേടി വർദ്ധിക്കുകയാണു്—പട്ടികൾ അകലെ കുരയ്ക്കുന്നു. അദ്ദേഹം എണീററു ആ വീട്ടിലേയ്ക്കു നടന്നു വിളക്കിനു മുമ്പിൽ ചെന്നു. വായനയിലിരുന്ന ആ സ്ത്രീ പെട്ടെന്നു ചാടി എണീററു.

"......ഇങ്ങു വന്നില്ല." ആ സ്ത്രീയുടെ ശബ്ദം അടച്ചിരുന്നു.

"ക്ഷമിക്കണെ." അദ്ദേഹം പറഞ്ഞു. "എൻെറ ജീവനെ ഈ രാത്രിയിൽ നശിപ്പിക്കാനും രക്ഷിക്കാനും നിങ്ങൾക്കു കഴിയും. നിങ്ങളാരായിരുന്നാലും ഞാൻ തുറന്നുപറയട്ടെ—ഞാനൊരു പിടികിട്ടേണ്ട പുള്ളിയാണു്. കൂടുതൽ സംസാരത്തിനവസരമില്ല; എന്നെ അവർ ഓടിക്കുകയായിരുന്നു. ഞാൻ രക്ഷപ്പെട്ടുവെന്നേയുള്ളു. സത്യമായും ഞാൻ കള്ളനും കൊലപാതകിയുമല്ല. രാഷ്ട്രീയപ്രവർത്തനം മാത്രമാണു് എൻെറ പേരിലുള്ള കുററം. ദയവുചെയ്തു് എന്നെ ഈ രാത്രിയിൽ........" അദ്ദേഹം നിർത്തി നാലുപാടും നോക്കി. ആ സ്ത്രീ പകച്ചിരുന്നുപോയി. അവർ കാത്തിരിക്കുന്ന ഭർത്താവു് ഒരുപക്ഷെ, അദ്ദേഹത്തെ ഓടിച്ചവരിലുണ്ടാവും. അവരുടെ ഭർത്താവു് ആ സ്ഥലത്തെ

പൊലീസ് ഇൻസ്പെക്ടറായി ഇരുന്നു ചെയ്യുന്ന കുറ്റംകൈകൾ അവൾക്കുതന്നെ ഓക്കാനോ സഹിക്കാനോ വയ്യാത്തതാണ്. എന്തു തീരുമാനമെടുക്കണമെന്നറിയാതെ അവർ കുഴങ്ങി. എന്തായാലും ആ നല്ലമനുഷ്യൻെറ ജീവൻ രക്ഷിക്കാൻതന്നെ അവർ തീച്ചപ്പെടുത്തി. അദ്ദേഹത്തിൻെറ ജീവൻ രക്ഷിക്കണമെന്നപേക്ഷിക്കുകയല്ല, ആവശ്യപ്പെടുന്നതായിട്ടാണവൾക്കു തോന്നിയതു്.

ഒരു പിടികിട്ടേണ്ട പുള്ളിയാണെന്നു ആരേയും അറിയിച്ചുകൂടാത്ത സത്യം ഒരന്യസ്ത്രീയുടെ മുമ്പിൽ പറയേണ്ടിവന്നതിനെക്കുറിച്ച് അദ്ദേഹം ചിന്തിക്കുകയാണ്.

"നിങ്ങൾ വിഷമിക്കണ്ട." സ്ത്രീ സമാധാനം പറഞ്ഞു. അവർ താക്കോൽക്കൂട്ടമെടുത്തു് ഒരു മുറിതുറന്നു് അദ്ദേഹത്തെ ക്ഷണിച്ചു. അദ്ദേഹം അകത്തുകയറി. ഒരിടുങ്ങിയ ചെറിയ മുറി. തട്ടിൻപുറത്തുകയറുന്ന വാതിൽ അതിനകത്താണ്. ഒരു ഏണിയും നാലഞ്ചു പഴയ കലവും കഴിഞ്ഞാൽ പിന്നൊന്നും ആ മുറിയിലില്ല. അകത്തുനിന്നു തുറക്കാവുന്ന ഒരു വാതിലുണ്ട്. അദ്ദേഹത്തിൻെറ ശ്രദ്ധ ആശാസപൂർവ്വം അതിൽ കേന്ദ്രീകരിച്ചു.

"ആഹാരം കഴിക്കണോ?" അവർ ചോദിച്ചു.

"വേണ്ട, എനിക്കു വിശപ്പില്ല."

"എന്നാൽ കിടക്കതരാം. തട്ടിൻപുറത്തുകയറി സുഖമായി കിടക്കാം. ആ വാതിൽ തുറന്നാൽ ഇഷ്ടംപോലെ പുറത്തിറങ്ങാം. ഒരു വിവരം അറിയാതിരിക്കണ്ട—എൻെറ ഭർത്താവും നിങ്ങളെ അന്വേഷിക്കുന്നയാളായിരിക്കും, ഇവിടുത്തെ പോലീസ് ഇൻസ്പെക്ടർ. ഇപ്പോൾ വരും,

പേടിക്കരുത്. എന്നെ ധൈര്യമായി വിശ്വസിക്കു, ഞാനേററു നിങ്ങളെ."

സമാധാനത്തിനൊന്നും കാത്തുനില്ക്കാതെ ആ സ്ത്രീ മുറി പൂട്ടിയിട്ടു, പഴയ പുസ്തകം പേജുമറിക്കാൻ തുടങ്ങി. അദ്ദേഹം സ്തംഭിച്ചുനിന്നുപോയി. കുറേനേരം ശ്വാസമടക്കിനിന്നു. ഒരു കൊല്ലമായി അദ്ദേഹത്തെ പിടിക്കാൻ തീവ്രയത്നം ചെയ്തു പരാജയം സഹിക്കുന്നയാളാണ് അവിടത്തെ പോലീസ് ഇൻസ്പെക്ടർ. എത്ര ഭയങ്കരമായിരിക്കും അദ്ദേഹത്തിൻെറ അവിടത്തെ നിമിഷങ്ങൾ. എന്തായാലും ആ സ്ത്രീയെ വിശ്വസിക്കുകയേ ഇനി ഗത്യന്തരമുള്ളു. പുറത്തെ വാതിൽ തുറന്നു പരിശോധിച്ചിട്ട് വാതിലടച്ച് അദ്ദേഹം ഏണിപ്പടിയിൽ ഇരുപ്പുറപ്പിച്ചു. ഒരു ബീഡി കൊളുത്തി. യാതൊരുവിധ പരിചയവുമില്ലാത്ത ഒരു സ്ത്രീ—പോലീസ് ഇൻസ്പെക്ടറുടെ ഭാൎയ്യ—തൻെറ ജീവൻ അമ്മാനമാടിക്കൊണ്ടിരിക്കുമ്പോഴും അദ്ദേഹത്തിനു ബീഡി വലിക്കാതിരിക്കാൻ വയ്യ. കനത്ത ചിന്തകൾ മനസ്സിൽ വലിഞ്ഞുനീങ്ങി.

വെളിയിൽ ഭൎത്താവു വന്നു.

"ഇന്നെന്ത് ഇത്ര താമസിച്ചു?" ഭാൎയ്യ അന്വേഷിക്കുകയാണ്.

"താമസിച്ചുപോയി." തെല്ലു മൗനത്തിനുശേഷം തുടൎന്നു: "എന്നാലും വേണ്ടില്ല. ഒരു വലിയകാൎയ്യം നേടി എന്നുതന്നെ പറയാം." ക്ഷീണിച്ചുതളൎന്ന ആ മുഖത്തും ജീവത്തായ ഒരു മന്ദഹാസം വിടൎന്നു.

"എന്തുകാൎയ്യം?"

"രണ്ടുകൊല്ലമായി ഞങ്ങളെ കളിപ്പിച്ചും കളിയാക്കിയും നടക്കുന്ന ഒരു തെമ്മാടിയെ കണ്ടുകിട്ടി."

"ആരെ? പിടിച്ചോ?" അവർ അത്ഭുതം കാണിച്ചു.

"പിടിച്ചുകാണും. മൂന്നു പോലീസുകാർ അവൻെറ പിറകെതന്നെ പാഞ്ഞു.

"അയാൾ പോയ്ക്കാണും." തികച്ചും സ്വാഭാവികമായിത്തന്നെ അവർ മൊഴിഞ്ഞു.

"പോകാനോ, അത്ര അടുത്താണ് അവനെ കണ്ടത്. തൊട്ടുതൊട്ടാണ് അവരോടിയത്. എന്നിട്ടും പോയെങ്കിൽ ആ മൂന്നെണ്ണം നാളെ പുറത്താണ്. എന്തായെന്നറിഞ്ഞില്ല. ഞാനവിടെ മുഴുവൻ നോക്കി, ഒരു ലക്കമില്ല."

"കഷ്ടം. കിട്ടിയെങ്കിൽ പാവത്തിനെ കൊന്നതുതന്നെ."

"ഹൊ, പാവം! കൊല്ലുകയല്ല, ഇടിച്ച് അവൻെറ മജ്ജയുണ്ടല്ലോ മജ്ജ, അതു പുറത്തെടുക്കും." അയാളുടെ മുഖം ചുവന്നു രൂക്ഷമായിപ്പോയി. ഭർത്താവിനെ സ്നേഹിക്കാനും വിശ്വസിക്കാനും ആ ഭാര്യയുടെ ഹൃദയം ആവേശപ്പെടുന്നുണ്ട്. പക്ഷെ, എന്തുകൊണ്ടോ ഒരു ജനശത്രുവിനെ പൂർണ്ണമായും ആരാധിക്കാൻ അവർക്ക പലപ്പോഴും കഴിയാതെ വരുന്നു. സ്ത്രീധർമ്മത്തിൽ പലതും അവരെ ഭയപ്പെടുത്തി. അകത്തിരിക്കുന്ന ആൾ അപകടത്തിൻെറ നിമിഷങ്ങൾ എണ്ണിത്തീർക്കുകയാണ്. അപ്പോഴും അദ്ദേഹത്തിന് ആ ഉദ്യോഗസ്ഥൻെറ അജ്ഞതയിൽ അവജ്ഞയാണു തോന്നിയത്. കുളിയും ആഹാരവുമെല്ലാംകഴിഞ്ഞു് ആ ദമ്പതികൾ കിടക്ക വിരിച്ചപ്പോൾ മണി ഒന്നു കഴി

ഞ്ഞു. ആവൂ, അദ്ദേഹം ഏണിപ്പടിയിൽ ഒന്നു നിവന്നിരുന്നു. ഇരുന്നഭാഗം വല്ലാതെ ചൂടുപിടിച്ചുപോയി.

നേരം പുലന്നു. അപ്പൊഴും അദ്ദേഹം, പുറത്തെ ശബ്ദങ്ങളും നീക്കങ്ങളും ഉറവശ്രദ്ധിച്ചുകൊണ്ടു് ആ ഏണിപ്പടിയിൽത്തന്നെ ഇരിക്കുന്നു. ഇൻസ്പെക്ടർ കുളികഴിഞ്ഞു് അടുക്കളയിൽകയറി. ജോലിക്കാരിയും ഭാര്യയും കാപ്പി തയ്യാറാക്കുന്ന തിടുക്കത്തിലാണു്. കാപ്പിക്കുള്ള പലഹാരങ്ങൾ പതിവിലും കൂടുതൽ കണ്ടു് ഭർത്താവു ചോദിച്ചു:

"ഇന്നെന്തെടെ, സാധനങ്ങളൊക്കെ അധികം കാണുന്നു?"

"ഒരതിഥികൂടെയുണ്ടാവും, കാപ്പികൊടുക്കണം." ഭാര്യ കരുതി മറുപടി പറഞ്ഞു.

"അതിഥിയോ? ആരു്?"

"ഒരാളു്..."

"......എന്നാൽ വിളിക്കു്, ഒരുമിച്ചു കാപ്പികുടിയ്ക്കാമല്ലൊ."

"നിങ്ങളിവിടെയുള്ളപ്പോൾ വരത്തില്ല. പോയാലുടനെ വിളിക്കും. കാപ്പികൊടുക്കും......" അവർ കുലുങ്ങിചിരിച്ചു.

"ഞാനറിഞ്ഞുകൂടാത്ത അതിഥി നിനക്കു സൽക്കരിക്കാനുണ്ടോ?" ഭർത്താവും രസമടിക്കുകയായിരുന്നു.

"അറിഞ്ഞുകൂടാത്ത അതിഥിയെന്നു ഞാൻ പറഞ്ഞില്ലല്ലോ. ഉള്ളപ്പോൾ വരത്തില്ലെന്നുമാത്രം."

"കളി നിത്തിയിട്ടു് ആരാന്നു പറയൂ?"

"പേടിക്കണ്ട.....പിന്നെ, കിഴക്കതിലെ സരസമ്മ വന്നിട്ടെ, രണ്ടുമൂന്നു ദിവസമായി. ഇന്നു കാപ്പികൊടു ക്കണം."

"സരസ്സുന് എന്നെ അത്ര പേടിയാണോ?"

"വലിയ പേടിയാണ്......"

"കല്യാണം കഴിഞ്ഞുപോയതിൽ പിന്നെയാണല്ലൊ ഈ പേടിയുടെ തുടക്കം. നിന്നെ അങ്ങനെ ധരിപ്പിച്ചതു നന്നായി. ഓഹോ, ഞാൻ പോയേക്കാം. എളുപ്പം കാപ്പി തരൂ."

"ഒരു കാര്യംകൂടെയുണ്ട് ഇതൊക്കെ കൂടുതലുണ്ടാകാൻ. കാപ്പി ഇന്നു കൂടുതൽ കുടിക്കണ്ട; രാത്രി കിട്ടിയ ആ പു ള്ളിയെ ഇടിച്ചു മജ്ജയെടുക്കാൻ?" അവർ കുലുങ്ങി ചിരി ക്കാൻ ശ്രമിച്ചു.

"അതു് നിന്റെ കാപ്പി ഇല്ലെങ്കിലും വഹിച്ചോളാം."

അങ്ങനെ നീണ്ടുനിന്ന വത്തമാനങ്ങളോടെ കാപ്പി കൊടുത്തു് ഭത്താവിനെ യാത്രയാക്കി. ജോലിക്കാരിയെ നേരത്തെ കമ്പോളത്തിലുമയച്ചു. 'അതിഥി'യുടെ മുറി തുറന്നു.

"ഓയ്; സഖാവേ, പുറത്തിറങ്ങണം." ഒരു പുതിയ ഉന്മേഷം അവരുടെ സ്വരത്തിനുണ്ടായിരുന്നു. ദൈവത്തി ന്റെ മുമ്പിൽ വണങ്ങിനില്ക്കുന്ന ഭക്തനെപ്പോലെ അദ്ദേ ഹം എണീററുനിന്നു. അവർ കാപ്പി കുടിക്കാൻ ക്ഷണിച്ചു. അവരുടെ മുഖം അദ്ദേഹം സൂക്ഷിച്ചു—പരിചയത്തിന്റെ നേരിയ ഓമ്മ; അവ്യക്തമായ നേത്ത മൂടൽ മഞ്ഞു്! രണ്ടു

കൊല്ലക്കാലത്തെ കാളേജ്ജീവിതം അദ്ദേഹത്തിനു പെട്ടെന്നോമ്മവന്നു. ആവകംതന്നെ......വിജയമ്മ......അദ്ദേഹത്തിനു തീച്ച്വന്നു.

"വിജയമ്മ എന്നാണോ പേരു്." അദ്ദേഹം ചോദിച്ചു.

"അതെ, എന്താ?" അത്ഭുതപ്പെട്ടുകൊണ്ടു് അവർ പെട്ടെന്നു മറുപടി പറഞ്ഞു. അദ്ദേഹത്തിനു് ഒന്നുറക്കെ പൊട്ടിച്ചിരിച്ചാൽ കൊള്ളാമെന്നു തോന്നി. അമേരിക്ക കണ്ടുകിട്ടിയപ്പോഠ കൊളമ്പസ്സിനുണ്ടായ തൃപ്തിയോടെ അദ്ദേഹം ചോദിച്ചു:

"വിദ്യാഭ്യാസം ഏതുവരെ എത്തി?"

"ബി. എ. പൂത്തിയായില്ല. അപ്പൊഴേയ്ക്കു് കല്യാണമൊക്കയായി. എന്നെ അറിയുമോ?"

"പറയാം." പരീക്ഷണങ്ങഠ വിജയിച്ചുവരുന്ന ഒരു ഗവേഷകൻെറ ഭാവത്തോടെ അദ്ദേഹം തുടന്നു: "അന്നു് ഇൻറർമീഡിയററിനു പഠിച്ചിരുന്നപ്പോഠ എഴുതിയ 'ആട്ടോഗ്രാഫ്' കയ്യിലുണ്ടോ? ഉണ്ടെങ്കിൽ ഒന്നു കാണട്ടെ."

അവർ അത്ഭുതങ്ങളുടെ കയത്തിൽ വീണു ശ്വാസം മുട്ടിപ്പോയി. അവരുടെകൂടെ അങ്ങനെ ഒരു വിദ്യാത്ഥിയെ അവക്കോമ്മയില്ല. പിന്നെ? അവർ തലകാഞ്ഞാലോചിച്ചു. പെട്ടെന്നു് 'ആട്ടോഗ്രാഫ്' കൊണ്ടുവന്നദ്ദേഹത്തിനുകൊടുത്തു. അദ്ദേഹം അതിലെ പേജുകഠ മറിച്ചു. പച്ച, മഞ്ഞ, വെള്ള, റോസ്......ഓരോ പേജു മറിക്കുംതോറും അദ്ദേഹത്തിൻെറ മുഖം കൂടുതൽ പ്രകാശിക്കുന്നു, ഓമ്മ

യിൽ ഉറഞ്ഞുകിടന്ന പല സഖാക്കളുടെയും വ്യക്ത മായ രൂപം ആ കൈപ്പടകളിലെ നല്ലനല്ല സന്ദേശങ്ങളി ലൂടെ തെളിഞ്ഞുവന്നു. വി. സാംബശിവൻ......ഒ. എൻ. വി. കുറുപ്പ്......എം. എൻ. കുറുപ്പ്......ഏ. പി. കള യ്ക്കാട്ട്......പുതുശ്ശേരി രാമചന്ദ്രൻ......അതാ, ഒരിളം പച്ച പേജിൽ അദ്ദേഹം എഴുതിയിരിക്കുന്നു. ആ അക്ഷരങ്ങളു ടെ വടിവിൽ അദ്ദേഹം നോക്കിയിരുന്നു. എത്രകൊല്ല ത്തിനുമുമ്പെഴുതിയതു്, അന്ന് അതെഴുതിയപ്പോൾ ഓർത്തി ല്ല, ഇത്രയും ചൈതന്യാത്മകമായ ഒരു രംഗം അതിനു സൃഷ്ടിക്കാൻ കഴിയുമെന്ന്. അദ്ദേഹം അവരുടെ ക്ലാസ്സിൽ പഠിച്ചിരുന്ന വിദ്യാർത്ഥിയാണെന്ന് അതു കാണിച്ചു തെളി വുകൊടുക്കേണ്ടിവരുമെന്ന് അന്ന് തീരെ സംശയിച്ചില്ല. അദ്ദേഹം ആ പേജെടുത്തു് അവർക്കു കൊടുത്തു.

"ഇതൊന്നു വായിക്കണെ."

അവർ അതുവാങ്ങി മിഴിച്ചുനിന്നു. അവർക്കു മന സ്സിലായില്ല, ഈ പരീക്ഷണങ്ങളുടെ പൊരുളെന്തെന്ന്. അവർ അതിലും, അദ്ദേഹത്തിന്റെ മുഖത്തിലും മാറിമാറി നോക്കി. അവരുടെ കണ്ണുകൾ വലിഞ്ഞുവലിഞ്ഞു തുറ ന്നു. ആ 'ആട്ടോഗ്രാഫി'ൽ അവൾക്ക് ഏററവും ഇഷ്ടപ്പെട്ട ഒരു പേജാണതു്. ക്ലാസിലെ ഏററവും മിടുക്കനായിരുന്ന ഒരു നല്ല വിദ്യാർത്ഥി പകർത്തിയ നല്ല സന്ദേശമാണതു്. അതിൽ അണുപോലും അർത്ഥവത്താക്കാൻ വയ്യാത്ത പരി തസ്ഥിതിയിൽ അവരുടെ ജീവിതം പെട്ടുപോയതിൽ അവ ൾക്ക് വേദനതന്നെയുണ്ട്. ആ പേജുതന്നെ എടുത്തുകൊടു ത്തു് വായിക്കാൻ പറയുന്നതിന്റെ ഉദ്ദേശം ചിന്തിച്ചുചി ന്തിച്ച് അവർ തളർന്നു. ആ സന്ദേശം അനുസരിക്കുന്നി

ല്ലെന്നുള്ളതു് ഓംവരെ ഓർമ്മിപ്പിക്കുകയായിരിക്കുമോ? അവരതു വായിച്ചു:

"അദ്ധ്വാനമില്ലാത്ത ജീവിതം ദൂഷണമാണു്, കലയില്ലാത്ത ജീവിതം കാടത്തവും." (ലെനിൻ.)

ഇതായിരിക്കട്ടെ, നിങ്ങളുടെ ജീവിതത്തിലെ

മുദ്രാവാക്യം. സൗഹൃദപൂർവ്വം, ഭാർഗ്ഗവൻ (ഒപ്പ്)

ഇനിയും എന്താണദ്ദേഹം പറയുന്നതെന്നറിയാൻ അവർ ശ്രദ്ധിച്ചുനിന്നു.

"ഈ ഭാർഗ്ഗവനെ അറിയാമോ?" ഊറിവന്ന പുഞ്ചിരിയോടെ അദ്ദേഹം ചോദിച്ചു.

"ഭാർഗ്ഗവനെ അറിഞ്ഞുകൂടാത്തവരാരും അന്നു് ആ കാളേജിലുണ്ടായിരുന്നില്ല. വിശേഷിച്ച് ഞങ്ങളുടെ ക്ലാസ്സിൽ ആർക്കും ഭാർഗ്ഗവനെ മറക്കാൻ കഴിയില്ല."

അദ്ദേഹം അഭിമാനപൂർവ്വം ചിരിച്ചു. മീശവീണ മുകറപ്പല്ലുകളുടെ പകുതിഭാഗം മറഞ്ഞു. തൻെറ ശരീരത്തിനു വന്നുകൂടിയ വ്യത്യാസമോർത്തു് അദ്ദേഹം അത്ഭുതപ്പെട്ടു.

"ഇപ്പോഴയാളെപ്പററി അറിഞ്ഞുകൂടെ?"

"ഒന്നും അറിയുന്നില്ല. ഇൻറർമീഡിയററിനു് ആ വർഷം പാസ്സായി. പിന്നീടറിഞ്ഞുകൂട. വിദ്യാത്ഥിനേതാവായിരുന്നു. താൻ പറഞ്ഞാൽ മതി, വിദ്യാത്ഥികൾ എന്തിനും തയ്യാറായി ഇറങ്ങുന്ന ഒരു നില ഭാർഗ്ഗവൻ അന്നവിടെയുണ്ടാക്കാൻ കഴിഞ്ഞിരുന്നു. മുഴുവൻ വിദ്യാത്ഥികളുടെയും വിശ്വാസവും സ്നേഹവും ആജ്ജിക്കാൻ കഴിഞ്ഞി

രുന്നു. സാധാരണ എളുപ്പമുള്ള കാര്യമല്ലതു്. അതും വലിയ രാഷ്ട്രീയഭ്രാന്തുമായിരുന്നു. ചിലപ്പോൾ തമ്മിൽ പരിചയ മായിരിക്കും. എനിക്കാണെങ്കിൽ അത്തരം കാര്യങ്ങളൊ ന്നും അറിയാനുള്ള നിലയില്ല......"

അവർക്കു ചിരിവന്നു. ഭാർഗ്ഗവൻെറ സുഹൃത്തായിട്ടാ യിരിക്കും അദ്ദേഹം ഇതൊക്കെ അന്വേഷിക്കുന്നതെന്നവൾക്കു വിശ്വസിക്കാൻ തോന്നി.

അദ്ദേഹം കുനിഞ്ഞിരുന്നാലോചിച്ചു. ഇനിയും അ വൾക്കു മനസ്സിലാകാത്തതു് അദ്ദേഹത്തിനത്ഭുതമായിത്തോ ന്നി. അതിലേറെ പരിഭ്രമമായി. എന്തു്, തൻെറ ശരീരം അത്രയധികം മാറിപ്പോയോ? അന്നത്തെക്കാലം ഓർമ്മിച്ചു കൊണ്ടു് അദ്ദേഹം ശരീരത്തിൻെറ ഭാഗങ്ങൾ നോക്കി. ശരിയാണു്, വളരെ മാററമുണ്ടു്. വണ്ണം എത്രയോ അംശ മായി കുറഞ്ഞു. നിറംതന്നെ മാറി, ഒരു ചാരനിറം. തല മുടി വളരെ കൊഴിഞ്ഞു് പകുതിയോളം കഷണ്ടിയാണു്.... ശബ്ദംപോലും മാറിയിരിക്കും. അവർ ചോദിച്ചു:

"ഈ മുദ്രാവാക്യവും എൻെറ ജീവിതവും ബന്ധപ്പെ ടാതിരിക്കുന്നതു് ഓർമ്മിക്കാനായിരിക്കും ഇതു വായിപ്പിച്ച തു്. ക്ഷമിക്കണം, ഞാൻ അങ്ങനെയൊരു വെട്ടിലായി പ്പോയി."

അവർ മറുപടി കാത്തുനിന്നു. അദ്ദേഹം അനങ്ങി യില്ല. ആ ചിന്ത പല വിഷയങ്ങളുമായി ഉരസുകയാണു്. തന്നെ അവരെ അറിയിക്കണമോ വേണ്ടയോ? അതൊരു കുഴഞ്ഞ പ്രശ്നംപോലെ തോന്നി. അറിയിക്കുന്നതു് കൂടു തൽ സഹായകമായിരിക്കും—ഒടുവിലദ്ദേഹം തീച്ചപ്പെടു ത്തി. ഈ ചിന്തകൾക്കിടയിൽ, താൻ അപകടമേഖലയി

ലാണെന്ന കാര്യം ആ വിപ്ലവകാരിതന്നെ കുറേനിമിഷങ്ങളായി മറന്നിരിക്കുന്നു. അവർ പിന്നെയും പറഞ്ഞു:

"ഈ ചോദ്യങ്ങളും ഭാവങ്ങളുമൊക്കെ എന്നെ വല്ലാതെ പേടിപ്പെടുത്തുന്നു. എന്താണെന്നു പറഞ്ഞില്ലല്ലോ"

ആ സ്വരത്തിനു മുമ്പില്ലാത്ത കനം കൂടിയിരുന്നു. ഒരു കൊച്ചുകുഞ്ഞിന്റെ നിഷ്കളങ്കതയും. അദ്ദേഹം നിവന്നിരുന്ന് അവരെനോക്കി ചിരിച്ചു—ഹൃദയം നിറഞ്ഞൊഴുകുന്ന ചിരി. എന്തു ഭയങ്കരമായ ഒരു കാര്യമാണ് താൻ വെളിപ്പെടുത്തുന്നത്, അതു കേൾക്കുമ്പോൾ അവർ എങ്ങനെയിരിക്കും എന്നോർത്തോർത്തു ചിരിച്ചു. എന്നിട്ടു ചോദിച്ചു:

"ഏഴുകൊല്ലത്തിനുമുമ്പു നിങ്ങൾ കണ്ട ഭാസ്ക്കരനും ഞാനുമായി എന്തെങ്കിലും സാമ്യം തോന്നുന്നോ?"

അവരുടെ കണ്ണുകൾ അദ്ദേഹത്തിന്റെ മുഖത്തു പറ്റിപ്പിടിച്ചിരുന്നു. ആ കണ്ണുകൾക്കു സാരമായ കുഴപ്പം പററിയതുപോലെ അവൾക്കു തോന്നി. തന്റെ കണ്ണുകളുടെ കുഴപ്പംമാത്രമാണോ, ആളെന്തുമാറിയിരിക്കുന്നു. ചലനമില്ലാതെ വലിഞ്ഞു തുറന്നിരുന്ന ആ കണ്ണുകൾക്കു മുമ്പിലുള്ള യാതൊന്നും കാണാൻവയ്യാത്ത ഒരവസ്ഥയിലായി അവർ. അവരുടെ ഹൃദയം നിശ്ശബ്ദമായി വിളിച്ചുപോയി. "ഭാസ്ക്കരൻ......" എത്രയോ മിനിട്ടുകൾ ആ നിശ്ശബ്ദത നീണ്ടുനിന്നു. ഒരക്ഷരവും ഉരിയാടാൻ വയ്യാതെ നാവു തളർന്നുപോയി. ഹൃദയം മഞ്ഞുകട്ടപോലെ തണുത്തുപോയി.

"ഇത്രയെങ്കിലും ചെയ്യാൻ കഴിഞ്ഞ ഞാനെന്തു ഭാഗ്യവതിയാണ്. എനിക്കെത്ര അഭിമാനമാണ്........"

അവരിങ്ങനെ പറഞ്ഞുപോയി. പെട്ടന്നവർ അടുക്കളെയിലേയ്ക്കോടി, കാപ്പിയും പലഹാരവുമായി വന്നു. അദ്ദേഹം കാപ്പി കഴിക്കാൻ തുടങ്ങി. ആ സ്ത്രീ ഓരോന്നോരോന്നോർക്കുകയായിരുന്നു. അന്നത്തെ ആ നല്ല സഹപാഠികളെല്ലാം ഇന്ന് ഏതെല്ലാം തുറകളിലായിരിക്കും, അവരെ ആരെയും തിരിച്ചറിയാൻപോലും വയ്യാത്ത അവസ്ഥയിലാണൊ എന്നു വിചാരിച്ചപ്പോൾ അവൾക്ക് ഉറക്കെ പൊട്ടിക്കരെയണമെന്നു തോന്നി.

"ഞാൻ ഇപ്പോൾതന്നെ പോട്ടെ?" കാപ്പികുടിക്കുന്നതിനിടയിൽ അദ്ദേഹം ചോദിച്ചു.

"വേണ്ട. മറ്റെവിടത്തെക്കാളും സുരക്ഷിതമായി നിങ്ങളെ സൂക്ഷിച്ചോളാം. പ്രവർത്തനസൗകര്യം വേണ്ടപോലെ തരാം. ഒന്നുരണ്ടുപേർക്കുകൂടെ വേണമെങ്കിൽ സൗകര്യമുണ്ടാക്കാം. അങ്ങനെയെങ്കിലും എൻെറ ജീവിതം കൃതാർത്ഥത നേടിക്കൊള്ളട്ടെ. എല്ലാം ഞാനേററു. ഇതെല്ലാം എന്തിനാണെന്നു ഞാൻ തികച്ചും മനസ്സിലാക്കുന്നു." അവർ അദ്ദേഹത്തിൻെറ ദയയ്ക്കു കാത്തുനിന്നു.

"ഒക്കെ ശരി. എന്നെ ഇപ്പോൾതന്നെ പോകാൻ അനുവദിക്കണം." അദ്ദേഹം അപേക്ഷിച്ചു.

"അതു ഞാൻ നിശ്ചയിച്ചോളാം." അതൊരവകാശപ്രഖ്യാപനമായിരുന്നു. മനുഷ്യസ്നേഹത്തിൻെറ മാറെറാലിയാണ് ആ അക്ഷരങ്ങളിൽ മുഴങ്ങി കേട്ടതു്. ഒരു ശാഠ്യക്കാരനായ കുഞ്ഞിനെപ്പോലെ അദ്ദേഹം കാപ്പികുടി നിർത്തി അവരുടെ മുഖത്തു നോക്കിയിരുന്നു. ഉടനീളം കൃതജ്ഞതയൊഴുകുന്ന ഒരു പുഞ്ചിരി ആ കറുത്തു തിങ്ങിയ മേൽമീശയെ വലിച്ചുനീട്ടി.

★

# ബേബിയക്കൻ ജയിക്കട്ടെ!

നശിച്ച മഴ. തുടങ്ങിയിട്ടെത്ര ദിവസമായി. എന്തെല്ലാം കാര്യങ്ങളാം ഈ മഴ തടസ്സപ്പെടുത്തിവച്ചിരിക്കുന്നു. മുഷിഞ്ഞ തുണികാം അയയിൽ തൂങ്ങാൻ തുടങ്ങിയിട്ടു് മഴതുടങ്ങിയത്രയും ദിവസമായി. തോന്നുകിട്ടിയിട്ടുവേണ്ടേ അതൊന്നു നനച്ചെടുക്കാൻ. ഒന്നുരണ്ടു കാര്യങ്ങൾക്കായി കുറച്ചകലെ പോകേണ്ടതുണ്ടായിരുന്നു. അന്തരീക്ഷം തെളിഞ്ഞിട്ടാകാമെന്നുവച്ചു കാത്തിരുന്നു മടുത്തു.

നേരം സന്ധ്യകഴിഞ്ഞിരിക്കുന്നു. ലോകം ഏറെക്കുറെ ശാന്തമാണു്. ഈ രണ്ടുനിലക്കെട്ടിടത്തിനു മുകളിലിരുന്നു നോക്കിയാൽ എനിക്കൊട്ടുപ്രദേശമൊക്കെ കാണാം. താഴത്തെ ഹോട്ടൽ എച്ചിൽപീറ്റു, അതിനപ്പുറം മത്സരിക്കുന്ന പട്ടികാം, തെണ്ടിപ്പിള്ളർ അത്താഴം പങ്കുവയ്ക്കുന്ന തൊഴിലാളിക്കൂരകാം, നീണ്ട പുകക്കുഴലുള്ള അണ്ടിയാപ്പീസ്, റേഡിയോഗാനമൊഴുകുന്ന മാളിക, അതിനപ്പുറം നൃത്തംവയ്ക്കുന്ന സുന്ദരിമാർ, സിനിമാശാല എല്ലാം എനിക്കു കാണാം. ഒരു വലിയ മെഷീൻപോലെ ഈ ലോകം അനുനിമിഷം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. ആ മെഷീനിൽ ഞാനെന്താണു്—മെഷീനു ഭാരംകൂട്ടാനുതകുന്ന ഒരു വെറും ലോഹക്കഷണമല്ലെ. അതാണു നേരു്. എനിക്കു ചിന്തിക്കണമെന്നു തോന്നി. കസേര, മേശയോടടു

പ്പിച്ച് കാലുകൾ മേശപ്പുറത്തു കയററി നീട്ടിവച്ച് ഒരു ബീഡിയും കൊളുത്തിയപ്പോഠം, അങ്ങനെ ഇരിക്കാനും ചിന്തിക്കാനും ഒരു സുഖം തോന്നി.

ഈ ലോകത്തെ മുഴുവൻ എൻെറ മനസ്സിലിട്ടു മഥിച്ച് എത്രയോനേരം ഞാനിരുന്നുപോയി. ആരോ കതകിനു തട്ടിവിളിച്ചപ്പോഴാണു ഞാനുണൎന്നതു്. പെട്ടെന്നു ഞാൻ വാതിൽ തുറന്നു. അടുത്ത മുറിയിലെ താമസക്കാരിൽ ഒരാളായ തമ്പിസാറാണ്. അദ്ദേഹം അകത്തുകടന്ന് എന്നോടു രഹസ്യമായി ചോദിച്ചു:

“സാറിനു വേണോ?”

“എന്നതാ?” എനിക്കു മനസ്സിലായില്ല.

“ഒരെണ്ണത്തിനെ വളച്ചു മുറിയിൽ കയററിയിട്ടുണ്ട്. സാമാന്യം ഭേദമാണ്.”

ഞാൻ ഞെട്ടിയില്ല; കാരണം തമ്പിസാറിനെസംബന്ധിച്ചിടത്തോളം ഇതാദ്യമല്ല. പക്ഷെ, എന്നോടിത്രയും ഔദാര്യം ഇതിനുമുമ്പു കാണിച്ചിട്ടില്ല. നല്ല മഴയും, നല്ല തണുപ്പും, നല്ല സമയവും! ദീൎഘകാലത്തെ പട്ടിണി, കടുത്ത വിശപ്പ്, നല്ല ആഹാരം മുമ്പിൽ വന്നിരിക്കുന്നു. പക്ഷെ,—

എൻെറ മനസ്സിൽ പൊടുന്നനെ ബേബിയക്കൻെറ ചിത്രം കടന്നുവന്നു. എനിക്കു തണുപ്പില്ല, പട്ടിണിയില്ല, വിശപ്പുമില്ല. ഞാൻ തമ്പിസാറിനോടു പറഞ്ഞു:

“എനിക്കു സുഖമില്ല സാർ. വേണ്ട.”

എൻെറ പൗരുഷത്തെ ചോദ്യംചെയ്യുന്ന ഒരു പരിഹാസച്ചിരിയുമായി തമ്പിസാർ മുറിവിട്ടു. മഴയുടെ ശക്തി കുറഞ്ഞിരിക്കുന്നു. ഞാൻ അടുത്ത മുറിയിലേയ്ക്കു ശ്രദ്ധിച്ചു. അവിടെ ഞരക്കങ്ങളും വിമ്മിഷ്ടങ്ങളും കേൾക്കാം. ഏതു പാവപ്പെട്ടവളാണാവോ മൂന്നു ചെന്നായ്ക്കളുടെ പിടിയിൽ പെട്ടിരിക്കുന്നതു്. തമ്പിസാർ കൂടാതെ രണ്ടു ചെറുപ്പക്കാർ കൂടെയുണ്ടു് ആ മുറിയിൽ. ഒരു സ്ത്രീയും മൂന്നു ചെറുപ്പക്കാരും! അവളെത്ര ആരോഗ്യമുള്ളവളാണെങ്കിൽകൂടി...... ബേബിയക്കനെ ഓർമ്മിച്ചില്ലെങ്കിൽതന്നെ എൻെറ മനുഷ്യത്വം അത്ര അധഃപതിച്ചില്ല.

അങ്ങോട്ടൊന്നു കടന്നു നോക്കിയാലെന്തു്, ആ സ്ത്രീ ഏതെന്നറിഞ്ഞാലെന്തു് എന്നൊക്കെ എനിക്കു തോന്നാതിരുന്നില്ല. ഒടുവിൽ അതു വേണ്ടെന്നുതന്നെ വച്ചു. അത്ര കടന്നന്വേഷിക്കാനെന്തിരിക്കുന്നു. ജീവിതമാർഗ്ഗങ്ങളല്ലേ നോക്കുന്നതു്. ജീവിതം വിലക്കപ്പെട്ടിരിക്കുമ്പോൾ ഇത്തരം സംഭവങ്ങൾ സാധാരണങ്ങളാണു്. ഈ ക്ലേശങ്ങളൊക്കെ അവസാനിച്ചു്, ജീവിതമാർഗ്ഗം ഈ മണ്ണിൽത്തന്നെ തുറന്നു കിട്ടുമ്പോൾ വ്യഭിചാരം നന്നെ കുറയുമെന്നു തീർച്ച. പക്ഷെ, പുരുഷൻെറ ഈ വികാരതൃഷ്ണ എങ്ങനെ അടങ്ങിക്കിട്ടാൻ. അങ്ങനെ ആലോചിച്ചുപോവുമ്പൊഴും എൻെറ മനസ്സിൽ തെളിഞ്ഞുവരുന്നതു് ബേബിയക്കനാണു്.

ബേബിയക്കൻ എൻെറ ജ്യേഷ്ഠൻെറ ഭാര്യയാണു്— ചേട്ടത്തി. എന്നിൽനിന്നും പ്രായം കുറവാണെങ്കിലും വീട്ടുകാർ ബേബി എന്നു വിളിക്കുന്ന ആ പെണ്ണിനെ അനിയൻെറ സ്ഥാനത്തുനിന്നു ഞാൻ 'ബേബിയക്കൻ' എന്നു വിളിച്ചു ശീലിച്ചു.

എന്നിൽ അസാമാന്യമായ ശക്തിയും സ്വാധീനവും ചെലുത്താൻ ഈ ലോകത്തുള്ള ഒരേഒരു വ്യക്തിയല്ല, സംഭവമാണ് ബേബിയക്കൻ. മററു രക്ഷകർത്താക്കൾക്കോ, അദ്ധ്യാപകന്മാർക്കോ, വിദ്യാഭ്യാസത്തിന്നോ, സംസ്കാരസമ്പത്തുകൾക്കുപോലുമോ എന്നിൽ ചെലുത്താൻ കഴിയാത്ത പ്രേരണ വെറും ഒരു പെണ്ണിനെക്കൊണ്ടു കഴിഞ്ഞിട്ടുണ്ട്. എന്താണ് ബേബിയക്കൻ അതിനുപയോഗിച്ച സമ്പ്രദായമെന്ന് നേരുപറഞ്ഞാൽ എനിക്കറിയില്ല.

എൻെറ എല്ലാ നല്ല സ്വഭാവങ്ങളേയും കുററിരുട്ടത്തു വച്ചു കഴുത്തുഞെരിച്ചു കൊല്ലുന്ന ഒരു ദൂഷിച്ച ശീലം എനിക്കുണ്ടായിരുന്നു—സ്ത്രീകളോടുള്ള കമ്പം! ഒരു പാവാടയോ സാരിയോ കണ്ടാൽ എനിക്കു ഹാലിളക്കമായിരുന്നു. ഞാനവരെ തുറിച്ചുനോക്കുന്നതു കണ്ടാൽ എൻെറ കൂട്ടുകാർതന്നെ ലജ്ജയാവും. പന്ത്രണ്ടാമത്തെ വയസ്സിൽ പ്രേമലേഖനമെഴുതിയ ഒരാൾ ചരിത്രത്തിലുണ്ടോ എന്നെനിക്കു സംശയമാണ്. പന്ത്രണ്ടാമത്തെ വയസ്സിൽ ഞാൻ പ്രേമലേഖനങ്ങൾ പകർത്താൻ തുടങ്ങിയതാണ്. ഏതെല്ലാം നാട്ടിലുള്ള എത്ര പെൺകുട്ടികൾക്കു ഞാനെഴുതുകൊടുത്തെന്നു പറയാൻ വയ്യ. എന്തുമാത്രം സമയവും എത്രയധികം പണവും അതിനുവേണ്ടി ചിലവാക്കിയെന്നറിയില്ല. എത്രയോ പെൺകുട്ടികൾക്കു ഞാൻ കാമുകനായിരുന്നു. പക്ഷെ, എനിക്കൊരു കാമുകിയും ഉണ്ടായില്ല. ഒരു കാമുകനായി മുറയ്ക്കു് അഭിനയിച്ചുപോന്ന എനിക്കാരോടും പ്രണയം തോന്നിയില്ല. എന്നെയല്ലാതെ മററാരേയും കെട്ടുകയില്ലെന്ന് ഒരു പെണ്ണിനെക്കൊണ്ടു പറയിക്കാൻ എനിക്കു രസമാണ്—കെട്ടാൻ ഞാനില്ല. പല പെണ്ണുങ്ങളും

അങ്ങനെ പറഞ്ഞു. പക്ഷെ, വാക്കു പാലിച്ച ഒരു പെണ്ണിനേയും എനിക്കറിയില്ല. ഞാൻ ഉന്നംവച്ചാൽ തെററുന്ന ഒരു പെണ്ണുപോലും ഈ ദുനിയാവിൽ കാണുകയില്ലെന്നൊരഹങ്കാരം കുറേ പീറപ്പെണ്ണുങ്ങൾ എനിക്കു നേടിത്തന്നു. എന്തുകൊണ്ടോ എനിക്കങ്ങനെ ഒരു കയ്പുണ്യമുണ്ടായിരുന്നു.

അങ്ങനെ, യൗവ്വനത്തിലേയ്ക്കു കടന്ന ആ അപകടകരമായ ഘട്ടത്തിൽ ഞാൻ പ്രസിദ്ധനായ ഒരു കാമുകനായി വളൻപോന്നു. ഉപദേശങ്ങളും തടസ്സങ്ങളുമൊന്നും എന്നോടു ഫലിച്ചില്ല. അങ്ങേയററം ചീത്തയാണ് ഈ സ്വഭാവമെന്ന് എനിക്കു ബോധമുണ്ടായിരുന്നു. എൻെറ പേന പലപ്പോഴും അതിനെ എതിർത്തിട്ടുമുണ്ട്. പക്ഷെ, പുകവലി ചീത്തയാണെന്നറിയെത്തന്നെ നമ്മൾ പലരും അതു തുടരുന്നതുപോലെ ഞാനതു തുടൻപോന്നു. വീട്ടുകാരെല്ലാം എന്നെക്കൊണ്ടു തോററു.

മഴ നിശ്ശേഷം തോന്നതോടെ അടുത്ത മുറിയിലെ ദീനദീനമായ ഞരക്കം കേട്ടു ഞാൻ ശ്രദ്ധിച്ചുപോകുന്നു. ആ സ്ത്രീയുടെ സഹികേടാണു കേൾക്കുന്നത്. പാവം. ഒരു വെള്ളിരൂപയ്ക്കുവേണ്ടിയായിരിക്കും അവളുടെ ഞരമ്പുകൾ വലിഞ്ഞുപൊട്ടുന്ന വേദന സഹിക്കുന്നത്. സുഖിക്കുന്ന മൂന്നു പുരുഷന്മാർ തമ്മിൽ മത്സരിക്കുകയായിരിക്കും. ഒരു സ്ത്രീയെ ഞെരിച്ചുകൊന്നിട്ടു സുഖിക്കുന്ന മൂന്നു പുരുഷന്മാർ!

എന്തു വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളുമാണ് ഈ ലോകത്തു നടക്കുന്നത്. ഒന്നോർത്താൽ വൈരുദ്ധ്യങ്ങളുടെ ആകത്തുകതന്നെയല്ലേ ഈ ലോകം!

അതാ മഴ പിന്നെയും ഇരച്ചുവരുന്നു. ഹൊ. പാറക്കല്ലുപോലെയാണ് വെള്ളത്തുള്ളികൾ ഓട്ടിൻപുറത്തു വീഴുന്നതു്. ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കുന്ന ശക്തിയോടെ കാററു ചുററിയടിക്കുന്നു. മഴയുമായി മത്സരിക്കുന്ന കാററ് മഴത്തുള്ളികളെ അടിച്ചു തെറിപ്പിച്ചു ജയിക്കുകയാണ്. കാററും മഴയും തകർക്കട്ടെ. അടുത്ത മുറിയിലെ ഞരക്കങ്ങൾ കേൾക്കാതിരിക്കാൻ അതു സഹായിക്കും. ആ ശബ്ദങ്ങൾ എന്റെ കണ്ണഭിത്തികളെ തല്ലിത്തകർത്തുകളയും.

മണി പന്ത്രണ്ടുകഴിഞ്ഞിട്ടും ഉറക്കം എന്നോടു പിണക്കംതന്നെ. ചില രാത്രികളിൽ ഞാനങ്ങിനെ വിമ്മിഷ്ടപ്പെടാറുണ്ടു്. തിരിഞ്ഞും മറിഞ്ഞും എങ്ങനെ ശ്രമിച്ചാലും ഒന്നുറങ്ങാൻ പററില്ല. ഉറക്കം മനുഷ്യനെത്ര അനുഗ്രഹമാണ്. എന്റെ ബേബിയങ്കൻ ഇപ്പോൾ വീട്ടിൽ കിടന്നു സുഖമായുറങ്ങുകയായിരിക്കും. ഉറങ്ങട്ടെ. സ്നേഹത്തിന്റെ ആ കാവൽക്കാരി സുഖമായുറങ്ങട്ടെ. ബേബിയങ്കൻ വന്നില്ലായിരുന്നെങ്കിൽ, ബേബിയങ്കനല്ലാതെ മററാരെങ്കിലുമായിരുന്നു വന്നിരുന്നതെങ്കിൽ എന്റെ ജീവിതം എന്തായിരുന്നേനെ......

ഒരു ചിങ്ങം ഏഴാം തീയതി ബേബിയങ്കൻ വന്നു. എന്നെ മര്യാദപഠിപ്പിക്കുമെന്നൊരു പ്രതിജ്ഞയുമായിട്ടാണു വന്നു കയറിയതെന്നു തോന്നി. എനിക്കനങ്ങാൻ കഴിയാതെ ബേബിയങ്കൻ വിലങ്ങുവച്ചു. എല്ലാററിനും ഒരായുധമേ ബേബിയങ്കനുള്ളു—സ്നേഹം! വെളുത്തുരുണ്ട ആ ശരീരം മുഴുവൻ സ്നേഹവും സൗന്ദര്യവുമാണ്. ആദ്യദിവസങ്ങളിൽതന്നെ ഞാനെന്താണെന്ന് ബേബിയങ്കൻ പഠിച്ചു.

എന്നെ മുമ്പിലിരുത്തിയിട്ട് ബേബിയക്കൻ എന്റെ പെട്ടി തുറന്ന് ഞാൻ സൂക്ഷിച്ചിരുന്ന പ്രേമലേഖനങ്ങൾ വാരി പുറത്തിട്ടപ്പോൾ ഞാൻ ചൂളി വിറച്ചുപോയി. ഈ ലോകം മുഴുവൻ ഭസ്മമായിപ്പോവുന്ന രണ്ടു തീപ്പന്തങ്ങൾ ആ കണ്ണുകളിൽ എരിയുന്നതു് ഞാൻ കണ്ടു. ഞാൻ നിർജ്ജീവനായിപ്പോയി. ആ തീപ്പന്തങ്ങളുടെ ഉഗ്രമായ ചൂട് എനിക്കു സഹിക്കാമായിരുന്നില്ല. ആരേയും വകവെക്കാത്ത എന്നിൽ ബേബിയക്കൻ എന്തു ക്ഷുദ്രപ്രയോഗമാണു നടത്തിയതെന്ന് മനസ്സിലായില്ല. അത്രയ്ക്കും ഞാൻ അനുസരണയുള്ളവനായിപ്പോയി. ഭയന്നിട്ടല്ല; സ്നേഹത്തിൽമാത്രം എരിയുന്ന ആ കണ്ണുകളിൽ ഭയപ്പെടാനെന്തിരിക്കുന്നു. തന്നെ സ്നേഹിക്കുന്നതിലുമധികം ബഹുമാനിക്കാൻ നിർബ്ബന്ധിക്കുന്ന ഒരു ശക്തി എന്നിൽ എത്രമുമ്പേ ആ പെണ്ണ് കുത്തിവെച്ചിരുന്നു.

ആ കണ്ണുകളുടെ ഉഗ്രമായ ചൂടേററു സഹികെട്ടിരിക്കുന്ന എന്നോടു ചോദിച്ചു—ഞാനെന്തിനാണ് അത്രയും പ്രണയങ്ങൾ സൂക്ഷിക്കുന്നതെന്ന്. എന്റെ നാവിറങ്ങിപ്പോയിരുന്നു. എന്റെ മുമ്പിൽവച്ച് ആ കടലാസ്സുകൾ ബേബിയക്കൻ കരിച്ചു പറത്തി. എന്നിട്ടു പറഞ്ഞു:

"ഈ സ്നേഹം മുഴുവൻ അപകടമാണ്—അനിയനെ സ്നേഹിക്കാൻ ഞാനില്ലെ, ബേബിയക്കൻ."

ഞാൻ തരിച്ചിരുന്നുപോയി.

ചില പെൺപിള്ളകളുടെ പടങ്ങൾ ഞാൻ സൂക്ഷിച്ചിരുന്നതും കണ്ടെടുത്തു. ആദ്യത്തെ പടമെടുത്ത് എന്നെ കാണിച്ചിട്ടു ചോദിച്ചു:

"ഇതു സൂക്ഷിക്കണോ?"

ആ ചോദ്യത്തിനു വ്യക്തമായ ഒരുദ്ദേശവും അൎത്ഥ വുമുണ്ടായിരുന്നു. ഞാൻ നിഷേധഭാവത്തിൽ തലകുലുക്കി യപ്പോൾ ആ പടം തീയിൽ കരിഞ്ഞു. അടുത്ത പടവും എന്നോട്ട് ചോദിച്ചു്, ഞാൻ വേണ്ടെന്നു പറഞ്ഞപ്പോൾ കരിച്ചു. എല്ലാ പടവും അങ്ങനെ കരിച്ചു. ഒടുവിൽ പ റഞ്ഞു:

"ഒരു പടം അനിയനെപ്പോഴും സൂക്ഷിക്കുന്നതു സ മ്മതമാണു്. പക്ഷെ, അതു വളരെ സൂക്ഷിച്ചാവണമെന്നു മാത്രം. പലപ്പോഴും ഇത്തരം പ്രേമങ്ങൾ നാശത്തിനാണു് വഴിതെളിക്കുന്നതു്. ഒന്നിലധികം സൂക്ഷിക്കാൻ ഞാൻ അ നുവദിക്കുകയില്ല."

അതൊരവകാശപ്രഖ്യാപനമായിരുന്നു.

തുടൎന്നു് എന്നെ വളരെ ഉപദേശിച്ചു. അതിലൊര ക്ഷരവും എനിക്കു നേരത്തെ അറിയാൻ പാടില്ലാത്തതായി രുന്നില്ല. പക്ഷെ, ബേബിയക്കന്റെ സ്നേഹവും, ചുഴിഞ്ഞു നോക്കിയാൽ മൂൎച്ചയുള്ളതുമായ വാക്കുകളിലൂടെ പുറത്തുവ ന്നപ്പോൾ, എന്റെ ദുഷിച്ച വിചാരങ്ങളുടേയും വികാരങ്ങ ളുടേയും ഉറവിടംതന്നെ വററിപ്പോയി.

എന്റെ മുറിയിലേയ്ക്കു ഞാൻ വലിച്ചുകയററിയ അ യൽപക്കത്തെ ഒരു പെണ്ണിന്റെ ചെകിട്ടു്, ഞാനില്ലാത്ത നേരം ബേബിയക്കൻ അടിച്ചു പൊട്ടിച്ചുകളഞ്ഞു. ആ രോട്ടും മുഖം കറുത്തുപോലും ഒരക്ഷരം പറയാത്ത ബേബി യക്കൻ, ഞാൻ ചെയ്ത തെററിനു് ആ പാവപ്പെട്ട പെ ണ്ണിനെ തല്ലിയതു് എനിക്കു ക്ഷമിക്കാനെ കഴിഞ്ഞുള്ളു.

ഞാൻമായി ശൃംഗരിച്ചതിന് ബേബിയക്കൻെറ ഒരുററമിത്രത്തിനെ എന്നെന്നേയ്ക്കുമായി വെടിയേണ്ടിവന്നു.

ഒടുവിൽ ബേബിയക്കൻ എന്നോടിത്രയും ചോദിച്ചു:

“അനിയൻ ഈ വേണ്ടാത്ത പണി ഇനിയെങ്കിലും നിർത്തുമോ? ഈ ലോകത്തുള്ള മുഴുവൻ സ്ത്രീകളും സ്നേഹിക്കുന്നതിലുമധികം ബേബിയക്കൻ ഒററയ്ക്കനിയനെ സ്നേഹിക്കുന്നില്ലേ?”

തുടർന്ന് ബേബിയക്കനെമാത്രം കഴിയുന്ന ആ നോട്ടവും കൂടെ ആയപ്പോഠം അതു ശരിയ്ക്കും എൻെറ ഉള്ളിൽത്തന്നെ തട്ടി. എൻെറ ആത്മനിയന്ത്രണം അത്രയും ദുർബ്ബലമായിപ്പോയതോർത്ത് ഞാൻ ഉള്ളുപൊട്ടിക്കരഞ്ഞു. അത്തരം വീഴ്ചകളൊന്നും മേലിൽ എന്നിൽനിന്നുണ്ടാവുകയില്ലെന്നു ഞാൻ ബേബിയക്കനെറപ്പുകൊടുത്തു. സ്നേഹവും സൗന്ദര്യവും എമ്പാടും വിതറിക്കൊണ്ട് ആ മുഖം വിടരുന്നതു ഞാൻ കണ്ടു.

പക്ഷെ, എനിക്കെൻെറ വാക്കു പാലിക്കാൻ കഴിഞ്ഞില്ല. ആയിടെ ബേബിയക്കൻെറ വീട്ടുകാർ വന്നിരുന്നു. ബേബിയക്കന് അകൽന്ന ബന്ധമുള്ള ഒരു സുന്ദരിയും അക്കൂട്ടത്തിലുണ്ടായിരുന്നു. അവഠം പോയതിനുശേഷം എനിക്കവളുടെ ഒരു കത്തുകിട്ടി—അവഠം എന്നിൽ അനുരക്തയായിപ്പോയിപോലും! അത്രയും നല്ലൊരു പെണ്ണിൽനിന്ന് അത്രനല്ലൊരെഴുത്ത് എനിക്കിങ്ങോട്ടു കിട്ടുക അതാദ്യമാണ്. ഒരു നിമിഷം ഞാൻ ബേബിയക്കനെ മറന്നു. മനോഹരമായ ഒരു പ്രേമലേഖനം ഞാൻ അവഠംക്കയച്ചു. പിന്നീട് അവളുടെ എഴുത്തു കാത്തിരുന്നു ഞാൻ മുഷിഞ്ഞു. അവളെഴുത്തയച്ചില്ല.

ഒരാഴ്ചകഴിഞ്ഞപ്പോൾ ബേബിയക്കന്റെ മുഖം ഇരുണ്ട രൂക്ഷമായിരിക്കുന്നതു ഞാൻ കണ്ടു. എനിക്കതു സഹിക്കാമായിരുന്നില്ല. എപ്പോഴും ഞാനുമായി കളിക്കുന്ന ആ സ്നേഹസ്വരൂപിണി എന്നോടു പിണക്കമാണ്. എനിക്കാഹാരം വിളമ്പിത്തരും—പക്ഷെ, എന്റെ മുഖത്തു നോക്കുകയില്ല. എന്റെ ആവശ്യങ്ങളെല്ലാം കുട്ടികളെക്കൊണ്ടന്വേഷിപ്പിക്കും—എന്നോടു മിണ്ടുകയില്ല. എന്താണു കാര്യമെന്നറിയാതെ ഞാൻ കുഴങ്ങി. ഞാനെത്ര കിഴിഞ്ഞുചോദിച്ചിട്ടും ബേബിയക്കൻ അനങ്ങിയില്ല. ഉൽക്കടമായ വേദനയുടേയും വിഷാദത്തിൻേറയും കരുവാളിപ്പ് ആ വെളുത്തുചുവന്ന മുഖത്തു തെളിഞ്ഞുകാണാം. എന്റെ ഹൃദയമാകമാനം പിഴിയുന്ന വേദന ഞാൻ സഹിച്ചു. ആ ഭുജങ്ങൾ പിടിച്ചമർത്തിക്കുലുക്കി ഞാൻ ചോദിച്ചു:

"എന്താ ബേബിയക്കാ?"

മറുപടി ഇല്ല. പകരം ആ നീണ്ട നീലക്കണ്ണുകളുടെ തുമ്പത്തു രണ്ടു വെള്ളിമുത്തുകൾ ഉരുണ്ടുവരുന്നു. എന്റെ ബേബിയക്കൻ കരയുകയാണ്. ഹൃദയം വിങ്ങിപ്പൊട്ടുന്നു. എന്റെ കൈകൾ ബേബിയക്കന്റെ ഭുജങ്ങൾ ഞെരിച്ചു.

"പറയൂ ബേബിയക്കാ, എന്തു്?"

ബേബിയക്കൻ എന്റെ മുഖത്തു തറഞ്ഞുനോക്കി. ആ കൺപീലികളിൽ തടഞ്ഞിരുന്ന മുത്തുകൾ താഴെവീണു ചിതറിപ്പോയി; ഒപ്പം എന്റെ ഹൃദയവും. എന്റെ മുഖത്തുതട്ടിയ വായുവിനു പൊള്ളുന്ന ചൂടുണ്ടായിരുന്നു. ആ കണ്ണുകൾ എന്റെ മുഖത്തുതന്നെ നട്ടുനില്ക്കുന്നു. ബേബിയക്കൻ ചോദിച്ചു:

"എന്റെ സ്നേഹം അനിയനിത്ര നിസ്സാരമാണോ?"

"എന്നെ കൊല്ലാതെ കാര്യം പറയൂ?"

എന്റെ കൈകൾ പിന്നേയും ആ ഭുജങ്ങളെ അമർത്തിഞെരിക്കുകയായിരുന്നു. ബേബിയക്കൻ എന്റെ പിടിയിൽനിന്നുപോയി ഒരെഴുത്തുകൊണ്ടുതന്നു. എന്തതിശയം! ഞാൻ ബേബിയക്കന്റെ നാട്ടിൽനിന്നുവന്ന ആ 'സുന്ദരി'ക്കയച്ച എഴുത്താണ്. എന്റെ തല വട്ടംകറങ്ങുന്നതുപോലെ തോന്നി. ബേബിയക്കൻ ശട്ടംകെട്ടിയതനുസരിച്ചു നടന്ന ഒരു കട്ടുത്ത പരിശോധനയായിരുന്നു അതു്. അവളെ ഒരിടിക്കു കൊന്നു കുഴിച്ചിടാനുള്ള ദേഷ്യവും വിഴുങ്ങിയിട്ടു ഞാൻ പറഞ്ഞു:

"ഒരിക്കൽക്കൂടെ അനിയനു മാപ്പുതരൂ, ബേബിയക്കാ. ഇനി ഒരിക്കലും എന്നിൽ നിന്നിങ്ങനെ ഉണ്ടാവുകയില്ല. ഉണ്ടായാൽ എന്നെ ഉപേക്ഷിച്ചോളൂ, എനിക്കു സമ്മതമാണ്."

"അനിയനെ ഉപേക്ഷിക്കാൻ എനിക്കു സമ്മതമാണെങ്കിൽ ഇതൊക്കെ വേണോ? ഇതാ, ഈ കയ്യിലടിച്ചു പറയൂ, ഇനിയും ഇതാവർത്തിക്കുകയില്ലെന്നു്."

ആ ചുവന്ന കൈകളിൽ എന്റെ ഹൃദയത്തിന്റെ സത്യപ്രതിജ്ഞ നടത്തി. രാവിലത്തെ സൂര്യരശ്മിതട്ടിയ താമരപോലെ ബേബിയക്കന്റെ മുഖം വിടർന്നുപ്രകാശിച്ചു. ആ ചുവന്ന ചുണ്ടുകളിൽ ഒരു പുഞ്ചിരി ഊറിവന്നു. നീലക്കണ്ണുകളിൽ അപ്പോഴും നനവുണ്ടായിരുന്നു. ഞാനതു

തുടച്ചുകൊടുത്തപ്പോൾ, ചുണ്ടുകളിൽ ഊറിനിന്ന പുഞ്ചിരി അവിടെയാകെ പടൎന്നൊഴുകിപ്പോയി.

കണ്ണുകളിൽ നനവും, ചുണ്ടുകളിൽ പുഞ്ചിരിയുമായി കണ്ട എൻെറ ബേബിയക്കൻ പിന്നീടൊരിക്കലും എൻെറ മനസ്സിൽനിന്നു മാഞ്ഞിട്ടില്ല. ആ കണ്ണുകൾ നനയരുതെന്നെനിക്കു നിർബ്ബന്ധമുണ്ട്. പിന്നീടൊരിക്കലും അതു നനഞ്ഞിട്ടില്ല. ഇനി ഒരിക്കലും അതു നനയുകയില്ല. ഇന്നു ഞാൻ ബേബിയക്കനുമായി അകന്നു കഴിയുകയാണെങ്കിലും എൻെറ പ്രതിജ്ഞ ശരിക്കും നിറവേറുന്നുണ്ട്. എന്നെ ഒരു മനുഷ്യനാക്കിത്തീർത്ത ദേവത ബേബിയക്കൻ —ബേബിയക്കൻ മാത്രമാണ്. ദുഷിച്ച വഴികൾ മുമ്പിൽ കാണുമ്പോഴെല്ലാം ആ ചിത്രം എൻെറ മനസ്സിൽ കടന്നുവരും. എൻെറ ജീവനും ജീവിതവും ആ സ്നേഹനിധിക്കു കടപ്പെട്ടതാണ്.

മഴയുടെ ശക്തി കുറയുന്നു. അടുത്ത മുറിയിലെ സ്ത്രീ വേദനകൊണ്ടു ഞരങ്ങുകയാണ്. വററിവരണ്ട അവളുടെ ഗ്രന്ഥികളിൽ ചോര പൊടിയുകയായിരിക്കും. പാവം, എന്നിട്ടും അവൾ സഹിക്കുന്നു—പറഞ്ഞ കാശിന്നോ, ഏററ ജോലിക്കോ വേണ്ടി. എത്ര അമർത്തിയിട്ടാണ് ആ നേർത്ത ശബ്ദങ്ങൾമാത്രം കേൾക്കുന്നതു്. മനുഷ്യൻ ഇങ്ങനെ മൃഗമാവുന്ന നിമിഷങ്ങളുണ്ടാവുമല്ലൊ. നേരം വെളുക്കുമ്പോൾ ഞാനെന്തിനൊക്കെ ആണാവോ സാക്ഷിയാവുന്നതു്. ഇറങ്ങി തമ്പിസാറിനെ വിളിച്ചാലെന്തെന്നു തോന്നി. പക്ഷെ, അതിലെന്തെങ്കിലും ശരികേടുവന്നെങ്കിലോ. എല്ലാ പുരുഷന്മാൎക്കും ഓരോ ബേബിയക്കൻ ഉണ്ടായെങ്കിൽ, എ

ന്ന് ഞാനാത്മാർത്ഥമായാഗ്രഹിക്കുന്നു — അങ്ങനെയുണ്ടാവ
ണെ എന്നു പ്രാർത്ഥിക്കുന്നു. ഈ രാത്രിയുടെ മദ്ധ്യയാമത്തിൽ ഈ ലോകത്തെങ്ങും കേൾക്കത്തക്ക ഒച്ചയിൽ എനിക്കു വിളിക്കാൻ തോന്നുന്നു—എൻെറ ബേബിയക്കൻ ജയിക്കട്ടെ, എന്ന്.

ആവൂ, കാല് മേശപ്പുറത്തിരുന്നു മരവിച്ചുപോയി. ഞാനൊന്നുറങ്ങാൻ ശ്രമിക്കട്ടെ. മഴ വീണ്ടും ഇരച്ചുവരുന്നു--- ഉപകാരമായി, ഈ മഴ തോരും മുമ്പ് ഞാനുറങ്ങാതിരിക്കുമോ?

★

# ശബ്ദിക്കുന്ന കണ്ണുകൾ

ഭാൎയ്യ അടുക്കളെയിൽനിന്നു മകനെ ശാസിക്കുന്നതും തല്ലുന്നതും കേട്ടപ്പോൾ ഗോപാലനു വല്ലാത്ത അസുഖം തോന്നി. അതു കേട്ടാൽ ഒരു കുസൃതിച്ചെക്കനെയാണ് അവൾ ശകാരിച്ചു തല്ലുന്നതെന്നല്ല തോന്നുക—അത്രയ്ക്കു പരുഷമാണതു്. പക്ഷെ, അതവളുടെ കുററമാണെന്നു പറഞ്ഞുകൂടാ. ഒരുവിധത്തിലും അടക്കിയിടാൻ വയ്യാത്ത നാലു കുട്ടികളുണ്ടു് അവനിളയതായിട്ടു്. ഒടുവിലത്തെ രണ്ടുകുട്ടികൾക്കും ഒരു വയസ്സു തികഞ്ഞിട്ടില്ല—ഇരട്ടയ്ക്കു പ്രസവിച്ചതാണു്. പാലിനും 'പാപ്പ'ത്തിനും നിർബ്ബന്ധം പിടിക്കുന്ന ഏതെങ്കിലും ഒരു കുട്ടി എപ്പോഴും അവളുടെ കൈകളിലുണ്ടാവും. പട്ടാളത്തിൽപോയി യുദ്ധത്തിൽപെട്ടു് കണ്ണും ജീവിതമാൎഗ്ഗങ്ങളും നഷ്ടപ്പെട്ടുവന്ന ഭൎത്താവിൻേറയും, നാലഞ്ചുകൊല്ലമായി പക്ഷവാതം പിടിപെട്ടു് ഒരേ കിടപ്പിൽ കിടക്കുന്ന അമ്മായിയമ്മയുടേയും ആടുത്തു കൂടക്കൂടെ അവളുടെ കൈ ചെല്ലണം. പിന്നെ ജീവിക്കാനുള്ള വകയ്ക്കു വേണ്ടിയും അവൾവേണം ശ്വാസംമുട്ടിയോടാൻ. ഒക്കെയൊവുമ്പോൾ കുറെ ക്ഷമകേടുവന്നുപോവും, അവളെത്ര നല്ലവളാണെങ്കിൽക്കൂടി.

അയാൾക്കു ഭാൎയ്യയെ കുററപ്പെടുത്താൻ വയ്യ. മകനെ കുററപ്പെടുത്താൻ മനസ്സില്ല—അവൻ ശാസിക്കപ്പെടുന്നതു്

ഒരു ചുണക്കുട്ടനായതുകൊണ്ടാണെന്നാണ് അയാളുടെ പക്ഷം. ആൺകുട്ടികളാവുമ്പോൾ അങ്ങനെയൊക്കെ വേണം. അയാൾ കുട്ടിക്കാലത്ത് എങ്ങനെ വെറിപിടിച്ചവനായിരുന്നെന്നാണു പറഞ്ഞുകേട്ടിട്ടുള്ളത്. വയറുനിറയെ തിന്നുകുടിച്ച് മത്തുപിടിച്ചപോലെ കിടക്കുന്ന കുട്ടികളെ പണ്ടേ അയാൾക്കിഷ്ടമല്ല. ആൺകുട്ടികളാവുമ്പോൾ ആ പ്രായത്തിൽ 'ശീമ'യായിരിക്കണം. ശീമത്തരം ആൺകുട്ടികൾക്ക് ആ പ്രായത്തിൽ വേണ്ടതാണ്—അത് ഓമനിക്കപ്പെടേണ്ടതാണ്. പിന്നെ അയാളാരെ കുററപ്പെടുത്താൻ? അയാൾ ആരേയും കണ്ടില്ല. എങ്കിലും മകനെ അടുത്തു വിളിച്ചു പറഞ്ഞു:

"മോൻ അമ്മയോടുപോയി കുരുത്തക്കേടുണ്ടാക്കല്ലെ, അമ്മതല്ലും. അച്ഛന്റടുത്തിരുന്നു കളിച്ചോണം."

അവനൊന്നും പറയാതെ ആ പൊട്ടിയ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി നിന്നു. താൻ പറയുന്നതു കേൾക്കുമ്പോൾ അവന്റെ മുഖം എങ്ങനെയുണ്ടെന്നറിയാൻ ആ പിതാവിന്റെ കണ്ണുകൾ പിടഞ്ഞു. വയ്യ, കെട്ടടങ്ങിയ കണ്ണുകൾ!

അയാൾ മകനെ അടിമുടി തടവിനോക്കി. അവൻ വളരുകയാണ്—അയാളാശ്വസിച്ചു. തലയിലും മുഖത്തുമൊക്കെ ഉമ്മവച്ചു. ഉണങ്ങിപ്പിടിച്ച, നാട്ടുമാങ്ങാച്ചാറും അവന്റെ വിയർപ്പും ചേർന്നമണം—അയാൾക്കതു മണമായിരുന്നു. എപ്പൊഴും സംസാരിച്ചും സംശയങ്ങൾ ചോദിച്ചും ഒച്ചയുണ്ടാക്കുന്നവൻ മിണ്ടാതെനില്ക്കുന്നു. ഒ, അവനു തല്ലുകിട്ടി എന്ന കാര്യം അയാൾ മറന്നുപോയി. അവൻ ശബ്ദം കേൾപ്പിക്കാതെ കരയുകയായിരിക്കും. കരഞ്ഞുകര

ഞ്ഞു കണ്ണും മുഖവും കലങ്ങിയിരിക്കും. അയാൾ അവ ന്റെ കണ്ണും മുഖവും തുടച്ചുകൊടുത്തു. പിന്നെയും ഉമ്മ വച്ചു. സ്നേഹസമ്പന്നനായ ആ പിതാവിന്റെ കണ്ണുകളിൽ ജലം പൊടിഞ്ഞുവന്നു.

ദുരിതംപിടിച്ച 'ജീവിതം—അയാൾക്ക വലിയ അസ്വ സ്ഥത തോന്നി. മകന്റെ ശരീരത്തുനിന്നും ആ കൈകൾ തളൎന്നുവീണുപോയി. അയാൾ പിറകോട്ടു പിറകോട്ടു ചി ന്തിക്കുകയായിരുന്നു. ഏതു വഴിത്തിരിവിൽവച്ചാണ് തന്റെ ജീവിതം ദുരിതങ്ങളുടെ പാതയിൽ കയറിയതെന്ന യാൾ കണ്ടെത്തുവാൻ ശ്രമിക്കയാണ്. ഭൂതകാലത്തിന്റെ കയങ്ങളിലിറങ്ങി അതൊക്കെ മുങ്ങിയെടുക്കാൻ മുമ്പും അ യാൾ ശ്രമിച്ചിട്ടുണ്ട്. പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. വേദ നിക്കുമ്പോഴൊക്കെ കൂടുതൽ വേദനിക്കാൻ വേണ്ടിത്തന്നെ അങ്ങനെ മുങ്ങിമറിയുന്നതയാൾക്കൊരു സുഖമാണ്.

ജീവിതത്തിൽ ഒരിക്കലും ഗോപാലൻ ഒരു പട്ടാള ക്കാരനാവാനാഗ്രഹിച്ചതല്ല. ജീവിക്കാൻ എന്തെങ്കിലും തൊ ഴിലിനുവേണ്ടി അലഞ്ഞുതിരിഞ്ഞു യാതൊന്നും കിട്ടാതെ ക്ലേശിച്ചപ്പോൾ, ആരുമാരുമറിയാതെ പോയി പട്ടാളത്തിൽ ചേൎന്നതു് എന്തിനോടോ ആരോടോ പകവീട്ടുന്നതുപോലെ യായിരുന്നു.

അയാൾ കറാച്ചിയിലായിരുന്ന ആദ്യത്തെ രണ്ടുകൊ ല്ലം വലിയ ക്ലേശമൊന്നുമുണ്ടായില്ല—എന്നുവച്ചാൽ വീട്ടി നെസംബന്ധിച്ചു വളരെ ക്ലേശിക്കാനൊന്നുമുണ്ടായില്ലെന്നാ ണ്. സഹോദരിയും ഭൎത്താവും വീട്ടിൽത്തന്നെ താമസിക്ക യാണ്. അമ്മയ്ക്കു് അവരുടെ സഹായമുണ്ട്. മാസാമാസങ്ങ

ളിൽ അയാഠം മുടങ്ങാതെ വല്ലതും എത്തിച്ചുകൊടുക്കുകയേ വേണ്ടു. പിന്നെ പ്രേമഭാജനത്തിൻെറ കത്തുകഠം മുറയ്ക്കു കിട്ടുമായിരുന്നു. ഒരു പട്ടാളക്കാരന് നാട്ടിൽനിന്ന് ഇഷ്ട കാമുകിയുടെ പ്രേമലേഖനങ്ങഠം വരിക എത്ര സുഖമാണ്. കൂട്ടുകാരെ അസൂയപിടിപ്പിക്കാൻ അതു മതി. പ്രേമഭാജന മെന്നു പറഞ്ഞാൽ ജീവിതയാത്രക്കിടയിൽ ഒരു വഴിയ്ക്കുവ ച്ചു കണ്ടുമുട്ടിയതല്ല—അയാളുടെ ബാല്യകാലസഖിയായി രുന്നു. ശരീരവും മനസ്സും വളന്നപോലെ ആ സ്നേഹവും മു റ്റിത്തഴച്ചു വളരുകയായിരുന്നു.

അവളറിയാതെ അയാഠം പട്ടാളത്തിൽ ചേൎന്നിട്ട്, ആദ്യമായിട്ടവഠംക്കയച്ച കത്തു വായിച്ച് അവഠം പൊട്ടി ക്കരഞ്ഞുപോയി. ഹൃദയം പൊട്ടിയ ചോരയാണ് കണ്ണി ലൂടെ ഒലിച്ചിറങ്ങിയതു്. അതിനവളുടെ മറുപടി വായി ച്ച അയാളുടെ അവസ്ഥയും തീരെ വ്യത്യസ്തമായിരുന്നില്ല. എത്രയോ നാഴിക അകലെയായിരുന്നെങ്കിലും അവർ തമ്മി പരസ്പരം കാണാമായിരുന്നു.

പട്ടാളത്തിൽ അയാഠം ജീവിച്ചതു് അവഠംക്കുവേണ്ടി യായിരുന്നു. നഷ്ടപ്പെട്ടുന്ന ആരോഗ്യവും ഉന്മേഷവും അ പ്പപ്പോഠം വീണ്ടുകിട്ടുന്നതു് അവളെപ്പററിയുള്ള ഓർമ്മക ളിൽനിന്നാണ്. കൃത്യനിഷ്ഠയും കാര്യശേഷിയും അയാളിൽ തെളിഞ്ഞുകണ്ടപ്പോഠം അയാളുടെ യൂണിഫാറത്തിൽ ഒരു 'വര' അധികം ചേർത്തു—ഒരു സാധാരണ ശിപ്പായിയിൽ നിന്ന് അയാളെ 'ലാസ്നായക്ക്' ആയി ഉയർത്തിയിരിക്ക യാണ്. അങ്ങനെ തുടന്നാൽ പടിപടിയായി ഉയൎന്നുപോ വാമെന്നുതന്നെ അയാഠംക്കാത്മവിശ്വാസം തോന്നി.

പക്ഷെ, പൂനായിലേയ്ക്കു മാററിയതുതൊട്ട് അയാളുടെ ജീവിതത്തിൽ ദുഃഖകാണ്ഡങ്ങൾ തുന്നിച്ചേർക്കുകയായി. 'ലാസ്നായക്കി'ൽനിന്ന് അയാൾ 'നായക്ക്' ആയി ഉയരേണ്ടസമയത്താണ് ആ അത്യാഹിതമുണ്ടായത്. അയാളുടെ ജീവിതസർവ്വസ്വം അയാൾക്കെന്നെന്നേയ്ക്കുമായി നഷ്ടപ്പെടാൻപോകുന്നു. ഉടനെ ചെന്ന് അവളെ വിവാഹം ചെയ്യില്ലെങ്കിൽ, വീട്ടുകാർ ഒരുക്കക്കൂട്ടുന്ന വിവാഹത്തിൽനിന്ന് രക്ഷപ്പെടാനേ കഴിയില്ലെന്ന് അവൾ കണ്ണുനീരോടെ അറിയിച്ചിരിക്കുന്നു.

ഒഴിവുദിവസം ബാരക്കിൽ ഉന്മേഷവാനായിരുന്ന ഗോപാലൻ ഓക്കാപ്പുറത്ത് ഒരടി ഏററതുപോലെ തളന്നു വീണുപോയി. അയാളുടെ ഹൃദയഭിത്തിയിലെ ഇഴകൾ വലിഞ്ഞു വലിഞ്ഞുപൊട്ടി. കരളിലെങ്ങും കാരമുള്ളുകൾ കുത്തിയിറക്കുന്ന വേദന. ഒപ്പം അവളനുഭവിക്കുന്ന വേദനയും അയാൾക്കറിയാം. ഒരു പട്ടാളക്കാരനായിരിക്കെ, വിവാഹം കഴിക്കുകയില്ലെന്നു തീർച്ചചെയ്തിരുന്നതു പോട്ടെ, നാട്ടിൽ ചെന്നു യാതൊന്നും ചെയ്യാൻ അയാളൊട്ടും തയ്യാറിലായിരുന്നില്ല. വീട്ടിലെ ബുദ്ധിമുട്ടുകൾ എഴുതി അറിയിക്കുമ്പോൾ കൈയ്യിലുള്ളതെല്ലാം അയാൾ അയച്ചുകൊടുക്കുകയായിരുന്നു. പിന്നെ നാട്ടിൽ കുറെ കടമുണ്ടായിരുന്നതും ഒരുവിധത്തിൽ കൊടുത്തു തീർത്തു. അയാൾ മറുപടിയൊന്നും എഴുതാൻ ധൈര്യപ്പെടാതെ ഒരു ഭ്രാന്തനെപ്പോലെ ദിവസങ്ങൾ കഴിച്ചതേയുള്ളു.

താമസിയാതെതന്നെ അവളുടെ അടുത്ത കത്തും വന്നു. അയാളുടെ ഹൃദയത്തെ ചോദ്യംചെയ്യുന്ന ആ കത്തു

പൊളിച്ചു വായിച്ചപ്പോൾ, അവൾ മുമ്പിൽനിന്നു തന്റെ ഭുജങ്ങൾ പിടിച്ചമർത്തി 'ഈ പരിതഃസ്ഥിതിയിൽ ഞാനെന്തുചെയ്യണ'മെന്നു ചോദിച്ച് പൊട്ടിക്കരയുകയാണെന്ന യാൾക്കു തോന്നി. പിന്നെ താമസിച്ചില്ല—യാതൊരു വഴിയുമില്ല, തന്നെ മറന്നേയ്ക്കൂ എന്നു മാത്രമെഴുതി കവറിലടച്ചയച്ചപ്പോൾ കണ്ണുമടച്ച് എന്തോ മഹാധൈര്യം കാണിക്കുന്ന ഒരു സാഹസികന്റെ മട്ടിലായിരുന്നു അയാൾ. വേദന സഹിച്ചു ചതഞ്ഞു മുറിഞ്ഞ കരളും, കരഞ്ഞു കലങ്ങിയ മുഖവുമായി അവൾ വിവാഹവേദിയിലേയ്ക്കുപോവുന്നതു് മൈലുകൾക്കപ്പുറമിരുന്ന് ആ കാമുകൻ കണ്ടു. അസഹ്യമായ വേദന ഗോപാലന്റെ ഹൃദയം ഞെക്കിപ്പിഴിയുകയായിരുന്നു അതിൽനിന്നു രക്ഷനേടാൻ അയാൾ തുടർച്ചയായി കുടിക്കാൻ തുടങ്ങി. മുമ്പും അയാൾ വല്ലപ്പൊഴും കുടിക്കുമായിരുന്നു. ഒരു പട്ടാളക്കാരന്ന് തണുപ്പുമാററാൻ കുറച്ചു 'റം' കഴിക്കാതെ വയ്യ. പക്ഷെ, ഇപ്പോൾ അയാൾ മനസ്സു മരവിപ്പിക്കാനും അസുഖകരമായ ചിന്തകളിൽനിന്ന് ഓടിയൊളിക്കാനും മനഃപൂർവ്വം കുടിക്കുകയായിരുന്നു. ഗുരുതരമായ ഉദ്യോഗവീഴ്ചകൾക്ക് അയാൾ പിടിയ്ക്കപ്പെട്ടു. ഒരു 'വര' യുണ്ടായിരുന്നതു പോയി—'ലാസ്നായക്കി'ൽനിന്ന് അയാളെ ഒരു വെറും ശിപ്പായിയായി ഇറക്കി.

വളരെ താമസിയാതെതന്നെ അയാളുടെ ഏകസഹോദരിയുടെ മരണവുമുണ്ടായി. പ്രസവത്തെ തുടൎന്നുണ്ടായ സന്നിപാതത്തിൽനിന്ന് അവർ രക്ഷപ്പെട്ടില്ല. ആ വാർത്ത അന്നയാളുടെ ഹൃദയത്തെ അത്രവളരെ ഉലച്ചെന്നു പറയാനില്ല—അത്രയ്ക്കും അതു മരവിച്ചിരിക്കയായിരുന്നു. അയാൾക്കവധികിട്ടി ചെന്നുചേൎന്നപ്പോൾ ദിവസങ്ങൾ കഴി

ഞ്ഞിരുന്നു. അയാൾ അവളുടെ കുഴിമാടത്തിന്നു പുറവും ന ടന്നു. ആ ഒരേ ഒരു സഹോദരിയെച്ചൊല്ലി അയാളുടെ മര വിച്ച ഹൃദയവും ചോരതുപ്പി. ഭാരമേറിയ ദിവസങ്ങൾ വലി ഞ്ഞുനീങ്ങി. അവധി കഴിഞ്ഞപ്പോൾ അയാൾ മടങ്ങിപ്പോ യി. താൻ പോയാൽ വാൎദ്ധക്യത്തിലേയ്ക്കു കടക്കുന്ന അമ്മ യ്ക്കെന്താണു ഗതിയെന്നോ, ആരാണവൎക്കൊരാശ്വാസത്തി നെന്നോ അയാളാലോചിക്കാൻ നിന്നില്ല. ഒരു പട്ടാളക്കാ രനു ചിന്തിക്കാനുള്ളതൊന്നുമല്ലതു്—ട്രെയിനിങ്ങ് കഴിഞ്ഞ പ്പോൾ ചെയ്ത സത്യവാചകങ്ങൾ അങ്ങിനെയൊന്നുമല്ല.

ഇത്തവണ ഡ്യൂട്ടിയിൽ പ്രവേശിച്ചപ്പോൾ തന്റെ ഹൃദയത്തിന്റെ മൃദുലവശങ്ങളൊക്കെ കെട്ടടങ്ങിപ്പോയെന്ന യാൾക്കു തോന്നി. ലക്ഷ്യവും ഉദ്ദേശവുമില്ലാതെ ഒരു യ ന്ത്രംപോലെ അയാൾ പ്രവൎത്തിച്ചുകൊണ്ടിരുന്നു. ഒരു കൊ ല്ലം പിന്നെയും കഴിഞ്ഞപ്പോൾ അയാളെ കാഷ്മീരിലേയ്ക്കു പോസ്ററുചെയ്തു. അവിടം പ്രകൃതിമനോഹരമാണ്. കാ ലാവസ്ഥയും ഭേദമാണ്. 'റം' കുടിക്കാനുള്ള കൂടുതൽ സൗ കൎയ്യവും, ആപ്പിൾത്തോട്ടത്തിനു നടുവിലുള്ള ബാരക്കും ഒക്കെ ആയപ്പോൾ അയാൾക്കൊരു സുഖം തോന്നി. സെ ക്ഷൻ ഹവീൽദാരോടു ശുപാൎശനടത്തി ആ മലബാർ സ്നേ ഹിതന്മാരുടെ മുറിയിലേയ്ക്കു താമസവും മാറിക്കിട്ടിയ പ്പോൾ അയാൾക്ക് കഷ്ടിച്ചു ജീവിക്കാമെന്നു തോന്നി.

പക്ഷെ, നാട്ടിൽനിന്നു വന്നുകൊണ്ടിരുന്ന കത്തുകൾ അയാളെ വല്ലാതെ വിമ്മിഷ്ടപ്പെടുത്തിക്കൊണ്ടിരുന്നു. അ മ്മയുടെ നില കഷ്ടത്തിലായിരിക്കുന്നു. ശുശ്രൂഷയ്ക്കാളില്ലാ തെ അവർ ഇഞ്ചിഞ്ചായി മരിക്കുന്നു. ബന്ധുക്കളും കൂട്ടുകാ

രും അയാളെ കഠിനമായി കുററപ്പെടുത്തി എഴുതുന്നു. ആ കത്തുകൾ വായിച്ചുതീർക്കാൻ അയാൾക്ക വിഷമമായിരുന്നു. അയാൾക്ക ശേഷിക്കുന്ന ഒരേഒരു ആശയും കടമയും അമ്മയാണ്. നാട്ടിൽ ചെന്ന് ഒരു വിവാഹംകഴിച്ച് അമ്മയ്ക്കു ശുശ്രൂഷിക്കാനൊരാളെ കൊടുക്കണം. ആ കടമയുടെ മുമ്പിൽ മുഖംതിരിക്കാൻ അയാളുടെ മനുഷ്യത്വം സമ്മതിച്ചില്ല.

ഒരു പട്ടാളക്കാരനായിരുന്നു വിവാഹംകഴിക്കുകയില്ലെന്ന തന്റെ ഉറച്ച ശപഥം തെററാൻപോവുന്നു. അത് അമ്മയ്ക്കുവേണ്ടി ചെയ്യുന്ന വലിയ ത്യാഗമായിക്കണ്ടപ്പോൾ അയാൾക്കാശ്വാസം തോന്നി. എങ്ങനേയും അത്തുറപ്പികയുണ്ടാവണം. ഉണ്ടായാലുടനെ ലീവെടുത്തു പോണം. ഇപ്പോൾതന്നെ ന്തുറന്തുററിയമ്പതുറപ്പിക കൈവശമുണ്ട്. അനാവശ്യമായിട്ടയാളിപ്പോൾ പണമൊന്നും കളയില്ല. മരവിച്ചുപോകുന്ന തണുപ്പിൽ കുറേശ്ശെ കുടിച്ചുപോവുന്നത് ഒരു പട്ടാളക്കാരന്റെ അനാവശ്യച്ചിലവല്ലല്ലൊ.

അയാൾ കാശ്മീരിൽ വന്നിട്ടു പത്തുമാസം കഴിയുന്നു. കഴിഞ്ഞ മൂന്നുനാലു മാസമായി ശ്രീനഗറിൽനിന്നു ജമ്മുവിലേയ്ക്കുള്ള റോഡ് മഞ്ഞുമൂടികിടന്നു. ഗതാഗതം അസൗകര്യമായിരുന്നു. മഞ്ഞുകാലം കഴിഞ്ഞതോടെ റോഡ് ഗതാഗതത്തിനു പററിയതായി. ലീവിനു പോകാനുള്ള സന്തോഷമായി പട്ടാളക്കാൎക്കെല്ലാം. പക്ഷെ, യുദ്ധത്തിന്റെ തുടക്കമായിരുന്നു. വിചാരിച്ചപോലെ എല്ലാൎക്കും ലീവ് അനുവദിക്കയുണ്ടായില്ല.

വീട്ടിൽനിന്നു കമ്പികളും കത്തുകളും തുടരെ വന്നപ്പോൾ ഗോപാലൻ എങ്ങനെയും ലീവുനേടിയെടുത്തു. നാ

ല്പത്തെട്ടുദിവസത്തെ അവധി. കയ്യിൽ നാന്തറുറപ്പികയ്ക്കുക മയ്യെള്ളുവെങ്കിലും അയാൾ സമയം പാഴാക്കിയില്ല. നാന്തറോളം ഉറപ്പികയും നാല്പത്തെട്ടു ദിവസവും. നാട്ടിലെത്തി ഒരു പെണ്ണിനെത്തേടി വിവാഹംകഴിച്ചു വീട്ടിലാക്കി അമ്മയെ ആശ്വസിപ്പിച്ചു പോരണം. മധുവിധുവിനെപ്പററിയൊന്നും അയാൾ ചിന്തിച്ചില്ല. അയാളെ സംബന്ധിച്ചിടത്തോളം ഒരു വിവാഹത്തിലും കവിഞ്ഞു് അമ്മയ്ക്കൊരു ജോലിക്കാരിയെ ഉണ്ടാക്കുകയായിരുന്നു.

അയാൾ നാട്ടിലെത്തിയപ്പോഴെയ്ക്കു്, വിവാഹാലോചനയുടെ പ്രാരംഭനടപടികളെല്ലാം ബന്ധുവീട്ടുകാർ എടുത്തിരുന്നു. അയാൾക്കതൊക്കെ സമ്മതവുമായിരുന്നു. പെണ്ണിനെ കണ്ടപ്പോൾ, ആ പാവപ്പെട്ടവളെപ്പററി അയാൾക്കു് സഹതാപമാണു തോന്നിയതു്. അവധിക്കുവന്നതിന്റെ ഇരുപത്തേഴാമത്തെ ദിവസം ആർഭാടരഹിതമായി അയാളുടെ വിവാഹം നടന്നു. പതിനാറു ദിവസം അവളൊരുമിച്ചു താമസിച്ചു. അത്രയും ദിവസംകൊണ്ടു് അവളുമായിട്ടയാൾ ഇഴുകിച്ചേരുകയായിരുന്നു. അയാൾക്കു ജീവിക്കണമെന്നു് പിന്നെയും ആശയും ആവേശവും ഏററിവരുന്നതായിത്തോന്നി. അയാളുമായൊട്ടിച്ചേരാൻ അവളൊരു മിടുമിടുക്കിയായിരുന്നു. വിവാഹപ്പിറേറന്നു രാത്രി, അവൾ അയാളോടൊട്ടിച്ചേർന്നു കിടന്നു് നുണക്കുഴി തെളിയെ ചിരിച്ചുകൊണ്ടു പറഞ്ഞു:

"പട്ടാളക്കാരനെന്നു കേട്ടപ്പോ എനിക്കിഷ്ടമായിരുന്നില്ല; ആദ്യം പേടിതോന്നിപ്പോയി."

"പിന്നീടോ?" അതെങ്ങനെ മാറി എന്നയാൾക്കറിയണമായിരുന്നു.

"കഴിട്ടപ്പോ........" അത്രയും പറഞ്ഞ് ലജ്ജകൊണ്ടു നിർത്തി. കണ്ടപ്പോൾ അയാളെയല്ലാതെ മററാരേയും വേണ്ടെന്നു തോന്നിപ്പോയെന്നും അതിനപ്പുറവും പറയാനുണ്ടെന്നറിയിക്കത്തക്കവണ്ണം ആ വാക്കിനു നന്നേ ഭാരമായിരുന്നു. അതിനു സമ്മാനമായി അയാൾക്കു കഴിയുന്നതിലേയ്ക്കും ഭാരമേറിയ ഒരു ചുംബനംതന്നെ ആ ചുണ്ടുകളിൽ വച്ചുകൊടുത്തു. അങ്ങനെയങ്ങനെ ദിവസവും അവൾ അയാളോടൊട്ടിച്ചേരുകയായിരുന്നു. പതിനാറു ദിവസംകൊണ്ട് അവർ പരസ്പരം അലിഞ്ഞുചേർന്ന് ഒന്നാവുമ്പോഴാണ് അയാൾക്കവധിതീരുന്നത്.

തലേന്നു രാത്രി കരഞ്ഞും ഉറക്കമൊഴിഞ്ഞും കനംതൂങ്ങിയ കൺപോളകളും വീർത്ത മുഖവുമായി അവൾ അയാളെ ചുററിപ്പററിനിന്നു, യാത്ര അയയ്ക്കാൻ. കണ്ണുനീർച്ചാലുകൾ കവിളിൽ തെളിഞ്ഞുകിടന്നു. അതിലൂടെ പുതിയ കണ്ണുനീർ തുടച്ചയായൊഴുകി. അമ്മയുടെ കാര്യം പറഞ്ഞേൽപ്പിച്ചിട്ട് അയാളിറങ്ങിനടന്നപ്പോൾ അവൾ വിമ്മിക്കരഞ്ഞുപോയി. അതുകണ്ട് അയാളുടെ പൗരുഷം തോററുപോയെങ്കിലും, അവളെ അറിയിക്കാതെ കണ്ണും മുഖവും പൊത്തി ഒററമൂച്ചിനിറങ്ങി നടക്കുകയായിരുന്നു. അയാൾ കുറേദൂരം വന്നു തിരിഞ്ഞുനോക്കിയപ്പോഴും അയാളെ കാണത്തക്കവണ്ണം അവൾ നടന്നുവന്നു നില്ക്കുന്നു. ഇനി എന്നാണ് കാണാൻ കഴിയുക എന്ന് നിശ്ചയമില്ല. യുദ്ധം തുടങ്ങിയിരിക്കയാണെന്നു കേട്ടതു് അവളെ കൂടുതൽ വേദനപ്പെടുത്തുന്നുണ്ട്. അയാൾ പിന്നെ തിരിഞ്ഞുനോക്കിയില്ല.

പിന്നെ, അവളെ അയാൾ കണ്ടിട്ടില്ല.

യുദ്ധം നടക്കുകയാണ്. എപ്പൊഴും എന്തിനും തയ്യാറാണ് പട്ടാളക്കാരെല്ലാം. പ്രിയപ്പെട്ടവളുടെ വേർപാട് ഗോപാലനെ കൂടക്കൂടെ അസുഖപ്പെടുത്തി. പക്ഷെ, ഒരു പട്ടാളക്കാരനെന്ന ബോധം ഒരിക്കലും അയാളെ വിട്ടുമാറുകയുണ്ടായില്ല.

ട്രെയിനിങ്ങ് കഴിയുമ്പോൾ 'കേണൽസാബ്ബി'ൻേറയും മററു തലവന്മാരുടേയും മുമ്പിൽ ചെയ്യുന്ന സത്യവാചകങ്ങൾ ഒരു പട്ടാളക്കാരൻേറയുള്ളിൽ എപ്പൊഴും അലച്ചുകൊണ്ടിരിക്കും; വിശേഷിച്ചും യുദ്ധരംഗത്തു ബോംബു വർഷിക്കുമ്പോൾ, മനുഷ്യരും മററു സൗന്ദര്യസമ്പത്തുക്കളും വെന്തെരിയുമ്പോൾ, ഒരു പട്ടാളക്കാരൻ പട്ടാളക്കാരൻതന്നെയായിരിക്കും. ഗോപാലൻ പട്ടാളക്കാരൻതന്നെയായിരുന്നു. മനുഷ്യത്വം അടിച്ചൊതുക്കിവയ്ക്കാൻ അയാൾക്കു കഠിനമായി യത്നിക്കേണ്ടിവന്നു.

യുദ്ധരംഗത്തുനിന്നുതന്നെ അയാൾ ഭാര്യയുടെ വിശേഷങ്ങളറിഞ്ഞു. അവൾ പിന്നെ 'കുളി'ച്ചില്ല—ഓക്കാനമുണ്ട്, ആഹാരം വേണ്ട, കാണാൻ കണ്ണുകൊതിക്കുന്നു, അമ്മയ്ക്കു സുഖമാണ്. അങ്ങനെ അവളുടെ കത്തുകൾ മുറയ്ക്കു വരുന്നു. ലജ്ജയും അഭിമാനവും ആവരണമിട്ടുകൊണ്ട് ഗർഭമുണ്ടെന്ന കാര്യം ഭർത്താവിനെ ആദ്യമായറിയിക്കുന്ന ഒരു ഭാര്യയുടെ അതേ സ്വഭാവത്തിൽത്തന്നെ കത്തിലൂടെ അവളതവതരിപ്പിച്ചിരിക്കുന്നു. ഒരു ഭാര്യയുടെ നാണം കുണുങ്ങിയ കൊഞ്ചലിൽ നിന്നതു കേൾക്കുമ്പോഴും, അതു തങ്ങളുടെ ചുണയാണെന്ന് ഓരോരുത്തരും പരസ്പരം അവകാശപ്പെട്ടപ്പൊഴും ഉറക്കെ സജീവമായിരിക്കും. അതൊക്കെ സ്വ

സ്നംകാണാനല്ലാതെ അനുഭവിക്കാൻ അയാൾക്ക കഴിയുന്നി ല്ല. അവളെ കാണാൻ അയാളുടെ കണ്ണിനും കൊതിയുണ്ട്. ഗർഭിണിയായിരിക്കുമ്പോൾ ഒരു ഭാര്യയെ കാണാൻ എങ്ങ നെ ചന്തമായിരിക്കും. കുസൃതിച്ചെറുക്കൻ വയററിൽകിട ന്നു കുണ്ടാമണ്ടി കാണിക്കുന്നു എന്നു പറഞ്ഞു് അവളെ കളി യാക്കാനെന്തു രസമായിരിക്കും. അയാൾക്കതൊശിച്ചുകൂട. അവധികിട്ടാറായില്ല—ആയാൽത്തന്നെ യുദ്ധം പൊടിപൊ ടിക്കുന്നു, അവധിയെപ്പററി മിണ്ടിക്കൂട.

പിന്നെപ്പിന്നെ അയാൾക്ക കത്തുകളൊന്നും കിട്ടി യില്ല—കത്തുകൾക്ക പോകുവരവില്ല. ഭാര്യയ്ക്കു സുഖമില്ലാ തായതും, ആശുപത്രിയിൽവെച്ചു പ്രസവിച്ചതും, കുട്ടി അ റ്റപ്പഴേ മരിച്ചുപോയതും ഒന്നും അയാൾക്കപ്പോൾ അറിയാൻ സാധിച്ചില്ല. അയാളും കൂട്ടരും ആ സമയത്തു ബർമ്മയി ലായിരുന്നു. ബെർമ്മ യുദ്ധംകൊണ്ടു കലങ്ങിയിരിക്കയാണ്. നാശങ്ങൾ കണ്ടു് അയാളുടെ മനസ്സു മരവിച്ചുപോയി. അ മേരിക്കൻവിമാനം ബോംബു ചെയ്തപ്പോഴുണ്ടായ നാശം എത്ര ഭയങ്കരമായിരുന്നു. അയാൾ കഷ്ടിച്ചു രക്ഷപ്പെട്ടുക യായിരുന്നു— ഇടുങ്ങിയ രക്ഷപ്പെടൽ. അയാളും കൂട്ടരും നാശമുണ്ടാക്കുന്നു. ഫലമോ? അവരുടെ സ്വയം നാശവും!

മനുഷ്യൻ കാലാകാലമായി നേടിയ, മനുഷ്യക്കുപ യോഗമുള്ള സുന്ദരവസ്തുക്കൾ വെന്തൊടുങ്ങുന്ന കണക്കും വി ധവും എങ്ങനെ പറയാൻ. മകനും, സഹോദരനും, ഭർത്താ വും, അച്ഛനും, കാമുകനും എല്ലാം ആ ശവംതീനി കഴുക ന്മാരുടെ മുമ്പിൽ ആയിരക്കണക്കിനു് ഇരയാകാതെ രക്ഷ യില്ല. മനുഷ്യർ കുന്നുകുന്നായി ചത്തുവീഴുന്നു. അംഗഭംഗ മുണ്ടായി മൃതപ്രായരാവുന്നവരെല്ലാം എപ്പൊഴെങ്കിലും എ ങ്ങനെയെങ്കിലും ആശുപത്രിയിലാവുന്നു. പലരും മരിക്കു

ന്നു, ചിലരുടെ ജീവൻമാത്രം കഷ്ടിച്ചു രക്ഷപ്പെടുന്നു. മുൻനിരയിൽ നില്ക്കുന്നവർ തകൎന്നുവീണാലും, മൃതപ്രായരായി വീണാലും പിറകിൽനില്ക്കുന്ന സാധാരണ പട്ടാളക്കാൎക്കു ശ്രദ്ധിക്കാൻ നിയമമില്ല. വീണവരെ ചവിട്ടിക്കടന്നുതന്നെ എതിർനിര തകൎത്തുകയറാനാണ് അവർ ശ്രദ്ധിക്കേണ്ടതു്. തീ തുപ്പുന്ന വിഷബോംബുകൾ ചീറിപ്പാഞ്ഞപ്പോൾ, നിമിഷംപ്രതി ലോകത്തിൻെറ ഭാഗങ്ങൾ വെന്തെരിഞ്ഞു.

തൻെറ മുഖത്തുവീണതു കൈബോംബാണോ, പൊട്ടിത്തെറിച്ച ഷെല്ലുകളാണോ എന്താണെന്ന് ഗോപാലനിപ്പോഴും നിശ്ചയമില്ല. എത്രയോ ദിവസം കഴിഞ്ഞു ബോധം വീണപ്പോൾ, അയാളുടെ മുഖം മുഴുവൻ മൂടിപ്പൊതിഞ്ഞു കെട്ടിയിരിക്കുന്നു. കണ്ണും, മൂക്കും, മുഖവുമെല്ലാം ഉടഞ്ഞുതകൎന്നുപോയി. കെട്ടഴിച്ചപ്പോൾ അയാളുടെ കണ്ണുകൾ എന്നെന്നേയ്ക്കുമായി കെട്ടടങ്ങിയിരിക്കുന്നു. മൂക്കും മുഖവുമാകെ കുഴിയും വിടവും വീണു വികൃതമായിരിക്കുന്നു. മരിക്കാതിരുന്നതിൽമാത്രം അയാൾക്കു പൊട്ടിക്കരയാൻ തോന്നി. കെട്ടടങ്ങിയ കണ്ണുകളും കെട്ടടങ്ങുന്ന ജീവിതവും! അയാൾക്കു ചുറ്റും മുറിഞ്ഞും ചതഞ്ഞും കിടക്കുന്ന മനുഷ്യലക്ഷങ്ങളുടെ വേദനയും ഞരക്കവും കേൾക്കാം. സത്യവാചകം കൊണ്ടു വരിഞ്ഞിറുക്കി കെട്ടിയിരുന്ന ആ പട്ടാളക്കാരൻെറ മനുഷ്യത്വം നോവും വേദനയും തിന്നുന്നു. നിമിഷം കഴിയുമ്പോൾ അയാൾക്കറിയാം, മനുഷ്യരേയും മനുഷ്യൻ കാലാകാലമായുണ്ടാക്കിയ പ്രയത്നഫലങ്ങളേയും യുദ്ധം തിന്നുതീൎക്കുകയാണെന്ന്; അതും മനുഷ്യൻെറ ശാസ്ത്രശക്തിയും വളൎച്ചയുംകൊണ്ടുതന്നെ തിന്നുതീൎക്കുകയാണെന്ന്. കഴുകന്മാരെ കൊന്നൊടുക്കാൻ കഴിയാത്ത ശാസ്ത്രപുരോഗതി—ആ വളൎച്ച—അയാൾക്കു പേ‌ാരെന്നുതോന്നി.

ഗോപാലൻ വീടിനെപ്പററി ഓർത്തുപോയി. അഞ്ചു കൊല്ലത്തിലധികമായിരിക്കുന്നു അയാഠം നാട്ടിൽപോയിട്ടു. തന്നെ കാണാഞ്ഞു് നിമിഷങ്ങഠം എണ്ണിയെണ്ണി കഴിയുകയായിരിക്കും ഭാൎയ്യയും അമ്മയും. ഭാൎയ്യ പ്രസവിച്ച കുട്ടി എന്തായിരിക്കും? അതു് അച്ഛനെ അന്വേഷിക്കുമ്പോഠം അവളെന്തു പറയും? അവളുടെ ഇടനെഞ്ഞു പൊട്ടി, കണ്ണുകഠം നിറഞ്ഞൊഴുകിപ്പോവുമായിരിക്കും. തൻെറ പ്രതിരൂപം എങ്ങനെ ഇരിക്കുമെന്നു കണ്ടറിയാൻ കഴിയില്ലല്ലോ. ഈ രീതിയിൽ താൻ ചെന്നുകയറുമ്പോഠം എന്തായിരിക്കും അവസ്ഥ—അങ്ങോട്ടു ചിന്തിച്ചയാഠം തളൎന്നുപോയി. കരളിനു വല്ലാത്ത കഴപ്പും വേദനയും.

പട്ടാളത്തിനുപയോഗശൂന്യമായപ്പോഠം അയാഠം പിരിച്ചുവിടപ്പെട്ടു. 'എസ്കോർട്ടു'സഹിതം അയാളെ തിരിച്ചെത്തിച്ചതു് മാസങ്ങഠം കഴിഞ്ഞായിരുന്നു. വീട്ടിൽ വന്നപ്പോഴുള്ള അങ്കലാപ്പുകളൊന്നും അയാഠംക്കോൎക്കാൻ വയ്യ. പ്രിയപ്പെട്ടവഠം തൻെറ കഴുത്തിൽ കെട്ടിവീണു് എങ്ങലടിച്ചുകരഞ്ഞപ്പോഠം, കൈകഠം മുറുക്കിപ്പിടിച്ചും കരഠം പിച്ചിപ്പിന്നിയുമാണു് അയാഠം വികാരം അടക്കിയതു്. പാവപ്പെട്ടവഠം, കരയാൻവേണ്ടിമാത്രം ജനിച്ചവഠം!

പതിമൂന്നു നീണ്ട വർഷങ്ങഠം താൻ പിന്നിട്ടിരിക്കുന്നു—വെളിച്ചംകാണാത്ത നീണ്ട പതിമൂന്നു വർഷങ്ങഠം! ദുരിതങ്ങഠംമാത്രം ഇഴകിപ്പിടിച്ച ജീവിതം! ലോകത്തിലേയ്ക്കുവച്ചു കൂടുതൽ ക്ലേശവും ത്യാഗവും സഹിക്കുന്ന ഭാൎയ്യ. അവളെപ്പററി ഓൎക്കുമ്പോഠം അയാഠംക്കു കരയാതിരിക്കാൻ വയ്യ.

മകൻ മിടുക്കനായി വളരുന്നു. വളരട്ടെ. അയാഠം ഏതുനിമിഷവും മരിക്കാനാഗ്രഹിക്കുന്നു. ഒരു പിതാവി

ൻെറ അന്ത്യശാസനത്തിൻെറ ഗൗരവം മനസ്സിലാക്കാൻ മകൻ പ്രാപ്തനായിട്ടു മരിച്ചെങ്കിൽ!—ഒരിക്കലും ഒരു പട്ടാളക്കാരനാവരുതെന്ന് അവനോട് കശനമായിട്ടയാൾക്കു പറയാനുണ്ട്.

ഹൊ, പിന്നെയും അടുക്കളെയിൽ ഭ്രാന്തുപിടിപ്പിക്കുന്ന ശബ്ദം. ഇളയകുഞ്ഞിനെ നോവിച്ചതിന് ഭാര്യ മകനെ തല്ലുന്നു. ഒരു കുട്ടി വിശന്നുകരയുന്നു. ഒന്നിനെ അവൾ പാട്ടുപാടി ഉറക്കുന്നു. ശാസിക്കയും, ആശ്വസിപ്പിക്കയും പാടി ഉറക്കുകയും അവൾ ഒരു നിമിഷം ചെയ്യുന്നു. ഏതു നിമിഷവും യാത്ര പറയാൻ കിടക്കുന്ന അമ്മയുടെ ചുമയും അയാൾക്കു ശബ്ദമാണ്—ഭ്രാന്തുപിടിപ്പിക്കുന്ന ബഹളം! ഭാര്യയോടയാൾക്കു ദേഷ്യമേ ഇല്ല. അവളെത്ര ക്ഷമയും സ്നേഹവുമുള്ളവളാണ്. ഇതിനിടയിലും തന്നെ ശുശ്രൂഷിക്കാൻ അവളൊരിക്കലും വീഴ്ചവരുത്തുന്നില്ലല്ലോ.

അയാൾ മകനെ അടുത്തുവിളിച്ച് തടവിയും ഉമ്മവച്ചും ആശ്വസിച്ചു. അച്ഛൻറടുത്തുവന്നാൽ അവൻ ആ പൊട്ടിയ കണ്ണുകളിൽത്തന്നെ ദൃഷ്ടിയുറപ്പിച്ചുനോക്കും. സൂക്ഷിച്ചുനോക്കുന്നവർക്കെല്ലാം ആ കണ്ണുകൾക്കു ജീവനുണ്ടെന്നു തോന്നും—യുദ്ധത്തിനെതിരായി ആ കണ്ണുകൾ ശബ്ദിക്കുന്നതായിത്തോന്നും. അയാൾ മകനെ നെഞ്ഞോടുചേർത്തുവച്ച് പിന്നെയും പിന്നെയും ഉമ്മവച്ചു. നാട്ടുമാങ്ങാച്ചാറും അവൻെറ വിയർപ്പുംചേർന്ന ഒരുതരം മണമുള്ള വായു അയാൾ ദീർഘമായി വലിച്ചുകയററിയിട്ട് സാവധാനത്തിൽ പുറത്തേയ്ക്കു തള്ളിയിറക്കി.

★

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. MF9 Acc. No. 9605

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MF9·

SRE - S

9605

ശ്രീരഞ്ജനൻ കിളിമാനൂർ

ശബ്ദിക്കുന്ന കണ്ണുകൾ